# ലോഗോസ് ക്വിസ് 2016

## ലഘുപഠനം

**സംഖ്യ 11–21**

**സുഭാഷിതങ്ങൾ 10–20**

**യോഹന്നാന്റെ സുവിശേഷം 13–21**


തയ്യാറാക്കിയത്:

**റവ. ഡോ. തെരേസ നടുപ്പടവിൽ SABS**

# ലോഗോസ് ക്വിസ് 2016 - ലഘുപഠനം

ഈ വർഷത്തെ ലോഗോസ് ക്വിസിനുള്ള നാലു ഭാഗങ്ങളിൽ മൂന്നും കഴിഞ്ഞവർഷം പഠിച്ച പുസ്തകങ്ങളുടെ തുടർച്ചയാണ്. അതായത് സംഖ്യയുടെ പതിനൊന്നുമുതലുള്ള പതിനൊന്ന് അധ്യായങ്ങളും (അധ്യാ 11-21) സുഭാഷിതങ്ങളുടെ പത്തുമുതലുള്ള പതിനൊന്നധ്യായങ്ങളും (അധ്യാ 10-20) യോഹന്നാന്റെ സുവിശേഷത്തിന്റെ പതിമൂന്നുമുതലുള്ള ഒമ്പത് അധ്യായങ്ങളും (അധ്യാ 13-21). നാലാമത്തെ പഠനഭാഗം വെളിപാടു ഗ്രന്ഥത്തിൽ നിന്നായതുകൊണ്ട് (അധ്യാ 1-3) അതു മാത്രമേ പുതുതായി പരിചയപ്പെടേണ്ടതുള്ളൂ. ഇക്കാരണത്താൽ സംഖ്യ, സുഭാഷിതങ്ങൾ, യോഹന്നാന്റെ സുവിശേഷം എന്നിവയുടെ 2015-ലെ ലഘുപഠനം ഒന്നുകൂടി വായിക്കുന്നത് ഉപകാരപ്പെടും എന്നോർമിക്കുമല്ലോ. അത്യാവശ്യമായ ചില കാര്യങ്ങൾ ഈ ലഘുപഠനത്തിൽ ആവർത്തിക്കാമെന്നും കരുതുന്നു.

# സംഖ്യയുടെ പുസ്തകം

## 11-21 അധ്യായങ്ങൾ

സംഖ്യാഗ്രന്ഥത്തിന്റെ ഘടന കഴിഞ്ഞവർഷത്തെ ലഘുപഠനത്തിൽ കൊടുത്തിരിക്കുന്നതിപ്രകാരമാണ്.

അധ്യാ. 1-10 - ഇസ്രായേൽ സീനായ് മരുഭൂമിയിൽ, യാത്രയ്ക്കുള്ള ഒരുക്കത്തിൽ
അധ്യാ. 11-21 - സീനായിൽനിന്നു മൊവാബുസമതലം വരെയുള്ള യാത്ര
അധ്യാ. 22-36 - മൊവാബുസമതലത്തിൽ പാളയമടിച്ചശേഷമുള്ള സംഭവങ്ങൾ

ഇവയിൽ രണ്ടാമത്തെ യൂണിറ്റാണ് ഇത്തവണ ക്വിസിന് ഒരുങ്ങേണ്ടത്. 11-21 അധ്യായങ്ങളുൾക്കൊള്ളുന്ന ഈ യൂണിറ്റിൽ വിവരിക്കുന്നത് സീനായിൽനിന്നു മൊവാബുസമതലം വരെയുള്ള ഇസ്രായേൽജനത്തിന്റെ യാത്രയെക്കുറിച്ചാണ്. ഈ ഭാഗത്തിന്റെ വിശദീകരണം താഴെക്കൊടുക്കുന്നു.

### 1. സംഖ്യ 11-21 അധ്യായങ്ങൾ

ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ട് സീനായ് മരുഭൂമിയിലെത്തുന്നതും അവിടെവച്ച് ദൈവം അവരുമായി ഉടമ്പടി ചെയ്ത് നിയമങ്ങൾ നല്കുന്നതുമായ കാര്യങ്ങളാണ് പുറപ്പാട്, ലേവ്യർ ഗ്രന്ഥങ്ങളിൽ കാണുന്നത്. സംഖ്യയുടെ ആദ്യഭാഗത്ത് (കഴിഞ്ഞപ്രാവശ്യം പഠിച്ച ഭാഗം) അവർ സീനായിൽ നിന്നു പുറപ്പെടുന്നതിനൊരുങ്ങുന്നതാണ് കാണുക. അതായത് ഒരു ജനതയെന്ന നിലയിൽ അവരുടെ സൈനികശക്തിയെക്കുറിച്ചും ദൈവജനമെന്ന നിലയിൽ ദൈവശുശ്രൂഷയെക്കുറിച്ചും ആദ്യജാതരുടെ സമർപ്പണത്തെക്കുറിച്ചും അവർ ബോധ്യമുള്ളവരായിത്തീരത്തക്കവണ്ണം മോശ അവരെ ക്രമപ്പെടുത്തിയ ശേഷമാണ് സീനായിൽ നിന്നു വാഗ്ദാനദേശത്തേയ്ക്കു മോശ അവരെ നയിക്കുന്നത്. പത്താമധ്യായത്തിൽ ഇപ്രകാരം വായിക്കുന്നു: "...ഇസ്രായേൽജനം ഗണങ്ങളായി സീനായ് മരുഭൂമിയിൽനിന്നു പുറപ്പെട്ടു" (വാ. 11-12). ഇരുപത്തിരണ്ടാമധ്യായം ആദ്യവാക്യം ഇപ്രകാരമാണ്: "ഇസ്രായേൽ യാത്ര തുടർന്നു മൊവാബു സമതലത്തിൽ ജോർദാനക്കരെ ജെറീക്കോയുടെ എതിർവശത്തു പാളയമടിച്ചു". അങ്ങനെ പതിനൊന്നുമുതൽ ഇരുപത്തൊന്നാമധ്യായം വരെയുള്ള ഈ ഭാഗത്ത് സീനായ് മുതൽ മൊവാബുസമതലം വരെയുള്ള അവരുടെ യാത്രയിലുണ്ടാകുന്ന സംഭവങ്ങളാണു കാണുക. 11-21 വരെ അധ്യായങ്ങളെ ഉപവിഭാഗങ്ങളായി തിരിക്കാം

അധ്യാ. 11-15 - ജനത്തിന്റെ മുറുമുറുപ്പും ശിക്ഷകളും കാഴ്ചയർപ്പണനിയമങ്ങളും
അധ്യാ 16-19 - അധികാരത്തിനെതിരെയുള്ള മത്സരം, ശിക്ഷ, പൗരോഹിത്യ നിയമങ്ങളും
അധ്യാ 20-21 - ജനത്തിന്റെയും മറ്റു ജനതകളുടെയും എതിർപ്പും ശിക്ഷയും

മൂന്നു ഭാഗങ്ങളും ഘടനാപരമായി സമാനതകളുള്ളതാണ്. ഓരോ ഭാഗവും ജനത്തിന്റെ എതിർപ്പിന്റെ വിവരണത്തോടെ ആരംഭിക്കുന്നു (11:1; 16:1; 20:2-3). അവരുടെ മുറുമുറുപ്പിനു കാരണമായ ആവശ്യങ്ങൾ ദൈവം നിവൃത്തിയാക്കുന്നു. തുടർന്നു ശിക്ഷയും അതേത്തുടർന്നു രക്ഷയും രക്ഷയ്ക്കുള്ള നിയമങ്ങളും നല്കുന്നു. മൂന്നാമത്തെ ഭാഗത്തു ജനങ്ങളിൽനിന്നുള്ള എതിർപ്പിനെക്കാൾ മറ്റു ജനതകളിൽനിന്നു നേരിടേണ്ടിവരുന്ന എതിർപ്പുകളാണ് വിവരിക്കുക. മറ്റു രണ്ടു വിഭാഗങ്ങളുടെയും അവസാനത്തിൽ ഉള്ള

നിയമവിശദീകരണം ഈ ഭാഗത്തില്ല എന്നുള്ളതും പ്രത്യേകതയാണ്.

മൂന്നു തരത്തിലുള്ള പ്രതിസന്ധികളാണ് ഇവയെന്നു പറയാം: ആഹാരപാനീയങ്ങൾ ലഭിക്കായ്ക, അധികാരാവകാശങ്ങൾക്കുവേണ്ടിയുള്ള മത്സരം, മറ്റു ജനതകളിൽനിന്നു നേരിടേണ്ടിവരുന്ന എതിർപ്പുകൾ. ഈ പ്രതിസന്ധികളിൽ ജനം മോശയ്ക്കെതിരെ അല്ലെങ്കിൽ മോശയ്ക്കും അഹറോനുമെതിരെ പിറുപിറുക്കുന്നു. ദൈവപരിപാലനയിലുള്ള വിശ്വാസമില്ലായ്മ ആണ് ജനത്തിന്റെ പരാതികൾക്ക് അടിസ്ഥാനകാരണമെന്നു ഈ സംഭവങ്ങളിൽനിന്നെല്ലാം മനസ്സിലാക്കാം. അതുകൊണ്ട് അവ ദൈവത്തിനെതിരായ തെറ്റാവുകയും ജനം ദൈവത്തിൽനിന്നുള്ള ശിക്ഷയ്ക്കു പാത്രീഭവിക്കുകയും ചെയ്യുന്നു. ഒരു നേതാവെന്ന നിലയിൽ ജനത്തെ അവരുടെ എല്ലാ പ്രത്യേകതകളോടും കൂടെ മനസ്സിലാക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന മോശ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനെന്ന നിലയിൽ ദൈവത്തോടു ഹൃദയൈക്യത്തോടെ പരാതിപ്പെടുകയും മാധ്യസ്ഥ്യം വഹിക്കുകയും ഒപ്പം ദൈവത്തിന്റെ തീരുമാനങ്ങളെപ്പോലും സ്വാധീനിക്കുകയും ചെയ്യുന്നു എന്നത് അദ്ദേഹത്തിന്റെ വിസ്മയനീയമായ വ്യക്തിമാഹാത്മ്യത്തെ വെളിവാക്കുന്നുണ്ട്.

**2. ജനത്തിന്റെ മുറുമുറുപ്പും ശിക്ഷകളും കാഴ്ചയർപ്പണനിയമങ്ങളും (അധ്യാ. 11-15)**

സീനായ് മരുഭൂമിയിൽനിന്നു കാനാനിലേക്കു പുറപ്പെട്ട ഇസ്രായേൽ ജനത്തിന്റെ അടുത്ത ലക്ഷ്യം ജോർദാനിക്കരെ മൊവാബുസമതലത്തിലേക്കായിരുന്നു. അതിനിടയിൽ മൂന്നുദിവസത്തെ യാത്ര ചെയ്ത ശേഷം എത്തിയ സ്ഥലത്തുവച്ച് ഭക്ഷണത്തെപ്രതി കർത്താവിനെ പ്രകോപിപ്പിച്ചപ്പോൾ കർത്താവിന്റെ കോപാഗ്നി പടർന്നുകത്തിയതുകൊണ്ട് അതിനു (10:33) തബേരാ എന്നു പേരിട്ടതായി കാണുന്നു (11:3). അവർ അവിടെയായിരിക്കുമ്പോൾത്തന്നെയാണ് കർത്താവു കാടപ്പക്ഷിയെ സമൃദ്ധമായി നല്കുന്നതും. മാംസം ഭക്ഷിച്ചുകൊണ്ടിരിക്കെത്തന്നെ കർത്താവയച്ച മഹാമാരിയിൽ മരിച്ച അനേകരെ സംസ്ക്കരിച്ചതിനാൽ ആ സ്ഥലത്തിനു കിബ്രോത്ത് ഹത്താവ എന്ന പേരു ലഭിച്ചെന്നും 11:34-ൽ പറയുന്നുണ്ട്. രണ്ടും ഒരേ സ്ഥലമാണോ എന്നതു തീർച്ചയില്ല. പിന്നീട് അവർ ഹസറോത്തിൽ ചെന്നു താമസിച്ചു (11:35). 12-ാമധ്യായത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ സംഭവിക്കുന്നത് അവർ ഹസറോത്തിൽ ആയിരിക്കുമ്പോഴും 13-19 അധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ സംഭവിക്കുന്നത് അവർ അവിടെനിന്നു പുറപ്പെട്ട് പാരാൻ മരുഭൂമിയിൽ ആയിരിക്കുമ്പോഴുമാണ്.

11-15 അധ്യായങ്ങളിൽ പ്രധാനമായും മൂന്നു സംഭവങ്ങളാണ് വിവരിച്ചിരിക്കുന്നത്. ആദ്യത്തേത് മാംസഭക്ഷണത്തിനുവേണ്ടിയുള്ള ജനത്തിന്റെ അത്യാഗ്രഹവും പിറുപിറുപ്പും അതിന്റെ ശിക്ഷയും (അധ്യാ 11) രണ്ടാമത്തേത് മോശയുടെ സ്ഥാനത്തിനെതിരായി അദ്ദേഹത്തിന്റെ സഹോദരരായ അഹറോനും മിറിയാമിനുമുണ്ടായ അസൂയയും അതിനുള്ള ശിക്ഷയും (അധ്യാ 12) മൂന്നാമത്തേത്, കാനാൻദേശം ഒറ്റുനോക്കാൻ മോശ അയച്ചവർ മോശയ്ക്കും അദ്ദേഹത്തോടൊത്തുനിന്നവർക്കും എതിരെ തിരിയുന്നതും അവർക്കുള്ള ദൈവശിക്ഷയുമാണ് (അധ്യാ 13-14). തുടർന്ന് കാഴ്ചയർപ്പണത്തെക്കുറിച്ചുള്ള നിയമങ്ങൾ കാണുന്നു (അധ്യാ 15). യാഹ്വിസ്റ്റ്-എലോഹിസ്റ്റ്, പുരോഹിതപാരമ്പര്യങ്ങൾ ഈ ഭാഗത്ത് ഇടകലർത്തിയിട്ടുള്ളതിനാൽ ആവർത്തനങ്ങളുണ്ട് എന്ന കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്.

മൊവാബിലേക്കുള്ള യാത്രയിൽ അവർക്കു നേരത്തെമുതൽ (ഉദാ. പുറ 16:1-3) ലഭിച്ചിരുന്ന മന്നാ കിട്ടിയിരുന്നെങ്കിലും രുചികരമായ ഭക്ഷണത്തിനുവേണ്ടി പ്രത്യേകിച്ചും, മാംസഭക്ഷണത്തിനുവേണ്ടി ഇസ്രായേൽ പിറുപിറുക്കുകയും ആവലാതിപ്പെടുകയും ചെയ്തു. പതിനൊന്നാം അധ്യായത്തിൽ 1-3 വാക്യങ്ങളിലും 10-ാം വാക്യത്തിലും പറയുന്നത് 4-6 വാക്യങ്ങളുമായി കൂട്ടിച്ചേർത്തു വായിക്കുമ്പോൾ അവ ഒരേ സംഭവത്തെക്കുറിച്ചുള്ള വിവരണമാണെന്നു വ്യക്തമാണ്. ഇസ്രായേല്യരുടെ ഇടയിലുണ്ടായിരുന്ന അന്യവർഗക്കാരാണ് ദുരാഗ്രഹത്തിനും പരാതിക്കും തുടക്കംകുറിച്ചതെങ്കിലും ഇസ്രായേല്യരും അവരോടു ചേർന്നു വിലപിച്ചു. ഭക്ഷിക്കാനായി ഇഷ്ടം പോലെ മാംസം നല്കിയെന്ന് “ഏറ്റവും കുറച്ചു ശേഖരിച്ചവനുപോലും പത്തു ഹോമർ കിട്ടി” എന്ന പ്രസ്താവനയിൽനിന്നു മനസ്സിലാക്കാം. കാരണം, ഒരു കഴുതയ്ക്കു ചുമക്കാവുന്ന അത്ര തൂക്കം എന്നാണ് ഹോമർ എന്ന വാക്കുകൊണ്ടർഥമാക്കുന്നത്. ഒരു ഹോമർ ഏകദേശം 200 ലിറ്റർ എന്നു കണക്കാക്കപ്പെടുന്നു. (പി.ഒ.സി. ബൈബിളിന്റെ പഴയ പതിപ്പിലെ അനുബന്ധത്തിൽ 1 ഹോമർ = 450 ലിറ്റർ എന്നാണു നല്കിയിരിക്കുന്നതെങ്കിലും പുതിയ പതിപ്പിൽ അത് 200 ലിറ്റർ എന്നു തിരുത്തിയിരിക്കുന്നതു ശ്രദ്ധിക്കുമല്ലോ.)

അവരുടെ അത്യാഗ്രഹത്തിനു നിവൃത്തി വരുത്തിയെങ്കിലും അതിനുള്ള ശിക്ഷ ദൈവം നല്കാതിരുന്നില്ല. രണ്ടുപ്രാവശ്യമായിട്ടാണ് ശിക്ഷ ലഭിച്ചത്. ആദ്യം, ജനം പിറുപിറുത്തപ്പോൾ കർത്താവിന്റെ കോപം ജ്വലിച്ചു, അഗ്നി പടർന്നുകത്തി പാളയത്തിന്റെ ചില ഭാഗങ്ങൾ ദഹിപ്പിച്ചുകളഞ്ഞു (11:1, 10). രണ്ടാമത്, ജനം

മാംസം ഭക്ഷിച്ചുകൊണ്ടിരിക്കെ കർത്താവിന്റെ കോപം ആളിക്കത്തി, അതു മഹാമാരിയായി ജനത്തെ ശിക്ഷിച്ചു (11:33). മഹാമാരി എന്തെന്നോ, എത്രപേർ അതിൽ മരിച്ചുവെന്നോ ഗ്രന്ഥകാരൻ വിവരിക്കുന്നില്ല. ആദ്യത്തെ ശിക്ഷയിൽ ജനം മോശയോടു നിലവിളിക്കുകയും മോശ കർത്താവിനോടു പ്രാർഥിച്ചതിന്റെ ഫലമായി അഗ്നി ശമിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, മോശയക്കു കർത്താവിനോടു നീരസം ജനിച്ചു. മോശയുടെ പരാതി വളരെ ഹൃദയാവർജകമാണ്. ജനത്തെ ശിക്ഷിക്കുന്ന ദൈവത്തെയാണ് മോശ കുറ്റപ്പെടുത്തുന്നത്. ജനത്തിന്റെ ശിക്ഷ തന്റെമേലുള്ള ശിക്ഷയായിട്ടാണ് മോശ കാണുന്നത്. "ഈ ജനത്തിന്റെ ഭാരമെല്ലാം എന്തേ എന്റെ മേൽ ചുമത്തിയിരിക്കുന്നു"; "ഞാനാണോ ഈ ജനത്തെ ഗർഭം ധരിച്ചത്"; "മുലകുടിക്കുന്ന കുഞ്ഞിനെ ധാത്രിയെന്നപോലെ മാറിൽ വഹിച്ചുകൊണ്ടുപോകുക എന്ന് എന്നോടു പറയുവാൻ ഞാനാണോ അവരെ പ്രസവിച്ചത്" എന്നീ ചോദ്യങ്ങൾ, ഒരമ്മയ്ക്കു തന്റെ കുഞ്ഞിനോടുള്ള ബന്ധം പോലെയും ഉത്തരവാദിത്വം പോലെയും കുഞ്ഞിനുവേണ്ടി അമ്മ സഹിക്കേണ്ടിവരുന്ന ക്ലേശങ്ങൾ പോലെയുമാണ് മോശയ്ക്കു ദൈവജനത്തോടുള്ള ബന്ധവും ഉത്തരവാദിത്വവും അവർമൂലം സഹിക്കേണ്ടിവരുന്ന ക്ലേശങ്ങളുമെന്നു വ്യക്തമാക്കുകയാണ്. ഒരു കുഞ്ഞിനെ വഹിക്കുന്ന അമ്മയുടെ സ്ഥാനത്തു മോശ ലക്ഷക്കണക്കിനുള്ള ജനത്തെ വഹിക്കുകയാണ്. അതുകൊണ്ട് മോശയുടെമേലുള്ള "ഈ ജനത്തിന്റെ ഭാരം" താങ്ങാൻ, "ഞാൻ ശക്തനല്ല, അത് എന്റെ കഴിവിനതീതമാണ്" എന്ന മോശയുടെ പരാതി ആരുടെയും കരളലിയിക്കുന്നതുതന്നെ.

ഏതായാലും മോശയുടെ പരാതി കർത്താവു മനസ്സിലാക്കുകയും എഴുപതു നേതാക്കളെ നല്കി മോശയുടെ ചൈതന്യവും ഉത്തരവാദിത്വവും അവരിൽ പകരുകയും ചെയ്തു. നേതൃത്വത്തിന്റെ ഭാരത്തേക്കാളുപരി മരണത്തെ ആഗ്രഹിക്കുന്ന മോശയ്ക്ക് നേതൃത്വത്തിൽനിന്നുള്ള ഒഴിവല്ല, എഴുപതു പേരിലേക്കു കൂടി ആ ഭാരത്തിന്റെ പങ്കു നല്കുന്നു; ഒപ്പം ആ ഭാരം വഹിക്കുന്നതിനുള്ള കൃപയുടെ പങ്കും നല്കുന്നു. നേതാക്കൾക്കുള്ളത് ദൈവം നല്കുന്ന അധികാരവും ദൈവം നല്കുന്ന കഴിവുമാണ്. അവ ദൈവത്തിൽനിന്ന് എല്ലാവരും സ്വീകരിക്കുന്നതിനാൽ പല നേതൃത്വത്തിൻ കീഴിൽ ഭിന്നിക്കുന്ന ജനസമൂഹത്തെയല്ല, ഐക്യത്തിൽ ഒന്നിക്കുന്ന ജനസമൂഹത്തെ രൂപീകരിക്കുന്നതിനുള്ള വിളിയാണ്.

### 3. മോശയോട് അസൂയപ്പെടുന്ന സഹോദരങ്ങൾ

ഹസറോത്തിൽ വച്ച് മോശയുടെ നേതൃത്വത്തെ മോശയുടെ സഹോദരങ്ങളും ജനത്തിന്റെ നിയന്താക്കളുമായ അഹറോനും മിറിയാമും ചോദ്യം ചെയ്യുന്നതാണ് പന്ത്രണ്ടാമത്തെ അധ്യായത്തിലെ പ്രതിപാദ്യം. മോശയുടെ ഭാര്യയെപ്രതിയാണ് പ്രതിഷേധം തുടങ്ങുന്നതെങ്കിലും മോശയ്ക്കുള്ള പ്രത്യേക സ്ഥാനത്തെക്കുറിച്ചുള്ള അസൂയയാണ് അവർക്കുണ്ടായിരുന്നത് എന്നു മനസ്സിലാക്കാം. മോശയോടു തങ്ങൾ തുല്യരാണ് എന്ന് അവർ വാദിക്കുകയാണ് "കർത്താവു തങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ" (12:2) എന്ന ചോദ്യത്തിലൂടെ. പക്ഷെ, മോശയല്ല, കർത്താവാണ് അതു കേട്ടത്. മോശയുടെ വ്യത്യസ്തത ദൈവംതന്നെ അവർക്കു വെളിവാക്കുന്നു: മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലും വച്ചു സൗമ്യനായിരുന്നു. സൗമ്യൻ എന്നു തർജ്ജമ ചെയ്തിരിക്കുന്നത് ഹീബ്രുവിലെ *അനാവ്* എന്ന പദമാണ്. മറ്റുള്ളവരോട് എതിരിടുന്നതിൽ താല്പര്യമില്ലാത്തവൻ, വിനയമുള്ളവൻ, കർത്താവിൽ മാത്രം ആശ്രയം വയ്ക്കുന്നവൻ എന്നൊക്കെ അർഥംവരുന്ന ഈ പദം സൂചിപ്പിക്കുന്നതുപോലെ, മോശയെ എതിർത്ത അഹറോനെയും മിറിയാമിനെയും മോശ എതിർക്കുകയോ അവരുടെമുമ്പിൽ തന്നെ ന്യായീകരിക്കുകയോ ചെയ്യുന്നില്ല എന്നു കാണാം.

മാത്രമല്ല, സൗമ്യനായ മോശയെക്കുറിച്ച് അതുകൊണ്ട് കർത്താവുതന്നെ ന്യായവാദങ്ങൾ നിരത്തുന്നു:

1. മോശ കർത്താവിന്റെ ദാസനാണ്
2. മോശ കർത്താവിന്റെ ഭവനത്തിന്റെ ചുമതല മുഴുവനും വഹിക്കുന്നവനാണ്
3. മോശയോടു സ്പഷ്ടമായി മുഖാഭിമുഖം കർത്താവു സംസാരിക്കുന്നു.
4. അവൻ കർത്താവിന്റെ രൂപം കാണുന്നു.

മോശ സാധാരണ സ്വപ്നത്തിലോ അവ്യക്തമായോ വെളിപാടു ലഭിക്കുന്ന പ്രവാചകനെപ്പോലെയോ കർത്താവിന്റെ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ട പുരോഹിതനെപ്പോലെയോ അല്ല എന്നു ദൈവം പറയുമ്പോൾ അഹറോനും മിറിയാമും സഹോദരങ്ങളെങ്കിലും മോശയ്ക്കു തുല്യരല്ല എന്നുതന്നെ ദൈവം വെളിപ്പെടുത്തുന്നു. മിറിയാമിനെ മാത്രമേ ശിക്ഷിക്കുന്നുള്ളുവെന്നത് അഹറോന്റെ പൗരോഹിത്യസ്ഥാനത്തിനുചിതമായി അശുദ്ധിയിൽനിന്നു മാറ്റിനിർത്തുന്നതിനാണ് എന്നു കരുതാം. കുഷ്ഠരോഗവിമുക്തയാകുന്ന സമയംവരെ ജനം മുഴുവൻ മിറിയാമിനുവേണ്ടി കാത്തുനിന്നു എന്നത്, പ്രവാചികയായ അവളുടെ സമുന്നത സ്ഥാനത്തിനു അവർ വില കല്പിച്ചിരുന്നുവെന്നതിനു തെളിവുമാണ്.

**4. കാനാൻദേശത്തിന്റെ ഒറ്റുനോക്കുന്നതിനു പോയവരുടെ പ്രതികരണവും തന്മൂലമുണ്ടായ പ്രശ്നങ്ങളും**

ഇസ്രായേൽ ജനം പാരാൻ മരുഭൂമിയിൽ എത്തിയപ്പോൾ കാനാൻദേശം ഒറ്റുനോക്കാനായി ഓരോ ഗോത്രത്തിലുംനിന്നു തലവന്മാരെ അയച്ചു. സീനായിൽവച്ച് സൈന്യത്തലവന്മാരായി തെരഞ്ഞെടുക്കപ്പെട്ട വരല്ല ഇവരെന്നതു ശ്രദ്ധിക്കുമല്ലോ. കൈവശപ്പെടുത്തേണ്ട നാട്ടിലേയ്ക്കുള്ള വഴിയും നിരീക്ഷിക്കേണ്ട കാര്യങ്ങളും പറഞ്ഞശേഷം അവിടെനിന്നു കുറച്ചു ഫലങ്ങളുംകൂടി ശേഖരിച്ചുവരുന്നതിന് അവരെ നിയോഗിക്കുന്ന മോശ കാര്യശേഷിയുള്ള നേതാവാണ് എന്നു മനസ്സിലാക്കുന്നതിനു പ്രയാസമില്ല.

പുരാതന നഗരമായ ഹെബ്രോൺ നഗരത്തിലെത്തിയ അവർ 40 ദിവസമാണ് സ്ഥലം നിരീക്ഷിച്ചത്. എഷ്ക്കോൾ താഴ്‌വരയിൽനിന്നു മുറിച്ചെടുത്ത മുന്തിരിക്കൊമ്പു കുലയോടുകൂടി എടുക്കുന്നതിനു രണ്ടുപേർ വേണ്ടിവന്നു എന്നത് ആ പ്രദേശത്തിന്റെ ഫലപുഷ്ടിയെ സൂചിപ്പിക്കുന്നു. തേനും പാലും ഒഴുകുന്ന സ്ഥലം എന്നു ഒറ്റുനോക്കാൻ പോയവർ വിശേഷിപ്പിച്ച ആ സ്ഥലം കൈവശപ്പെടുത്താമെന്ന് കാലെബു പറഞ്ഞപ്പോൾ അതു കൈവശപ്പെടുത്താനാവാത്തവിധം അവിടുത്തെ ജനത ശക്തന്മാരാണെന്നു പറഞ്ഞു മറ്റുള്ളവർ ജനത്തെ മോശയ്ക്കെതിരായി തിരിച്ചു. "മല്ലന്മാർ", "അനാക്കിന്റെ വർഗക്കാർ", "അതികായന്മാർ", "നെഫിലിമിൽനിന്നു വന്ന അനാക്കിമിന്റെ മല്ലന്മാരായ മക്കൾ", എന്നിങ്ങനെ അവിടെയുള്ള ജനത്തെ വിശേഷിപ്പിച്ചപ്പോൾ തങ്ങളെ "അവരുടെ മുമ്പിൽ ഞങ്ങൾ വെറും വിട്ടിലുകൾ" എന്നു വിശേഷിപ്പിക്കാനും അവർ മടിച്ചില്ല (13:28, 33). "നെഫിലീം" എന്ന പദത്തിന്റെ അക്ഷരാർഥം വീണുപോയവർ (fallen ones) എന്നാണ്. ഉൽപ്പത്തിഗ്രന്ഥത്തിലെ, "ദൈവപുത്രന്മാർക്ക് മനുഷ്യപുത്രിമാരിലുണ്ടായ അതികായന്മാ"രെക്കുറിച്ചുള്ള വിവരണവുമായി (6:1-4) ഇതിനുള്ള സാമ്യം ശ്രദ്ധേയമാണ്.

തങ്ങളെ രൂപപ്പെടുത്തുകയും അനേക അത്ഭുതപ്രവൃത്തികളിലൂടെ പരിപാലിച്ചു നയിക്കുകയും ചെയ്ത കർത്താവിന്റെ ശക്തിയിൽ വിശ്വസിച്ച്, കർത്താവിനെ അനുസരിക്കാനും കാനാൻദേശവാസികളെ തോല്പിച്ച് ദേശം കൈവശമാക്കാനുമല്ല, "വെറും വിട്ടിലുകൾ" ആയ തങ്ങളിലേക്കു നോക്കി, ദൈവത്തിൽ ആശ്രയിക്കാതെ ദൈവം നല്കുമെന്നു വാഗ്ദാനം ചെയ്തദേശത്തെ നിരസിച്ച് അടിമത്തദേശത്തെ വീണ്ടും പുൽകാനാണ് അവരുടെ ആലോചന. "അടിമത്തത്തിന്റെ ഭവനമായ ഈജപ്തിൽനിന്നു നിന്നെ പുറത്തുകൊണ്ടുവന്ന നിന്റെ ദൈവമായ കർത്താവാണു ഞാൻ" എന്നു തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിനെതിരായ (പുറ 20:2) പ്രവൃത്തിയായിരുന്നു ഇത്. മോശയും അഹറോനും ഇസ്രായേൽജനത്തിന്റെ മുമ്പിൽ കമിഴ്ന്നുവീണു. ജോഷ്വയും കാലെബും തങ്ങളുടെ വസ്ത്രങ്ങൾ കീറി. എങ്കിലും ജോഷ്വയെയും കാലെബിനെയും കല്ലെറിയണമെന്നു ജനം ശഠിക്കുകയാണുണ്ടായത്. അപ്പോൾ കർത്താവിന്റെ മഹത്വം പ്രത്യക്ഷമായി ജനത്തെ മുഴുവൻ നശിപ്പിക്കാനൊരുങ്ങുകയും മോശയിൽനിന്ന് ഒരു ജനതയെ പുറപ്പെടുവിക്കുമെന്ന വാഗ്ദാനം നല്കുകയും ചെയ്തു.

യാഹ്‌വെയുടെ വാഗ്ദാനത്തെ വീണ്ടും ഓർമിപ്പിച്ചുകൊണ്ട്, കർത്താവിന്റെ അനന്തമായ കരുണയെ പ്രകീർത്തിച്ചുകൊണ്ട് ജനത്തെ നിഹനിക്കാനുള്ള തീരുമാനത്തിൽനിന്ന് അവിടുത്തെ പിൻതിരിപ്പിക്കുന്ന മോശ (14:13-19), കർത്താവിന്റെ "ഭവനത്തിന്റെ ചുമതലക്കാരനെന്ന" സ്ഥാനത്തിനൊത്തവിധം പ്രവർത്തിക്കുന്നു. കർത്താവു മോശയോടു പറയുന്നു: "നിന്റെ അപേക്ഷ സ്വീകരിച്ചു ഞാൻ ക്ഷമിച്ചിരിക്കുന്നു" (14:20). തുടർന്നു കർത്താവുതന്നെ ജനത്തെ കുറ്റപ്പെടുത്തുന്ന ഒരു നീണ്ടഭാഗം പതിനഞ്ചു വാക്യങ്ങളിലായി കാണാം (14:21-35). "എന്നെ പത്തുപ്രാവശ്യം പരീക്ഷിക്കുകയും..." എന്ന വാക്യത്തിലെ 'പത്തുപ്രാവശ്യം' എന്നത് എണ്ണത്തേക്കാൾ അവരുടെ തുടർച്ചയായ അവരുടെ അവിശ്വസ്തതയെ സൂചിപ്പിക്കുന്നതാണ്.

കർത്താവ് മഹാമാരി അയച്ചു. ദേശം ഒറ്റുനോക്കാൻ പോയവരിൽ ജോഷ്വയും കാലെബും ഒഴികെ "തെറ്റായ വാർത്ത പ്രചരിപ്പിച്ചു മോശയ്ക്കെതിരെ ജനം മുഴുവൻ പിറുപിറുക്കാൻ" ഇടയാക്കിയവരും മരിച്ചുവീണു (14:36-38). മറ്റുള്ളവർ ഈ വാർത്തയറിഞ്ഞു വിലപിച്ചുവെങ്കിലും 'കർത്താവു കൂടെയില്ലാത്തതിനാൽ പോകരുതെന്നു' മോശ വിലക്കിയിട്ടും കാനാൻ ദേശത്തേയ്ക്കു പോകാൻ ധിക്കാരപൂർവം മലകയറി. അവരെ "മലയിൽ പാർത്തിരുന്ന അമലേക്യരും കാനാന്യരും ഹോർമാ വരെ തോൽപ്പിച്ചോടിച്ചു" (14:45).

കാനാൻദേശത്തിന്റെ തെക്കുകിഴക്കെ അറ്റത്തുള്ള ഒരു പട്ടണമായ ഹോർമ പിന്നീട് അവർ പിടിച്ചടക്കുന്നുണ്ട് (സംഖ്യ 21:1-3). പ്രതിബന്ധങ്ങളുടെ വലിപ്പത്തിലും ശത്രുക്കളുടെ ശക്തിയിലും നോക്കി സ്വന്തം ശക്തിഹീനതയെക്കുറിച്ചു വിലപിക്കുന്നവർ ഭയപ്പെടുകയും പരാജയപ്പെടുകയും ചെയ്യും. ദൈവത്തിന്റെ ശക്തിയോടു ചേർന്നുനിന്ന് അവിടുത്തെ ഹിതത്തിനായി സമർപ്പിക്കുന്നവർക്ക് പ്രതിബന്ധങ്ങൾ പ്രശ്നമാകുകയില്ല ഈ വിവരണങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

തുടർന്നു കാഴ്ചയർപ്പണത്തെക്കുറിച്ചുള്ള നിയമങ്ങൾ നല്കുന്നതാണ് പതിനഞ്ചാം അധ്യായത്തിൽ

വിവരിക്കുന്നത്. വാഗ്ദാനദേശത്ത് എത്തിക്കഴിയുമ്പോൾ അനുഷ്ഠിക്കേണ്ട നിയമങ്ങളായിട്ടാണ് ഇവ നല്കുന്നത് (വാ. 3, 18). "കർത്താവു മോശയോട് അരുളിച്ചെയ്തു" എന്ന ആമുഖവാക്യങ്ങൾ ഈ അധ്യായത്തിൽ മൂന്നുപ്രാവശ്യം ഉണ്ട് എന്നത് (വാ. 1, 17, 37) ഈ അധ്യായത്തിന്റെ മൂന്നുഭാഗങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ഇതിൽ 1-16 വാക്യങ്ങളിൽ മൃഗബലിയോടൊപ്പം അർപ്പിക്കേണ്ട മറ്റു ബലികളെക്കുറിച്ചും പ്രതിപാദിക്കുന്നു. ലേവ്യഗ്രന്ഥത്തിൽ 1-7 അധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ തന്നെയാണിത് (ഹിൻ ഏഫാ എന്നീ അളവുകൾക്ക് പി.ഒ.സി. ബൈബിളിന്റെ അനുബന്ധം നോക്കുക). രണ്ടാംഭാഗത്ത്, കാനാൻദേശത്ത് എത്തിക്കഴിഞ്ഞ് ആദ്യം കുഴയ്ക്കുന്ന മാവ് കർത്താവിനു കാഴ്ചയായി സമർപ്പിക്കുന്നതിനെക്കുറിച്ചും (വാ. 17-21), അറിയാതെ തെറ്റുചെയ്താൽ സമർപ്പിക്കേണ്ട പരിഹാരകർമ്മങ്ങളെക്കുറിച്ചും, മനപ്പൂർവമായ തെറ്റിനുള്ള ശിക്ഷയെക്കുറിച്ചും (വാ. 22-31) കാണാം. ഒപ്പം, സാബത്തുലംഘനത്തിനും അതിനുള്ള ശിക്ഷയ്ക്കും ഒരുദാഹരണവും കൂടി ഇവിടെ നല്കിയിരിക്കുന്നു (വാ. 32-36). ഉടമ്പടിയുടെ പ്രമാണങ്ങൾ വിശ്വസ്തതയോടെ കാക്കുന്നതിനുള്ള ഒരു ഓർമപ്പെടുത്തലാണ് ഇത്. വസ്ത്രത്തിന്റെ വിളുമ്പുകളിൽ നീല നാടകൾ പിടിപ്പിക്കുന്നതിനു കല്പിക്കുന്നതും ഇതേ ഉദ്ദേശത്തോടുകൂടിത്തന്നെ. പിൽക്കാലത്ത് ഫരിസേയർ സാബത്തുനിയമങ്ങളും തൊങ്ങലുകളും മറ്റും വസ്ത്രത്തിൽ പിടിപ്പിക്കുന്ന നിയമങ്ങളും വളരെ കർശനമായി പാലിച്ചിരുന്നു എന്നും അത് ദൈവകല്പനകളെ അനുസ്മരിപ്പിക്കുന്ന ഒരു ഘടകം എന്നതിനെക്കാൾ തങ്ങൾ ദൈവകല്പനകൾ പാലിക്കുന്നവരാണ് എന്നു മറ്റുള്ളവർ ധരിക്കുന്നതിനുള്ള ഒരു അടയാളം എന്ന രീതിയിലേക്കു മാറിയെന്നും പുതിയനിയമത്തിൽ സൂചനയുണ്ട്. ഇത് യേശുവിന്റെ കർശനമായ താക്കീതിനിടയാക്കുന്നുമുണ്ട് (ഉദാ. മത്താ 23:5).

**5. അധികാരത്തിനെതിരെയുള്ള മത്സരം, ശിക്ഷ, പൗരോഹിത്യനിയമങ്ങൾ (അധ്യാ 16-19)**

പതിനാറുമുതൽ പത്തൊമ്പതുമുതലുള്ള അധ്യായങ്ങളിൽ പൗരോഹിത്യാധികാരത്തിനുനേരെയുള്ള ജനനേതാക്കളുടെ എതിർപ്പും അതിനുള്ള ശിക്ഷയും ആരാണ് കർത്താവിന്റെ പുരോഹിതർ എന്നതിനുള്ള വെളിപ്പെടുത്തലും തുടർന്നു നിയമങ്ങളും നല്കുന്നതിന്റെ വിവരണമാണു കാണുന്നത്.

പതിനാറ്, പതിനേഴ് അധ്യായങ്ങളിൽ ജനത്തിന്റെ പരാതികളുടെ ഫലമായിട്ടു കർത്താവു ചെയ്യുന്ന മൂന്ന് അത്ഭുതങ്ങളാണ് കാണുന്നത്. ആദ്യത്തെ രണ്ട് അത്ഭുതങ്ങൾ ശിക്ഷാവിധിയായി നടപ്പാക്കുന്നതാണ്. മൂന്നാമത്തെ അത്ഭുതമാകട്ടെ, കർത്താവു തെരഞ്ഞെടുത്തവനാര് എന്നു വെളിപ്പെടുത്തുന്നതും. "ഇസ്രായേൽ ജനത്തിലെ നേതാക്കളും തെരഞ്ഞെടുക്കപ്പെട്ടവരും പ്രസിദ്ധരുമായ ഇരുന്നൂറ്റമ്പതുപേരും മോശയെ എതിർത്തു" (16:2) എന്നും തുടർന്നു "മോശയ്ക്കും അഹറോനും എതിരെ ഒരുമിച്ചുകൂടി" (16:3) എന്നും പറയുന്നതിൽനിന്ന് മോശയുടെയും അഹറോന്റെയും നേതൃത്വത്തിനെതിരെയാണ് അവരുടെ പരാതി എന്നു തോന്നുമെങ്കിലും തുടർന്നുള്ള സംഭവങ്ങൾ തെളിയിക്കുന്നത് പൗരോഹിത്യപദത്തിനുവേണ്ടിയുള്ള അവരുടെ അത്യാഗ്രഹമാണ് പരാതിയ്ക്കടിസ്ഥാനം എന്നാണ്. "...നിങ്ങൾ പൗരോഹിത്യംകൂടി കാംക്ഷിക്കുന്നോ?" എന്ന മോശയുടെ ചോദ്യത്തിൽനിന്നും കർത്താവിന്റെ ശുശ്രൂഷയ്ക്കായി മാറ്റി നിർത്തപ്പെട്ട ലേവീഗോത്രജരായ അവർ അഹറോനും സന്തതികൾക്കുമായി നല്കപ്പെട്ട പൗരോഹിത്യാവകാശത്തിന്മേൽ കണ്ണുവച്ചു എന്നു തന്നെയാണു തെളിയുന്നത്. വിപ്ലവമുണ്ടാക്കിയവരുടെ നേതാക്കളായ കോറഹ്, ദാത്താൻ, അബീഹു എന്നിവരെയും അവരുടെ കുടുംബങ്ങളെയും ഭൂമി വിഴുങ്ങി (16:31-33). അതെത്തുടർന്ന് അഗ്നിയിറങ്ങി ധൂപം അർപ്പിച്ചുകൊണ്ടിരുന്ന ഇരുനൂറ്റമ്പതുപേരെയും അഗ്നി വിഴുങ്ങി (16:35). പൗരോഹിത്യം, ലേവീഗോത്രത്തിലെ അഹറോന്റെയും സന്തതികളുടെയും അവകാശമായി മാറ്റിവച്ചിട്ടുള്ളതാണ് പഞ്ചഗ്രന്ഥിയിൽ ആവർത്തിച്ചുറപ്പിച്ചിട്ടുള്ളതാണ് (ഉദാ. പുറ 28:1; 41; 29:29; 40:12-15; സംഖ്യ 18:7). ലേവ്യരിലെ മറ്റുള്ളവർ ദേവാലയശുശ്രൂഷകരാണ്. ലേവീഗോത്രത്തിൽപ്പെട്ട കോറഹിനോടുകൂടി റൂബൻഗോത്രത്തിൽപ്പെട്ട ദാത്താനും അബീറാമും ചേർന്നു. റൂബൻഗോത്രജനായ പെലെത്തിന്റെ മകനായ ഓനും അവരോടൊപ്പം ഉണ്ടായിരുന്നുവെന്ന് തുടക്കത്തിൽ പറയുന്നുണ്ടെങ്കിലും (16:1) പിന്നീടു പരാമർശിക്കുന്നേയില്ല.

ഈ ശിക്ഷാവിധി ജനത്തെ ഭയപ്പെടുത്തിയെങ്കിലും പിറ്റേന്നുതന്നെ അവർ വീണ്ടും മോശയ്ക്കും അഹറോനുമെതിരായി പിറുപിറുത്തുകൊണ്ട് അവരെ "കർത്താവിന്റെ ജനത്തെ കൊന്നവരായി" ചിത്രീകരിച്ചു. മഹാമാരിയാൽ ദൈവം ജനത്തെ മുഴുവൻ നശിപ്പിക്കുന്നതിനു തീരുമാനിച്ചെങ്കിലും മോശയുടെ നിർദ്ദേശപ്രകാരം അഹറോൻ പരിമളധൂപം അർപ്പിച്ചു പരിഹാരം ചെയ്യുകയും മഹാമാരി അവസാനിക്കുകയും ചെയ്തു. എങ്കിലും പതിനാലായിരത്തിയെഴുനൂറുപേർ മഹാമാരിയിൽ മരണമടഞ്ഞു.

പതിനേഴാം അധ്യായത്തിൽ ഇതിന്റെ തുടർച്ചയായി കർത്താവു തെരഞ്ഞെടുത്തവൻ ആരെന്നു വെളിപ്പെടുത്തുന്ന ഒരു അത്ഭുതപ്രവർത്തനം കാണാം. കർത്താവിന്റെ നിർദ്ദേശമനുസരിച്ച് മോശ സാക്ഷ്യപ

ടകത്തിനു മുമ്പിൽവച്ച ഗോത്രങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ടുള്ള പേരെഴുതിയ പന്ത്രണ്ടു വടികളിൽ അഹറോന്റെ പേരെഴുതിയ ലേവീഗോത്രത്തെ പ്രതിനിധീകരിക്കുന്ന വടി മാത്രം "മുളപൊട്ടി പൂത്തു തളിർത്തു ബദാം പഴങ്ങളു"മായി നിന്നു. "അവരുടെ പിറുപിറുപ്പ് അവസാനിപ്പിക്കുന്നതിനും അവർ മരിക്കാതിരിക്കുന്നതിനും കലഹക്കാർക്ക് ഒരടയാളമായി സൂക്ഷിക്കുന്നതിനുംവേണ്ടി അഹറോന്റെ വടി സാക്ഷ്യപേടകത്തിനു മുമ്പിൽ വയ്ക്കുക" (17:10) എന്ന കർത്താവിന്റെ നിർദ്ദേശപ്രകാരം മോശ പ്രവർത്തിച്ചു.

ഇതേത്തുടർന്ന് ലേവ്യർക്ക് പൊതുവെയും അഹറോനു പ്രത്യേകമായും ഉള്ള ബലിപീഠത്തിലെ ശുശ്രൂഷകളെന്തെന്നും അവർക്കുള്ള വിഹിതങ്ങളെന്തെന്നും കർത്താവ് അഹറോനോട് അരുളിച്ചെയ്യുന്നതാണ് പതിനെട്ടാമധ്യായത്തിൽ വിവരിക്കുന്നത്. "പൗരോഹിത്യശുശ്രൂഷ നിങ്ങൾക്കുള്ള ദാനമാണ്" (18:7) എന്ന് അഹറോനെ ഓർമിപ്പിക്കുന്ന കർത്താവ് "വിശുദ്ധസ്ഥലത്ത് സംഭവിക്കുന്ന എല്ലാ അകൃത്യങ്ങളുടെയും" ഉത്തരവാദിത്വംകൂടി അഹറോനെയും പുത്രന്മാരെയും ഏല്പിക്കുന്നു. 18:7-ൽ "തിരശ്ശീലയ്ക്കു പിന്നിലുള്ളവ"യെ സംബന്ധിച്ചുള്ള ശുശ്രൂഷകൾ എന്നത് തിരശ്ശീലകൊണ്ടു മറച്ച സാക്ഷ്യപേടകം സ്ഥാപിച്ചിരിക്കുന്ന 'അതിവിശുദ്ധസ്ഥല'ത്തുള്ള ശുശ്രൂഷകളാണ്. ദേവാലയശുശ്രൂഷയ്ക്ക് പുരോഹിതരായ അഹറോനും പുത്രന്മാർക്കുമെന്നതുപോലെ ഒരു വിഹിതം മറ്റു ലേവ്യർക്കും ഉണ്ടായിരുന്നു. പുരോഹിതർക്ക് ഇസ്രായേൽജനം സമർപ്പിക്കുന്ന ബലിക്കുള്ള കാഴ്ചകൾ, നേർച്ചകാഴ്ചകൾ, ആദ്യഫലങ്ങൾ, കർത്താവിനു നീരാജനമായി സമർപ്പിക്കുന്നവ എന്നിവ ഓഹരിയായി ലഭിക്കുമ്പോൾ, മറ്റു ലേവ്യർക്ക് ഇസ്രായേലിൽനിന്നു ലഭിക്കുന്ന ദശാംശത്തിൽനിന്ന് അതിന്റെ ദശാംശം നീരാജനമായി അർപ്പിച്ചശേഷമുള്ളവ ഓഹരിയായിരിക്കും.

പത്തൊമ്പതാം അധ്യായത്തിൽ, ശുദ്ധീകരണജലം തയ്യാറാക്കുന്നതെങ്ങനെയെന്നും മൃതശരീരം സ്പർശിച്ച് അശുദ്ധരായവർ എങ്ങനെ ശുദ്ധിനേടേണ്ടതങ്ങനെയെന്നും കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്യുന്നത് വിവരിച്ചിരിക്കുന്നു.

**6. മിരിയാം, അഹറോൻ എന്നിവരുടെ മരണം, വിവിധ എതിർപ്പുകൾ (അധ്യാ 20-21)**

ഇരുപത്, ഇരുപത്തൊന്ന് അധ്യായങ്ങളിലായി മോശയുടെ സഹോദരങ്ങളും സഹായികളും ആയിരുന്ന മിരിയാം, അഹറോൻ എന്നിവരുടെ മരണം, ജലത്തിനും രുചികരമായ ഭക്ഷണത്തിനും വേണ്ടിയുള്ള പരാതികൾ, ഏദോം, കാനാന്യനായ അരാദ്, സീഹോൻ, ഓഗ് എന്നിവരുടെ എതിർപ്പുകൾ എന്നിവയാണു വിവരിക്കുന്നത്.

അവർ പാരാൻ മരുഭൂമിയിൽ ആയിരുന്നപ്പോൾ സംഭവിച്ച കാര്യങ്ങളാണ് 13-19 അധ്യായങ്ങളിൽ കാണുക. 20:1 അനുസരിച്ച് അവർ സിൻമരുഭൂമിയിലെ കാദെഷിൽ എത്തിയെന്നു മനസ്സിലാക്കാം. അവിടെവച്ചു സംഭവിക്കുന്ന മിരിയാമിന്റെ മരണത്തെക്കുറിച്ച് പരാമർശിക്കുന്നു എന്നല്ലാതെ മറ്റു വിശദാംശങ്ങളൊന്നും നല്കുന്നില്ല (20:1). എന്നാൽ അഹറോന്റെ മരണത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ നല്കിയിട്ടുണ്ട്. ഇസ്രായേൽ കാദെഷിൽനിന്നു പുറപ്പെട്ട് ഹോർമലയിൽ എത്തി. മോശ അഹറോനെയും അഹറോന്റെ പുത്രൻ എലെയാസറിനെയും കൂട്ടിക്കൊണ്ട് മലമുകളിൽ കയറുകയും പൗരോഹിത്യസ്ഥാനം എലെയാസറിനെ ഏല്പിക്കുകയും ചെയ്തശേഷം അഹറോൻ മലമുകളിൽവച്ചു മരിച്ചു. ജനം മുപ്പതുദിവസം അവനെപ്രതി ദുഃഖമാചരിച്ചു (20:23-29).

ഇസ്രായേൽ ജനത്തിന്റെ പരാതികൾ പിന്നെയും തുടരുകയാണ്. കാദെഷിൽവച്ച് ജലത്തിനുവേണ്ടിയും ഏദോംകാരുടെ എതിർപ്പിനെത്തുടർന്ന് ചുറ്റിപ്പോകുന്നതിന് ഹോർമലയിൽനിന്ന് ചെങ്കടലിലേയ്ക്കുള്ള വഴിയെ പോകുമ്പോൾ യാത്രാമധ്യേ "വിലകെട്ട അപ്പം തിന്നു മടുത്ത"തിനെപ്പറ്റിയും അവർ വല്ലാതെ പരാതിപ്പെട്ടു. ജലം കൊടുക്കുന്നതിനു പാറയോടു ആജ്ഞാപിക്കാനായിരുന്നു കർത്താവു മോശയോടു കല്പിച്ചതെങ്കിലും വടികൊണ്ട് പാറയ്ക്കിട്ടടിയ്ക്കുകയാണ് മോശ ചെയ്തത്. ഇതു കർത്താവിന് അനിഷ്ടമായി. മോശയും അഹറോനും വാഗ്ദാനദേശത്ത് എത്തുകയില്ല എന്ന ശിക്ഷ അവർക്കു കർത്താവു നല്കി (20:10-12). പുറപ്പാട്ഗ്രന്ഥത്തിൽ 17-ാമധ്യായത്തിലെ വിവരണവുമായുള്ള സാമ്യവും മെരീബാ എന്ന സ്ഥലനാമത്തെക്കുറിച്ചുള്ള പരാമർശവും ഒരേ സംഭവത്തിന്റെതന്നെ രണ്ടു വിവരണങ്ങളാണിതെന്നു കരുതാവുന്നതാണ് (പുറ 17:1-7 നോക്കുക). മന്നയെക്കുറിച്ചു പരാതിപ്പെട്ട ജനത്തിനിടയിലേക്ക് ആഗ്നേയസർപ്പങ്ങളെ അയച്ച. ദംശനമേറ്റ് അനേകർ മരിച്ചു. ജനത്തിന്റെ അപേക്ഷയനുസരിച്ച് മോശ ദൈവത്തോടു പ്രാർഥിച്ചു. കർത്താവു മോശയോടു കല്പിച്ചതനുസരിച്ച് മോശ ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തുകയും അതിൽ നോക്കി സർപ്പദംശനമേറ്റവർ സുഖപ്പെടുകയും ചെയ്തു (20:7-9).

യാത്രാമധ്യേ ഇസ്രായേലിനെ എതിർത്തവർ ഏദോം, സീഹോൻ, ഓഗ് എന്നിവരാണ്. ഏദോം എന്നത് യാക്കോബിന്റെ/ഇസ്രായേലിന്റെ സഹോദരനായ ഏസാവിന്റെ പേരാണ് (ഉൽപ്പ 25:30). ഏസാവിന്റെ പിന്തല

മുറക്കാരായ ഏദോമ്യർ വസിച്ചിരുന്നത് കാനാൻദേശത്തിനു തെക്കുകിഴക്കായ പ്രദേശത്താണ്. ഈ പ്രദേശത്തുകൂടെ കടന്നുപോകാനുള്ള ന്യായമായ ആവശ്യം നിഷേധിക്കപ്പെട്ടതുകൊണ്ട് അവർക്കു ചെങ്കടലിലേക്കുള്ള വഴിയിലൂടെ ചുറ്റിപ്പോകേണ്ടിവന്നു (21:4). തുടർന്നു പല സ്ഥലങ്ങളിലും പാളയമടിച്ചശേഷം പിസ്ഗാമലയുടെ താഴെയുള്ള മൊവാബുദേശത്തെത്തിച്ചേർന്നു. തുടർന്ന് അമോര്യരാജാവായ സീഹോൻ അവരുടെ ദേശത്തുകൂടെ കടന്നുപോകാൻ ഇസ്രായേലിനെ അനുവദിക്കാതെ യുദ്ധത്തിനൊരുമ്പെട്ടു. യുദ്ധത്തിൽ വിജയം വരിച്ച ഇസ്രായേൽ ആ പ്രദേശം കീഴടക്കി. തുടർന്ന് യാസേർ എന്ന പ്രദേശം രഹസ്യനിരീക്ഷണം നടത്തി കീഴടക്കി. പിന്നീട് ബാഷാനിലേക്കുള്ള വഴിയിൽ ബാഷാൻരാജാവായ ഓഗ് ഇസ്രായേലിനോടു യുദ്ധത്തിനുവന്നു. ഇസ്രായേൽ ഓഗിനെയും കീഴ്പ്പെടുത്തിയ വിവരണത്തോടെയാണ് ഇരുപത്തൊന്നാം അധ്യായം അവസാനിക്കുന്നത്.

സീഹോന്റെ രാജ്യത്തിന്റെ അതിർത്തികളായി പറഞ്ഞിരിക്കുന്ന അർനോൺ, യാബോക്ക് എന്നിവ ജോർദാന്റെ കിഴക്കുള്ള രണ്ടു നദികളാണ്. പീഠഭൂമിയായ ബാഷാൻപ്രദേശത്തിന്റെ അതിരുകൾ വടക്ക് ഹെർമോൻമലയും തെക്ക് യാർമുക്ക് നദിയുമാണ്. ഫലഭൂയിഷ്ഠമായ ഈ പ്രദേശം ആമോസ്പ്രവാചകന്റെ ബാഷാൻ പശുക്കൾ എന്ന പ്രയോഗം കൊണ്ടു പ്രസിദ്ധമാണ് (ആമോ 4:10). 21-ാമധ്യായത്തിലെ “കർത്താവിന്റെ യുദ്ധങ്ങളുടെ ഗ്രന്ഥം” (വാ. 14) എന്നത് ഒരുപക്ഷേ, ആരംഭകാലത്തു നേടിയ വിജയങ്ങളെ പ്രകീർത്തിക്കുന്ന ഇസ്രായേൽക്കാരുടെ ഗാനസമാഹാരമായിരിക്കാം. ഇങ്ങനെയൊരു ഗ്രന്ഥം ഇന്നു നിലവിലില്ല. ഈ അധ്യായത്തിൽ കാണുന്ന മൂന്നു ഗീതങ്ങളിൽ ആദ്യത്തേത് ഇസ്രായേൽക്കാർ അർനോൻ നദീതീരത്തെ ആർപട്ടണം കീഴടക്കിയതിനെക്കുറിച്ചും, രണ്ടാമത്തേത് ഗോത്രത്തലവന്മാരുടെ നേതൃത്വത്തിൽ നിർമിച്ച ജലം സമൃദ്ധമായുണ്ടായിരുന്ന കിണറിനെക്കുറിച്ചും ആണ് എന്നു കരുതാം. മൂന്നാമത്തേത് അമോര്യർ മൊവാബ്യർക്കെതിരേ നേടിയ വിജയത്തെക്കുറിച്ചും പാടിയ ഗീതമായിരുന്നത്രെ. 29-ാം വാക്യത്തിലുപയോഗിച്ചിരിക്കുന്ന മൊവാബ്യരുടെ യുദ്ധദേവന്റെ പേരായ കെമോഷ് ഇതിനു തെളിവാണ്. അത് ഇസ്രായേൽക്കാർ തങ്ങളുടെ വിജയഗീതമാക്കി ഏറ്റുപാടി.

# ലോഗോസ് ക്വിസ് 2016

## ലഘുപഠനം

**സംഖ്യ 11-21**

**സുഭാഷിതങ്ങൾ 10-20**

**യോഹന്നാന്റെ സുവിശേഷം 13-21**

തയ്യാറാക്കിയത്:

**റവ. ഡോ. തെരേസ നടുപ്പടവിൽ SABS**

# സുഭാഷിതങ്ങൾ (10-20)

ബൈബിൾ പഴയനിയമത്തിലെ പ്രബോധനഗ്രന്ഥങ്ങളിൽ മൂന്നാമതായി വരുന്ന സുഭാഷിതങ്ങളിൽ പ്രബോധനങ്ങളുടെ സമാഹാരമാണെന്നു നാം മനസ്സിലാക്കിയതാണ് (2015-ലെ ലഘുപഠനം കാണുക). ഇവയിൽ രണ്ടാമത്തെ സമാഹാരമാണ് സോളമന്റെ സുഭാഷിതങ്ങൾ എന്ന ശീർഷകത്തിൽ കാണപ്പെടുന്ന 20:1 മുതൽ 22:16 വരെയുള്ള ഭാഗം. ഇത്തവണ ലോഗോസ് ക്വിസിനായി ഒരുങ്ങേണ്ടത് രണ്ടാം സമാഹാരത്തിൽ വരുന്ന 10-20 അധ്യായങ്ങളാണ്. ആ ഭാഗത്തെക്കുറിച്ചുള്ള വിശദീകരണമാണ് താഴെക്കൊടുക്കുന്നത്.

**1. രണ്ടാം സമാഹാരത്തിന്റെ ശീർഷകം**

രണ്ടാം സമാഹാരമായ 10:1-22:16 ആരംഭിക്കുന്നത് *മിഷ്‌ലെ ഷ്‌ലോമോ* ("സോളമന്റെ സുഭാഷിതങ്ങൾ") എന്ന വാക്കുകളോടുകൂടിയാണ്. രണ്ടാം സമാഹാരത്തിന്റെ ശീർഷകമായി ഇതിനെ കണക്കാക്കാം. ഹീബ്രുവിലുള്ള മൂലഗ്രന്ഥത്തിൽ മാത്രമേ ഈ ശീർഷകം കാണുന്നുള്ളു. മറ്റു പ്രാചീന വിവർത്തനങ്ങളിലൊന്നും ഈ ശീർഷകം കാണുന്നില്ല എന്നത് ശ്രദ്ധേയമാണ്. *മിഷ്‌ലെ* ("Proverbs of") എന്ന ശീർഷകം ഈ ഭാഗത്തിനും തികച്ചും ഉചിതമാണ്. ലക്ഷണമൊത്ത ചൊല്ലുകൾ അല്ലെങ്കിൽ സുഭാഷിതങ്ങളാണ് ഇതിലുള്ളത്. *ഷ്‌ലോമോ* (സോളമൻ) എന്ന പേരു കൂട്ടിച്ചേർത്തിരിക്കുന്നതുകൊണ്ട്, വിജ്ഞാനോക്തികൾ ആണ് ഇവയെന്ന ഉറപ്പും ലഭിക്കുന്നുണ്ട്. മാത്രമല്ല, ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ചൊല്ലുകളുടെ ആകെ എണ്ണവും *ഷ്‌ലോമോ* എന്ന ഹീബ്രുപദത്തിന്റെ അക്ഷരങ്ങളുടെ സംഖ്യാമൂല്യവും 375 ആണ് എന്നുള്ളതും സോളമനുമായി ഈ സമാഹാരത്തിനുള്ള ബന്ധത്തെ കാണിക്കുന്നതിന് ഉപയോഗപ്പെടുത്തിയെന്നു വിചാരിക്കുന്നതിൽ തെറ്റില്ല. ചൊല്ലുകൾ ആവർത്തിച്ചിരിക്കുന്നതുപോലും 375 എന്ന എണ്ണം തികയ്ക്കുന്നതിനുവേണ്ടിയാണ് എന്നു വിചാരിക്കുന്ന പണ്ഡിതരും ഇല്ലാതില്ല.

**2. കർതൃത്വവും കാലവും**

സുഭാഷിതങ്ങളുടെ ഗ്രന്ഥത്തിലെ ഏറ്റവും ദൈർഘ്യമേറിയ സമാഹാരമാണ് രണ്ടാമത്തെ സമാഹാരമായ 10:1-22:16. ഇതാണ് സോളമൻ മൂവായിരം സുഭാഷിതങ്ങളും ആയിരത്തഞ്ചു ഗീതങ്ങളും രചിച്ചിട്ടുണ്ട് എന്ന് രാജാക്കന്മാരുടെ ഒന്നാം പുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും (4:29-34) വിജ്ഞാനഗ്രന്ഥങ്ങൾ സോളമന്റെ പേരിനോടു ബന്ധിപ്പിച്ച് അവതരിപ്പിക്കുന്ന പാരമ്പര്യവുമുണ്ടെങ്കിലും ഇന്ന് ആരുംതന്നെ വിജ്ഞാനഗ്രന്ഥങ്ങളുടെ കർതൃത്വം സോളമനിൽ ആരോപിക്കുന്നില്ല. സുഭാഷിതങ്ങളിലെ സമാഹാരങ്ങൾക്കുള്ളതുപോലെ ബൈബിളിൽ കാണുന്ന ശീർഷകങ്ങൾ എല്ലാം തന്നെ പിൽക്കാലത്തു കൂട്ടിച്ചേർത്തിട്ടുള്ളതാണെന്നതാണ് ആധുനികപണ്ഡിതരുടെ ഭാഷ്യം. മാത്രവുമല്ല, മറ്റു പല ദേശക്കാരുടെയും വിജ്ഞാനകൃതികളുമായിട്ടുള്ള സാമ്യം അവരിൽനിന്നു ഇസ്രായേൽക്കാർ പലതും കടംകൊണ്ടിട്ടുണ്ട് എന്നതിനും തെളിവായി നിൽക്കുന്നു. സുഭാ 22:17-24:34 വരെയുള്ള ഭാഗവുമായി അമെൻ-എം-ഓപ്പെ എന്ന ഈജിപ്ഷ്യൻ കൃതിയ്ക്കുള്ള സാമ്യത്തെക്കുറിച്ച് നാം കഴിഞ്ഞവർഷത്തെ ലഘുപഠനത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. എങ്കിലും നേരത്തെ നാം നിരീക്ഷിച്ചതുപോലെ, ഈ സമാഹാരങ്ങളിൽ സോളമന്റെ പങ്കും സ്വാധീനവും തള്ളിക്കളയാനാവാത്തതാണ്; പ്രത്യേകിച്ചും സോളമന്റേത് എന്ന ശീർഷങ്ങളോടുകൂടിയവയിൽ. എങ്കിൽ അദ്ദേഹത്തിന്റെ കാലംമുതലുള്ള, അതായത്, പത്താംനൂറ്റാണ്ട് ബി.സി. മുതൽ നിലവിലുള്ള ചൊല്ലുകൾ ഇതിലുണ്ട് എന്നു അനുമാനിക്കാം.

**3. ഘടനയും ഉള്ളടക്കവും**

ജീവിതത്തെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ ചെറിയ ചൊല്ലുകളായി പകർന്നുതരുന്നവയാണ് ഈ സുഭാഷിതസമാഹാരം. അവയെല്ലാംതന്നെ സ്വതന്ത്രമായി നിൽക്കുന്നതിനാൽ ഒരു പ്രത്യേക വിഷയമനുസരിച്ചോ, പദപ്രയോഗങ്ങളുടെ ആവർത്തനമനുസരിച്ചോ ഈ ഭാഗത്തെ നിശ്ചിതഭാഗങ്ങളായി തിരിക്കുന്നത് എളുപ്പമല്ല. അതുകൊണ്ട് ഓരോ അധ്യായമനുസരിച്ച് ഇതിന്റെ ഉള്ളടക്കത്തിലേക്കു പ്രവേശിക്കുന്നതാണു ചിതം.

**4. അധ്യായം 10:**

ഒന്നാം സമാഹാരത്തിന്റെ സുഭാഷിതശൈലി രണ്ടാം സമാഹാരവും നിലനിർത്തുന്നുണ്ട്. പിതാവ്, മാതാവ് എന്നീ പദങ്ങൾ നേരത്തെ ഉപയോഗിച്ച അതേ അർഥത്തിൽ ജ്ഞാനവ്യക്തികളെ സൂചിപ്പിക്കുന്നു. മകൻ ജ്ഞാനാർഥിയെ സൂചിപ്പിക്കുന്നു. മുൻകരുതലുള്ള മകനും അലസനായ മകനും പിതാവിനും മാതാവിനും കൈവരുത്തുന്ന നന്മതിന്മകളെ വ്യതിരിക്തമാക്കിക്കൊണ്ടാണ് ഇതിന്റെ ആമുഖം നല്കിയിരിക്കുന്നത്. മുൻകരുതലിനെയും അലസതയെയും സ്വത്തുസമ്പാദനമായും അത് നീതിയുമായും ബന്ധപ്പെടുത്തി, 1-5 വാക്യങ്ങളെ അവതരിപ്പിക്കുന്നു. സ്വഭാവം അധരത്തിലൂടെ വെളിപ്പെടുന്നു എന്ന് 6-9 വാക്യങ്ങളിൽ കാണുമ്പോൾ 10-17 വാക്യങ്ങൾ അതിനെ ഹൃദയവുമായി ബന്ധപ്പെടുത്തുന്നു. ജീവനിലേക്കു നയിക്കുന്ന വഴി ശിക്ഷണത്തിന്റേതാണെന്നാണ് 17-ാം വാക്യം അടിവരയിട്ടു ഉറപ്പിക്കുന്നത്. ഒരുവന്റെ സംസാരവും മറ്റു പ്രവൃത്തികളും തനിക്കുതന്നെ കൈവരുത്തുന്ന നന്മതിന്മകളെന്നപോലെ, അന്യർക്കു വരുത്തുന്ന നന്മതിന്മകളെ തുടർന്ന് പ്രതിപാദിക്കുന്നു. ചുരുക്കത്തിൽ അലസൻ ദുഷ്ടനാണ്. അവന്റെ അധരത്തിലും ഹൃദയത്തിലും ജ്ഞാനമില്ല. അവൻ തനിക്കുതന്നെയും മറ്റുള്ളവർക്കും ഐശ്വര്യകാരിയല്ല. നീതിമാൻ അധ്വാനിയും ഐശ്വര്യവും ആയുസ്സും ആസ്വദിക്കുന്നവൻ.

**5. അധ്യായം 11.**

ഈ അധ്യായത്തിലും ജ്ഞാനത്തെയും ഭോഷത്തത്തെയും, ക്രമമായി നീതിയോടും ദുഷ്ടതയോടും ബന്ധിപ്പിച്ചിരിക്കുന്നു. നീതിമാനും ദുഷ്ടനും തമ്മിലുള്ള അന്തരം തങ്ങളുടെ പ്രവർത്തനങ്ങളിലൂടെയും പ്രവർത്തനഫലങ്ങളിലൂടെയും വെളിപ്പെടുത്തുന്നു. അഹങ്കാരം, വക്രത, അത്യാഗ്രഹം, നാശകരമായ വാക്ക്, ഏഷണി, കുടുംബദ്രോഹി, എന്നീ പദങ്ങളൊക്കെ ദുഷ്ടനെ സൂചിപ്പിക്കുന്ന പദങ്ങളാണ്. എന്നാൽ, വിനയം വിശ്വസ്തത, നീതി, ആലോചനാശീലം, ദാനശീലം, എന്നിവയൊക്കെ നീതിമാനോടു ബന്ധിപ്പിക്കുന്നു. ജ്ഞാനത്തിന്റെ പ്രവൃത്തിയെ നീതിയോടും നീതിയുടെ ഫലത്തെ ജീവനോടും ബന്ധിപ്പിക്കുമ്പോൾ ദുഷ്ടന്റെ പ്രവൃത്തിയെ അക്രമത്തോടും നാശത്തോടും ബന്ധിപ്പിക്കുന്നു.

**6. അധ്യായം 12-13**

12-13 അധ്യായങ്ങൾ നീതിമാനെക്കുറിച്ചും ദുഷ്ടനെക്കുറിച്ചും പൊതുവായി പറയുന്നവയാണ്. അറിവുനേടാൻ ശിക്ഷണം ആവശ്യമാണ്. ശാസനവും തിരുത്തലും ഉൾപ്പെടുന്ന ശിക്ഷണം വിജ്ഞാനദാനത്തോടു ചേർന്നു പോകുന്ന പ്രവൃത്തിയാണെന്നും ആമുഖമായി പറഞ്ഞുകൊണ്ടാണ് രണ്ട് അധ്യായങ്ങളും നീതിമാന്റെയും ദുഷ്ടന്റെയും ജീവിതത്തെ താരതമ്യം ചെയ്യുന്നത് (12:1-2; 13:1). ജ്ഞാനപദാവലികൊണ്ടും അവരുടെ വാക്കുകളുടെ പരിണിതഫലംകൊണ്ടും വീണ്ടും ഇരുകൂട്ടരെയും താരതമ്യം ചെയ്യുന്നുണ്ട്. നീതിമാന്റെ ജ്ഞാനവും ദുഷ്ടന്റെ ഭോഷത്തവും അവരുടെ ഹൃദയങ്ങളിലാണെന്നും അവ വെളിപ്പെടുന്നത് അധരത്തിലൂടെയും (വാ. 4-8) പ്രവൃത്തികളിലൂടെയുമാണെന്നും തുടർന്നുള്ള വാക്യങ്ങളിൽ പറയുന്നു. നിലം തരിശ്ശിടുന്നത് ഭോഷത്തമാണെന്നു രണ്ടധ്യായങ്ങളും ഓർമ്മിപ്പിക്കുന്നുണ്ട് (12:11; 13:23). രണ്ട് അധ്യായങ്ങളും നീതിയെ ഐശ്വര്യം/ജീവൻ എന്നിവയോടും അനീതിയെ ദാരിദ്ര്യം/മരണം എന്നിവയോടും ബന്ധിപ്പിക്കുന്നുണ്ട്.

**7. അധ്യായം 14.**

ഈ അധ്യായത്തിലും വിവേകിയെക്കുറിച്ചും ഭോഷനെക്കുറിച്ചുമുള്ള വിവരങ്ങളാണ് ഗ്രന്ഥകാരൻ നല്കുന്നത്. വിവേകിയെ ജ്ഞാനത്തോടു ബന്ധിപ്പിച്ചുകൊണ്ട് സത്യസന്ധൻ, ബുദ്ധിമാൻ, ഉത്തമനായ മനുഷ്യൻ എന്നിങ്ങനെ വിശേഷിപ്പിക്കുമ്പോൾ, ഭോഷനെ ദുഷ്ടൻ, കുടിലമാർഗി, പരിഹാസകൻ, വഴിപിഴച്ചവൻ എന്നിങ്ങനെയാണു വിശേഷിപ്പിക്കുക. ബുദ്ധിമാനും ഭോഷനും തങ്ങളുടെ പ്രവൃത്തികളുടെ വ്യത്യസ്തയ്ക്കനുസരിച്ചുള്ള പേരുകളിൽ അറിയപ്പെടുന്നു എന്ന സത്യം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. അധ്വാനത്തെക്കുറിച്ചും അറിവിനെക്കുറിച്ചും അനുഗ്രഹത്തെക്കുറിച്ചും ക്ഷമാശീലത്തെക്കുറിച്ചും പാവപ്പെട്ടവരോടുള്ള ദയയെക്കുറിച്ചും സത്യസന്ധമായി സാക്ഷി പറയുന്നതിനെക്കുറിച്ചും ദൈവഭക്തിയെക്കുറിച്ചും രാജപ്രീതി നേടുന്നതിനെക്കുറിച്ചും വിവേകിയും ഭോഷനും തമ്മിലുള്ള അന്തരം വ്യക്തമാക്കി സമൂഹജീവിതത്തിൽ കൈവരുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയും വിലയിരുത്തുന്ന സുഭാഷിതങ്ങൾ അന്നെന്നപോലെ ഇന്നും പ്രസക്തമാണ്. 30-ാം വാക്യത്തിൽ മനസ്സ്, ശരീരം, അസ്ഥികൾ എന്നിവയെ പരസ്പരം ബന്ധിപ്പിച്ച് വ്യക്തിത്വത്തിന്റെ സമഗ്രതയെ പ്രതിപാദിക്കുന്നുണ്ട്. ഒന്നിന്റെ സുസ്ഥിതി വ്യക്തിയെ മുഴുവൻ ബാധിക്കുമെന്നു സാരം.

**8. അധ്യായം 15**

സർവജ്ഞാനിയായ ദൈവം (വാ 11) വിവേകിയുടെയും ഭോഷന്റെയും വാക്കുകളും വഴികളും അറിയുന്നു. നീതിമാന്റെ അധരങ്ങൾ ആലോചനയുള്ള മനസ്സിന്റെ പ്രകടനമാണ്. ഭോഷന്റെ അധരങ്ങളാകട്ടെ അവന്റെ ഭോഷത്തം നിറഞ്ഞ മനസ്സിനെ പോഷിപ്പിക്കുകയാണ്. ശാസനം അവഗണിക്കുന്നതിലുള്ള ആപത്തിനെക്കുറിച്ചും നേട്ടത്തെക്കുറിച്ചും ഈ അധ്യായവും പ്രതിപാദിക്കുന്നുണ്ട്. ഈ അധ്യായത്തിലും 30-ാം വാക്യത്തിൽ കണ്ണ്, ഹൃദയം, കേഴ്‌വി, ശരീരം എന്നിവയെ വ്യക്തിത്വത്തിന്റെ സമഗ്രതയെ സൂചിപ്പിക്കുന്നതിനും ജ്ഞാനത്തിന്റെ സദ്ഫലങ്ങളോടു ബന്ധിപ്പിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നു. കർത്താവു ദുഷ്ടരിൽനിന്ന് അകന്നിരിക്കുന്നു എന്നു തുടങ്ങുന്ന 29-ാം വാക്യം ഹൃദയത്തിൽ ചിന്തയില്ലാത്ത അധരവ്യായാമത്തെ ദൈവം കണക്കിലെടുക്കുകയില്ല എന്നു നമ്മെ മനസ്സിലാക്കിത്തരുന്നുണ്ട്. ഭോഷർക്ക് അഥവാ ദുഷ്ടർക്ക് എല്ലാം അധരത്തിലാണ്. അവർക്ക് ഹൃദയത്തിൽ സദ്ചിന്തയില്ല എന്നു ചുരുക്കം

**9. അധ്യായം 16**

മനുഷ്യനെക്കുറിച്ചുള്ള പദ്ധതികൾ അവൻതന്നെ വിഭാവനം ചെയ്താലും കർത്താവിന്റെ ഹിതത്തിന് അവൻ കീഴ്‌വഴങ്ങിയേ മതിയാവൂ. അതുകൊണ്ട് പ്രയത്നം കർത്താവിൽ അർപ്പിച്ചാലാണ് ഒരുവന്റെ പദ്ധതികൾ ഫലമണിയുക. കാരണം, കർത്താവു ഓരോ സൃഷ്ടിയും നടത്തിയത് നിശ്ചിതലക്ഷ്യത്തോടെയാണ്. ഹൃദയം പരിശോധിക്കുന്ന കർത്താവിനോടു ചേർന്നുനിന്ന് അവിടുത്തെ ഹിതം അന്വേഷിക്കുക എന്നതാണ് മനുഷ്യനു ചെയ്യാനുള്ളത് എന്ന് ആദ്യാവസാനവാക്യങ്ങളിലും ഒമ്പതാം വാക്യത്തിലും ഉദ്ബോധിപ്പിക്കുന്നു. അധികാരികൾ ദൈവഹിതാനുവർത്തികളാണ് എന്ന് 10, 12-15 വാക്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ജ്ഞാനത്തെ സ്വർണത്തോടും വെള്ളിയോടും ഉപമിച്ചിരിക്കുന്നത് (16:16) സുഭാഷിതഗ്രന്ഥത്തിൽ മറ്റു സ്ഥലങ്ങളിലും കാണാം (3:14-15; 8:10). അഹങ്കാരികളുടെ നാശം ശക്തമായ താക്കീതായി നിലനിൽക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. ഈ അധ്യായത്തിലും 5, 18-19 വാക്യങ്ങൾ അഹങ്കാരികളുടെ നാശത്തെക്കുറിച്ചുള്ളതാണ്. ഭോഷനെ അഹങ്കാരി, വിലകെട്ടവൻ, വികടബുദ്ധി, ഏഷണിക്കാരൻ, അക്രമി എന്നൊക്കെ വിശേഷിപ്പിക്കുകയും കണ്ണിറുക്കുന്നതും ചുണ്ടുകടിക്കുന്നതും അവന്റെ പെരുമാറ്റവൈകല്യമായി അവതരിപ്പിക്കുകയും ചെയ്യുന്നത് ചിന്താർഹമാണ്.

**10. അധ്യായം 17**

28 വാക്യങ്ങളുള്ള ഈ അധ്യായത്തിൽ കുടുംബപരവും സമൂഹപരവുമായ തലങ്ങളിൽ നീതിമാന്റെയും ദുഷ്ടന്റെയും വ്യതിരിക്ത സംസാരശൈലിയും പ്രവർത്തനങ്ങളും പ്രബോധനവിഷയമാക്കുന്നു. ദുഷ്ടരുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നവനും നീതിമാന്മാരിൽ കുറ്റം ചുമത്തുന്നവനും ഒന്നുപോലെ കർത്താവിനെ വെറുപ്പിക്കുന്നു എന്നത് അന്നെന്നപോലെ എന്നും പ്രസക്തമായ സുഭാഷിതമാണ്. 18-25 വാക്യങ്ങളിൽ ദുഷ്ടന്റെ പ്രത്യേകതകളാണു പൊതുവായി പറയുന്നത്. അവനെ ബുദ്ധിഹീനൻ, നിയമനിഷേധകൻ, കലഹപ്രിയൻ, കുടിലമാനസൻ, വികടഭാഷി എന്നിങ്ങനെ വിശേഷിപ്പിക്കുകയും പിതാവിനും മാതാവിനും അവനെങ്ങനെയായിരിക്കുമെന്നു സുഭാഷിതഗ്രന്ഥപാരമ്പര്യം ആവർത്തിക്കുകയും ചെയ്യുന്നു. “മൗനം ഭജിക്കുന്ന മൂഢൻപോലും ജ്ഞാനിയെന്നു കരുതപ്പെടുന്നു” മൗനപാലനത്തിന്റെ ശ്രേഷ്ഠതയെ ഉയർത്തിക്കാണിക്കുന്നു.

**11. അധ്യായം 18**

മുൻ അധ്യായങ്ങളിലേതുപോലെ ജ്ഞാനിയെയും ഭോഷനെയും താരതമ്യം ചെയ്തുകൊണ്ടുതന്നെയാണ് ഇതിലെ പ്രബോധനവും കാണപ്പെടുന്നത്. ഒപ്പം ജീവിതവിജയത്തിനാവശ്യമായ മറ്റു ചില പാഠങ്ങളും ഈ അധ്യായത്തിലുണ്ട്. ഭോഷനെ വേറിട്ടുനിൽക്കുന്നവനായി നല്ല തീരുമാനങ്ങളോടു മറുതലിച്ചുനിൽക്കുന്നവനായി അവതരിപ്പിച്ചുകൊണ്ട് ആരംഭിക്കുന്ന വിജ്ഞാനശകലങ്ങൾ അവന്റെ വാക്കുകളുടെ പ്രത്യേകതകളെ എടുത്തുപറയുന്നു. സംസാരിക്കുന്നതിലുള്ള തിടുക്കം ഭോഷത്തത്തെ സൂചിപ്പിക്കുന്നുവെന്ന് രണ്ടും പതിമൂന്നും വാക്യങ്ങൾ പറയുമ്പോൾ അവന്റെ വാക്കുകൾ കലഹത്തിനും ചാട്ടയടി ക്ഷണിച്ചുവരുത്തുന്നതിനും അവനു കെണിന്നുവെന്നും ആറും ഏഴും വാക്യങ്ങൾ പറയുന്നു. നീതിമാനെക്കുറിച്ചു പറയുന്ന വചന

ങ്ങളാണ് 10-11, 15 വാക്യങ്ങൾ. മറ്റു വാക്യങ്ങൾ പൊതുവായ പ്രബോധനങ്ങളും പ്രസ്താവനകളുമാണ്. ഇവയിൽ ഉത്തമയായ ഭാര്യയെക്കുറിച്ചും (22) സഹായിക്കുന്ന സഹോദരനെക്കുറിച്ചും (19) ഉറ്റ സ്നേഹിതനെക്കുറിച്ചും (24) ഉള്ള സുഭാഷിതങ്ങൾ ഉൾപ്പെടുന്നു.

**12. അധ്യായം 19**

ഈ അധ്യായവും വിജ്ഞാനത്തിന്റെ മേന്മകളെക്കുറിച്ചും ഭോഷത്തത്തിന്റെ ദുരന്തത്തെക്കുറിച്ചും നല്കുന്ന ഉപദേശശകലങ്ങളുടെ സമാഹാരമാണ്. ദരിദ്രന്റെ ദുർഗതിയെക്കുറിച്ചു പറയുന്നുണ്ടെങ്കിലും ദുർഭാഷണം ചെയ്യുന്ന ഭോഷനെക്കാൾ മെച്ചമായി സത്യസന്ധനായ ദരിദ്രനെ അവതരിപ്പിക്കാൻ ആദ്യവാക്യംതന്നെ ഉപയോഗിക്കുന്നുണ്ട്. കള്ളസാക്ഷ്യത്തെക്കുറിച്ച് 5, 9 വാക്യങ്ങൾ ഏതാണ്ടു സമാനാശയമാണ് പങ്കുവയ്ക്കുന്നത്. സമ്മാനങ്ങൾ കൊടുക്കുന്നവനെക്കുറിച്ചു പതിനെട്ടാം അധ്യായത്തിലെന്നപോലെ ഇവിടെയും പരാമർശമുണ്ട്. കോപത്തെക്കുറിച്ചുള്ളതാണ്11-12,19 വാക്യങ്ങൾ. 13-14, 26 വാക്യങ്ങൾ കുടുംബപശ്ചാത്തലത്തിൽനിന്നുകൊണ്ടുള്ള പ്രബോധനങ്ങളാണ്. ഭോഷത്തവും അതിനോടു ചേർന്നുപോകുന്ന പ്രവർത്തനങ്ങളും നാശം വരുത്തുന്നു എന്ന് ഇവിടെ വ്യക്തമാക്കുന്നു. വ്യാജത്തെ വെറുത്തുപേക്ഷിക്കുന്നതിനുവേണ്ട ഉപദേശങ്ങളാണ് 5, 9, 22 വാക്യങ്ങളുടെ രണ്ടാംഭാഗത്തു നല്കുന്നത്. മുൻ അധ്യായങ്ങളിലെന്നപോലെ കർത്താവിന്റെ തീരുമാനമാണ് അന്ത്യമായത് എന്ന് 21-ാം വാക്യം ആവർത്തിക്കുന്നുണ്ട്. ദുഷ്ടന്റെ സ്വഭാവത്തെയും അതിന്റെ പ്രതിഫലത്തെയും ഉദ്ബോധിപ്പിച്ചുകൊണ്ടാണ് (വാ 28-29) അധ്യായം അവസാനിക്കുക

**13. അധ്യായം 20**

വീഞ്ഞിനെയും മദ്യത്തെയും വിശേഷിപ്പിക്കുന്നതു ഭോഷനെ സൂചിപ്പിക്കുന്ന പേരുകൾ കൊണ്ടാണ് എന്നതു ശ്രദ്ധേയമാണ്. 19-ാമധ്യായത്തിലെ പല വചനങ്ങളുടെയും ആവർത്തനം അതേപോലെയും അല്പ വ്യത്യാസത്തോടെയും 20-ാമധ്യായത്തിലും കാണാം (ഉദാ. 19:12 = 20:2; 19:15 = 20:13). 10, 23 വാക്യങ്ങൾ കള്ളത്തൂക്കത്തെക്കുറിച്ചുള്ളവയാണ്. ജ്ഞാനത്തെ അമൂല്യരത്നമായി കണക്കാക്കുന്ന സുഭാഷിതശൈലി ഈ അധ്യായത്തിലും ആവർത്തിച്ചിട്ടുണ്ട് (വാ 15). പ്രതികാരം ചെയ്യുന്നതിനെതിരെയുള്ളതാണ് 22-ാം വാക്യം. അലസതനെക്കുറിച്ചും (വാ 4) സത്യസന്ധതയെക്കുറിച്ചും (വാ 7) ജ്ഞാനിയായ രാജാവിനെക്കുറിച്ചും (വാ. 26, 28) ശിക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും (വാ. 30) മറ്റു ഭാഗങ്ങളിലെന്നപോലെ ഈ അധ്യായത്തിലും പറഞ്ഞിരിക്കുന്നു.

പന്ത്രണ്ട് അധ്യായങ്ങളോളമുള്ള രണ്ടാം സമാഹാരത്തിലെ (10:1-22:16) പതിനൊന്ന് അധ്യായങ്ങളുടെ വിശകലനത്തിൽ നിന്ന് വിഷയങ്ങളനുസരിച്ച് ക്രമീകൃതമായ ഒരു രചനയായി സുഭാഷിതഗ്രന്ഥത്തെ കാണുക സാധ്യമല്ല. ദൈവികദാനമായ ജ്ഞാനത്തെ സ്നേഹിക്കുവാനും കഠിനാധ്വാനത്തിലൂടെ അതു നേടിയെടുക്കുവാനും സുകൃതിയായി ജീവിക്കുവാനും തിന്മയിൽനിന്നു വിട്ടു നിൽക്കുവാനും പ്രേരിപ്പിക്കുന്ന വിധത്തിലുള്ള ഉപദേശങ്ങളും നന്മയുടെ വഴിയിൽ ചരിച്ചാലുണ്ടാകുന്ന പ്രതിഫലവും തിന്മയുടെ വഴിയിൽ ചരിച്ചാലുണ്ടാകുന്ന നാശവും എന്തെന്നു പ്രബോധിപ്പിക്കുന്ന പ്രസ്താവനകളും അടങ്ങുന്ന ഈ സുഭാഷിതങ്ങൾ അന്നെന്നപോലെ ഇന്നും പ്രസക്തമാണ്. തലമുറകളുടെ അനുഭവസമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള ചിന്തയുടെയും മനനത്തിന്റെയും ഫലമായ ഈ 'സുഭാഷിതങ്ങളിൽ പതിരില്ല' എന്നതുതന്നെയാണതിനു കാരണം.

# ലോഗോസ് ക്വിസ് 2016

## ലഘുപഠനം

**വെളിപാട്**

തയ്യാറാക്കിയത്:

Dr. Johnson Puthussery CST

# വെളിപാടു ഗ്രന്ഥം
## *ലഘുപഠനം*

### ആമുഖം

യോഹന്നാന്റെ വെളിപാട് പലർക്കും 'വെളിപ്പെടുത്തപ്പെടുന്ന' പുസ്തകമെന്നതിലുപരി ദുരൂഹതകളും അവ്യക്തതകളും നിറഞ്ഞുനില്ക്കുന്നതാണ്. വെളിപാടിൽ എത്ര വാക്കുകളുണ്ടോ അത്രയും രഹസ്യങ്ങളുണ്ട് എന്ന വി. ജെറോമിന്റെ പ്രസ്താവന ഈ ഗ്രന്ഥം എത്രമാത്രം രഹസ്യാത്മകമാണ് എന്നതിന്റെ സൂചനയാണ്. ഔദ്യോഗിക സഭയിൽത്തന്നെ പൊതുവേ ഈ ഗ്രന്ഥത്തിന് അധികം പ്രാധാന്യം ലഭിച്ചതായി കാണുന്നില്ല. പ്രതീകങ്ങൾ നിറഞ്ഞു നില്ക്കുന്നതിനാൽ വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടുണ്ടെന്നതും ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നുണ്ടെന്നതുമാകാം അതിന് ഒരു കാരണം. '' അകത്തും പുറത്തും എഴുതപ്പെട്ടതും സപ്തമുദ്രകൾ പതിച്ചതു''മായി (വെളി 5,1) സിംഹാസനസ്ഥന്റെ വലതുകൈയിലിരിക്കുന്ന ഗ്രന്ഥംപോലെ തുറക്കപ്പെടാത്ത ഗ്രന്ഥമായി പലർക്കും ഇത് അനുഭവപ്പെടുന്നു.

ഔദ്യോഗികസഭകളിൽ വെളിപാടിന് പ്രാധാന്യം കാണുന്നില്ലെങ്കിലും, സഭാന്തരവിഭാഗങ്ങളുടെയിടയിൽ ഇതിലെ പ്രതീകങ്ങൾ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ലോകാവസാനത്തെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളെല്ലാംതന്നെ വെളിപാടിനെ അധികരിച്ചുള്ളതാണ്. കലകളിൽ ഇതിനുള്ള സ്വാധീനവും എടുത്തു പറയേണ്ടിയിരിക്കുന്നു. ലോകാവസാനദൃശ്യങ്ങളും പുതിയ ആകാശവും പുതിയ ഭൂമിയുമെന്ന സ്വപ്നവും വിശ്വൈകജേതാവായ വെള്ളക്കുതിരപ്പുറത്തേറിയ ക്രിസ്തുവും സൂര്യനെ ഉടയാടയാക്കിയ സ്ത്രീയും എല്ലാം ഏതാനും ഉദാഹരണങ്ങൾ മാത്രം.

വെളിപാട്ഗ്രന്ഥം യോഹന്നാനു ലഭിച്ച ദർശനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു മനുഷ്യജീവിതത്തെയും ചരിത്രത്തെയും വ്യാഖ്യാനിക്കുന്നതാണ് ഇതിലെ മുഖ്യപ്രമേയമെന്നു പറയാം. ഈ ഗ്രന്ഥത്തിന്റെ ദുരൂഹതയുടെ തോടുകൾ ഭേദിച്ചാൽ വിസ്മയകരമായ ദൈവശാസ്ത്രലോകത്തെത്തിച്ചേരാൻ കഴിയും. ബൈബിളിലെ ഏറ്റവും സമ്പന്നമായ ദൈവശാസ്ത്രങ്ങളിലൊന്ന് വെളിപാടിലേതാണെന്ന് ചിലർ പറയുന്നു.

### രചയിതാവ്

വെളിപാടിന്റെ രചയിതാവ് ആരെന്ന് ആമുഖത്തിൽ പറയുന്നുണ്ട്: ''ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെ ... ദാസനായ യോഹന്നാന് വെളിപ്പെടുത്തി''(1,1-2; 4,9; 22,8). ദൈവദർശനം സ്വീകരിക്കുകയും സഭകൾക്ക് കൈമാറുകയും ചെയ്യുന്നത് ഈ യോഹന്നാനാണ്. ഈ ഗ്രന്ഥത്തിൽ നാല്പത്തിയേഴു പ്രാവശ്യം ''ഞാൻ കണ്ടു'' എന്നും ഇരുപത്തിയേഴുപ്രാവശ്യം ''ഞാൻ കേട്ടു'' എന്നും ആവർത്തിക്കുന്നതിൽനിന്ന് ഗ്രന്ഥകാരൻ വെളിപാടിലെ ദർശനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഊഹിക്കാം. ''നിങ്ങളുടെ സഹോദരനും, പീഡകളിലും രാജ്യങ്ങളിലും ക്ഷമാപൂർവമായ സഹനത്തിലും യേശുവിൽ നിങ്ങളോടൊപ്പം പങ്കുചേർന്നവനുമായ യോഹന്നാനായ ഞാൻ''(1,9) എന്ന് പരിചയപ്പെടുത്തുന്ന അദ്ദേഹം സഭകളുടെ അനുദിനജീവിതം അടുത്തറിയുകയും സഹോദരങ്ങളുടെ പീഡകളിൽ പങ്കുചേരുകയും ചെയ്യുന്നു. ഈ സഭകളിൽ അദ്ദേഹത്തിന് ഉന്നതസ്ഥാനമുണ്ടായിരുന്നു എന്നത് നിസ്തർക്കമാണ്.

സുവിശേഷവും ലേഖനങ്ങളും എഴുതിയത് യോഹന്നാൻ ശ്ലീഹയാണെന്ന് പൊതുവേ കണക്കാക്കപ്പെടുന്നു. വെളിപാട് രചിച്ചതും ഇതേ ശ്ലീഹയാണെന്ന് പ്രബലമായ ഒരു പാരമ്പര്യമുണ്ട്. സെബദിയുടെ പുത്രനായ യോഹന്നാൻ സുവിശേഷവും വെളിപാടും എഴുതിയെന്ന് രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇരണേവൂസും പറയുന്നുണ്ട്. ഇതിന്റെ ചുവടുപിടിച്ച് ആദിമനൂറ്റാണ്ടിലെ പല സഭാപിതാക്കന്മാരും രചയിതാവ് യോഹന്നാൻ ശ്ലീഹയാണെന്ന അഭിപ്രായം തന്നെയാണ് ആവർത്തിക്കുന്നത്.

യോഹന്നാൻ ശ്ലീഹ എഴുതിയെന്ന് വെളിപാടുഗ്രന്ഥത്തിൽ എടുത്തുപറയാത്തത് രചയിതാവിനെപ്പറ്റി ആദിമനൂറ്റാണ്ടുമുതൽതന്നെ സംശങ്ങൾക്ക് ഇടനല്കി. കൂടെജീവിച്ച ഒരു വ്യക്തിയുടെ മിഴിവൊടെയല്ല ഗ്രന്ഥകാരൻ യേശുവിനെ ചിത്രീകരിക്കുന്നതെന്നതും ശ്രദ്ധേയമാണ്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനമാണ് വെളിപാടുഗ്രന്ഥം രചിക്കപ്പെട്ടതെന്ന് അംഗീകരിക്കുകയാണെങ്കിൽ ഈ കാലയളവിൽ യോഹന്നാന്റെ പ്രായാധിക്യം കൂടി പരിഗണിക്കാം. ഇത്ര മിഴിവുറ്റതും വിഭ്രമജനകവുമായ ചിത്രീകരണങ്ങൾ ഒരു വ്യക്തിക്ക് തന്റെ വാർധക്യത്തിൽ നല്കാൻ കഴിയുമോയെന്ന് ചിലർ സംശയിക്കുന്നു.

തന്റെ അനുഭവങ്ങളും ആശയങ്ങളും അടുത്തു പങ്കുവച്ചിരിക്കുന്ന ഒരു ശിഷ്യഗണം യോഹന്നാന് ഉണ്ടായിരുന്നതായി അനുമാനിക്കാം. ഈ സമൂഹത്തിലെ ഒരു ശിഷ്യൻ യോഹന്നാന്റെ ദർശനങ്ങൾക്കും വീക്ഷണങ്ങൾക്കും അന്തിമരൂപം നല്കിയതാണ് വെളിപാടുഗ്രന്ഥം. ദർശനം ലഭിച്ചത് യോഹന്നാൻ ശ്ലീഹായ്ക്കാണെങ്കിലും രചിച്ചത് വേറൊരു വ്യക്തിയാണെന്ന് ഈ വിശദീകരണം അംഗീകരിക്കുന്ന പഠിതാക്കാൾ പറയുന്നു. ഒരുപക്ഷേ, വെളിപാട് എഴുതിയ വ്യക്തി ആരെന്ന് നൂറുശതമാനം തീർച്ചയോടെ പറയാൻ ഒരിക്കലും കഴിഞ്ഞെന്നു വരികയില്ല.

**രചിക്കപ്പെട്ട വർഷം**

വെളിപാട് രചിക്കപ്പെട്ട വർഷവും ഇന്നു ചർച്ചാവിഷയമാണ്. കലിഗുള, ക്ലൗദിയൂസ് എന്നീ ചക്രവർത്തിമാരുടെ കാലഘട്ടത്തിൽ (എ.ഡി. 37-54) ഇത് എഴുതപ്പെട്ടെന്നു ചുരുക്കം ചിലർ അവകാശപ്പെടുന്നെങ്കിലും ഇന്നത് ആരും തന്നെ അംഗീകരിക്കുന്നില്ല. ഡൊമീഷ്യൻ ചക്രവർത്തിയുടെ (എ.ഡി.81-96) അവസാനനാളുകളിലാണ് വെളിപാട് എഴുതപ്പെട്ടതെന്ന് ഇരണേവൂസ് പറയുന്നുണ്ട്. അങ്ങിനെയെങ്കിൽ അത് എ.ഡി. 92-96 വർഷങ്ങളിലാണെന്നു കരുതപ്പെടുന്നു. വെളിപാടിലെ പീഡകളും മർദനങ്ങളും ഇതിന് ഉപോദ്ബലകമായി പഠിതാക്കൾ ചൂണ്ടികാണിക്കുന്നു. മാത്രമല്ല, സഭകൾക്കുള്ള എഴുത്തുകളിൽ സൂചിപ്പിക്കുന്ന പ്രശ്നങ്ങൾ എല്ലാംതന്നെ രണ്ടാം തലമുറയിലോ അതിനുശേഷമോ പ്രത്യക്ഷപ്പെടാൻ സാധ്യതയുള്ളതാണ്. എ.ഡി. 95-നോടടുത്ത് വെളിപാട് എഴുതപ്പെട്ടുവെന്ന അഭിപ്രായമാണ് ഇന്ന് കൂടുതൽ പഠിതാക്കളും സ്വീകരിക്കുന്നത്.

**രചിക്കപ്പെട്ടസ്ഥലം**

പാത്മോസ് എന്ന ദ്വീപിലായിരുന്നു യോഹന്നാന് ദൈവികവെളിപാട് ലഭിച്ചത് എന്ന് ഈ ഗ്രന്ഥത്തിൽ പറയുന്നു. തടവുകാരെ ശിക്ഷയ്ക്കായി താമസിപ്പിക്കാൻ റോമൻ ഭരണാധികാരികൾ വിജനവും ഒറ്റപ്പെട്ടതുമായ ഈ കൊച്ചുദ്വീപാണ് തിരഞ്ഞെടുത്തിരുന്നത്. യോഹന്നാനെയും അവിടേക്കു നാടുകടത്തിയതായിരിക്കണം എന്നു കരുതപ്പെടുന്നു. പക്ഷേ വെളിപാട് രചിക്കപ്പെട്ടത് പാത്മോസിലാണെന്ന് രചയിതാവ് പറയുന്നില്ല. ഇതിന്റെ രചന യോഹന്നാന്റെ സമൂഹമുണ്ടായിരുന്ന എഫേസോസിലോ ഏഷ്യാമൈനറിന്റെ തീരങ്ങളിൽ എവിടെയോ ആണെന്നാണ് പൊതുവെയുള്ള പണ്ഡിതമതം.

## മത-സാംസ്കാരിക-രാഷ്ട്രീയപശ്ചാത്തലം

വെളിപാടുഗ്രന്ഥം രചിക്കപ്പെട്ട ലോകത്തിന്റെ പ്രതിഫലനങ്ങൾ ഇതിലെ ആശയങ്ങളിലും പ്രതീകങ്ങളിലും പദപ്രയോഗങ്ങളിലും പ്രകടമാണ്. ഏതൊരു ദർശനത്തിനും അടിസ്ഥാനമായുള്ള പ്രത്യേക ചരിത്ര-സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കുന്നത് അതിന്റെ അർഥതലങ്ങളുടെ ആഴങ്ങളിലേക്കിറങ്ങാൻ സഹായിക്കും. ക്രിസ്തുമതം വ്യാപിക്കുമ്പോൾ മധ്യപൂർവേഷ്യൻ മേഖലകൾ രാഷ്ട്രീയസാമൂഹ്യ മാറ്റങ്ങൾ കൊടുമ്പിരികൊള്ളുന്ന വേദിയായിരുന്നു. റോമൻ സാമ്രാജ്യം ഭൂഖണ്ഡങ്ങൾ കടന്നു വിസ്തൃതമായികൊണ്ടിരുന്ന കാലഘട്ടവുമായിരുന്നു. വിഭിന്നങ്ങളായ ജനതകളും സംസ്കാരങ്ങളും വിശാലറോമൻ ഭരണത്തിൻകീഴിൽ ഉൾകൊണ്ടിരുന്നു. ഇതിൽപ്പെടുന്നവ ആയിരുന്നു വെളിപാടിന്റെ പുസ്തകത്തിൽ വിവരിക്കപ്പെടുന്ന ഏഴുസഭകളും. വൈദേശികാധിപത്യമാണ് സമൂഹത്തിൽ ഏറ്റവും ശക്തമായ കോളിളക്കങ്ങളും ശീഘ്രവ്യതിയാനങ്ങളും ഉളവാക്കുന്നത്. രാഷ്ട്രീയ വ്യവസ്ഥിതിയിലെ മാറ്റങ്ങൾ ഒരു സമൂഹത്തിന്റെ മുഖഛായ തന്നെ മാറ്റിമറിക്കുന്നത് ഇവിടേയും ദൃശ്യമായിരുന്നു.

**വിജാതീയ മതങ്ങൾ**

ഏഷ്യാമൈനറിൽ ആദിമനൂറ്റാണ്ടുകളിൽ വിവിധങ്ങളായ മതങ്ങളും ആചാരങ്ങളും നിലനിന്നിരുന്നു. എഫേസോസിലെ അർത്തേമിസ്/അർത്തിമാദെ പോളിമാസ്തെ ദേവതയുടെ കീർത്തികേട്ട ക്ഷേത്രം പൗരാണികാലത്തെ ഏഴു ലോകാദ്ഭുതങ്ങളിൽ ഒന്നായി കരുതപ്പെട്ടിരുന്നു. പെർഗാമോസിലെ സഭയ്ക്കുള്ള കത്തിൽ സൂചിപ്പിക്കുന്ന സാത്താന്റെ സിംഹാസനം അവിടെ രൂഢമൂലമായിരുന്ന വിജാതീയ മതങ്ങളെ സൂചിപ്പിക്കുന്നു. ഇവിടെയുണ്ടായിരുന്ന സേവൂസിന്റെ ബലിപീഠമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു എന്നു ചിലർ കരുതുന്നു. സാർദിസിന്റെ പ്രധാനദേവത അർത്തെമീസും, ദേവൻ സേവൂസ് ലിദിയോസുമായിരുന്നു. ഇതുപോലെ തന്നെ വിവിധ ദേവതകളുടെയും ആചാരങ്ങളുടെയും സ്വാധീനം മറ്റെല്ലാ നഗരങ്ങളിലും ഉണ്ടായിരുന്നു. വളരെ ശക്തമായിരുന്ന ഈ വിജാതീയ മതങ്ങളുടെ മധ്യേയാണ് ക്രൈസ്തവവിശ്വാസം വേരുറപ്പിക്കാൻ ശ്രമിച്ചിരുന്നത്.

**ചക്രവർത്തിയാരാധന**

സാമ്രാജ്യത്തോടുള്ള ആദരം കാലക്രമേണ ചക്രവർത്തിമാരോടുള്ള ഭക്തിയായി വളർന്നു. ഗ്രീക്കുമതങ്ങളിൽനിന്നുതന്നെ ഇതിനെ അംഗീകരിക്കുന്ന കാരണങ്ങൾ കണ്ടെത്താൻ സാധിച്ചു എന്നത് ചക്രവർത്തിയാരാധന പെട്ടെന്നു വേരുപിടിക്കാൻ സഹായിച്ചു. മരിച്ചുപോയവരോടുള്ള വണക്കം ആവശ്യങ്ങളിലും അപകടങ്ങളിലും സഹായിക്കുമെന്നു യവനർ കരുതിയിരുന്നു. അഗസ്റ്റസ് ചക്രവർത്തി ജീവിതകാലത്തു തന്നെ ദൈവനാമത്തിൽ അറിയപ്പെടാൻ ആഗ്രഹിച്ചിരുന്നത് നീറോയുടെ കാലത്ത് സർവസാധാരണമായി. ലോകരക്ഷകൻ എന്ന് നീറോയും നാഥനും ദൈവവും എന്ന് ഡൊമീഷ്യനും വിളിക്കപ്പെടാൻ ആഗ്രഹിച്ചിരുന്നു. ബഹുദൈവങ്ങളെ ആരാധിച്ചിരുന്ന ജനതകൾക്ക് ഇവരെ ദൈവങ്ങളായി ആരാധിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. മാത്രമല്ല, ആ കല്പനയ്ക്ക് കീഴ്പ്പെടുന്നവർക്കു ലഭിച്ചിരുന്ന രാജകീയാനുകൂല്യങ്ങളാൽ പലരും അതിനെ സാമോദം ആശ്ലേഷിക്കുകയാണുണ്ടായത്.

ചക്രവർത്തിയാരാധന രൂഢമൂലമായിരുന്നിടത്ത് അതിനുള്ള അമ്പലം പണിയാൻ അനുവാദം ലഭിച്ചിരുന്നു. സ്മിർണപട്ടണത്തിൽ റോമാദേവതയ്ക്കായി ബി.സി. 195ൽ പടുത്തുയർത്തിയ അമ്പലം ഏഷ്യാമൈനറിൽ ഈ പുതിയ രാഷ്ട്രീയ-മത സ്വാധീനത്തിന്റെ തുടക്കം മാത്രമായിരുന്നു. ഈ പട്ടണങ്ങളെ "നെയോകോറസ്" (അമ്പലസംരക്ഷകൻ) എന്ന പദവിയും നല്കി റോമൻഭരണകൂടം ആദരിച്ചു. യോഹന്നാന്റെ കത്തുകളിലെ ഏഴു നഗരങ്ങളും പല കാലങ്ങളിലായി നെയോകോറസ് പദവി ലഭിച്ചിരുന്നവയായിരുന്നു എന്നത് ഈ പ്രദേശങ്ങളിൽ മുഴുവൻ വ്യാപകമായിരുന്ന ചക്രവർത്തിയാരാധനയ്ക്കു തെളിവാണ്. ബി.സി. 29ൽ പെർഗാമോസ്പട്ടണത്തിൽ റോമാദേവതയ്ക്കും അഗസ്റ്റസ് സീസറിനുമായി ക്ഷേത്രം പടുത്തുയർത്തി. ഇവിടെയാണ് റോമൻ ചക്രവർത്തിക്ക് ജീവിച്ചിരിക്കുന്ന സമയത്തുതന്നെ ആദ്യമായി ആരാധനാവേദി പണിതത്. ചക്രവർത്തിയാരാധനയുടെ കേന്ദ്രമായിരുന്ന എഫേസൂസിൽ ക്ലൗദിയൂസ്, ഡൊമീഷ്യൻ, ഹേദ്രിയൻ തുടങ്ങിയവർക്ക് ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെട്ടു.

എല്ലാവരും ചക്രവർത്തിയാരാധനയിൽ പങ്കെടുക്കാൻ കടപ്പെട്ടിരുന്നുവെങ്കിലും, ഏകദൈവത്തിൽ വിശ്വസിച്ചിരുന്ന യഹൂദർക്ക് ഇതിൽനിന്നും ഒഴിവുലഭിച്ചിരുന്നു. യഹൂദക്രിസ്ത്യാനികളും ഈ ആനുകൂല്യം അനുഭവിച്ചിരുന്നു. സാവധാനം യഹൂദരും ക്രൈസ്തവരും തമ്മിൽ അകന്നതിന്റെ പ്രത്യാഘാതങ്ങൾ രാഷ്ട്രീയതലത്തിലും പല പ്രശ്നങ്ങൾക്കു കാരണമായി. തങ്ങൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ ക്രിസ്ത്യാനികൾക്കു ലഭിക്കുന്നത് തടയാൻ യഹൂദർ ശ്രമിച്ചു. ഈ സമൂഹങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ അകന്നതിനെ തുടർന്ന് ചക്രവർത്തിയാരാധനയിൽ പങ്കുചേരാൻ ക്രിസ്ത്യാനികൾ നിർബന്ധിതരായി.

സർവാധിപനായ ഏകദൈവത്തിൽ വിശ്വസിച്ചവർക്കു വിശ്വാസപരിത്യാഗം ചെയ്യാതെ റോമൻ ചക്രവർത്തിയെ വണങ്ങാൻ കഴിയുമായിരുന്നില്ല. റോമൻസാമ്രാജ്യത്തോടുള്ള വിധേയത്വം പ്രകടിപ്പിക്കാൻ റോമൻദേവതകളെ പ്രത്യേക പ്രാർഥന ഏറ്റുചൊല്ലി വിളിക്കാനും ചക്രവർത്തിയുടെ പ്രതിമയ്ക്കു മുമ്പിൽ വീഞ്ഞും ധൂമവും അർപ്പിക്കാനും ക്രിസ്തുവിനെ ദ്വേഷിക്കാനും അവർ നിർബന്ധിക്കപ്പെട്ടതായി രണ്ടാം നൂറ്റാണ്ടിലെ പ്ലീനിയുടെ എഴുത്തുകളിൽ സൂചിപ്പിക്കുന്നുണ്ട്. അവരിൽ ചിലർ വിശ്വാസം ത്യജിച്ചതായും മറ്റുചിലർ ക്രിസ്തുവിലുള്ള വിശ്വാസം ധൈര്യപൂർവം ഏറ്റുപറഞ്ഞതായും അദ്ദേഹം എഴുതുന്നു. വെളിപാടിൽ കാണുന്ന ശക്തമായ ഭാഷയിലെ പ്രതികാരത്തിനായുള്ള മുറവിളിയും ഭീകരമായ വിധത്തിൽ തിന്മയുടെ സഹാനുവർത്തികളെ ഉന്മൂലനം ചെയ്യുന്ന ചിത്രീകരണവും സഭയുടെ പ്രശ്നസങ്കീർണങ്ങളായ ദിനങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്.

**അപഭ്രംശംവന്ന സാമൂഹ്യാചാരങ്ങൾ**

ക്രൈസ്തവസമൂഹത്തെ ഉള്ളിൽനിന്നു കാർന്നുതിന്നുതായിരുന്നു സാമൂഹികജീവിതത്തിലെ ലാഘവങ്ങളായ കാഴ്ചപാടുകളും ഇടപെടലുകളും. ഈ കൂട്ടുചേരലിന്റെ വക്താക്കളാണ് ''ജേസബേൽ'', ''നിക്കോളായക്കാർ'' എന്നിങ്ങനെ വിളിക്കപ്പെടുന്നവർ. ഈ സാമൂഹ്യതിന്മയുടെ വ്യാപ്തി അറിയണമെങ്കിൽ ആ നാളുകളിലെ ഏഷ്യാമൈനറിലെ സാംസ്കാരിക പശ്ചാത്തലത്തിലേക്കു കടന്നുചെല്ലണം. ഏഷ്യമൈനറിലെ സാമൂഹ്യാവസ്ഥയിൽ ഉത്പാദകസംഘങ്ങൾക്കു വലിയ പ്രാധാന്യമുണ്ട്. പെർഗാമോസിലെയും ലവൊദീഷ്യയിലെയും നിറംകൂട്ടുകാരും സ്മിർണയിലെ വെള്ളി-സ്വർണപണിക്കാരും എഫേസോസിലെ പണമിടപാടുകാരും തിയത്തിറയിലെ കമ്പിളിവ്യാപാരികളും സാർദീസിലെ കെട്ടിടംപണിക്കാരും ഫിലഡെൽഫിയയിലെ കമ്പിളിനെയ്ത്തുകാരും എല്ലാം ഓരോ തൊഴിൽ സംഘങ്ങളിൽ അംഗങ്ങളായിരുന്നു. റോമൻഭരണകാലത്താണ് ഉത്പാദകസംഘങ്ങൾ കൂടുതൽ വ്യാപകമായത്. ഈ സംഘങ്ങൾ ഏതെങ്കിലും ദേവതകളെ സംരക്ഷകരായി സ്വീകരിച്ചിരുന്നു. ഈ ദേവതകളുടെ ബഹുമാനാർഥം വർഷംതോറും അവർ സംഘടിപ്പിക്കുന്ന വിരുന്നുകളിൽ സംബന്ധിക്കുക അവയിലെ അംഗങ്ങളുടെ കടമയായി അവർ കരുതി.

തൊഴിൽ സംഘങ്ങളും അവയുമായി ബന്ധപ്പെട്ട സാമൂഹ്യാചാരങ്ങളും ക്രിസ്ത്യാനികൾക്കു വലിയ തലവേദനയായിരുന്നു. പരദൈവങ്ങളെ ആരാധിക്കുന്നവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കാൻ അവർ നിർബന്ധിതരായിരുന്നു. തൊഴിൽ സംഘങ്ങളിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്ക് ഈ ആഘോഷങ്ങളിൽ നിന്നു മാറിനില്ക്കുക എളുപ്പമായിരുന്നില്ല. പക്ഷേ, ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നത് ആ ദേവന്മാരെ അംഗീകരിക്കുന്നതിനും ബഹുമാനിക്കുന്നതിനും തുല്യമായിരുന്നു.

ഈ ആചാരങ്ങളിൽ പങ്കുചേരുമ്പോൾ വിജാതീയസമൂഹത്തിന്റെ വിശ്വാസങ്ങൾ അംഗീകരിക്കുകയല്ല അവരുടെ കൂട്ടായ്മയിൽ പങ്കുചേരുകമാത്രമാണ് ചെയ്യുന്നത് എന്നു പറഞ്ഞിരുന്നവർ കുറവല്ലായിരുന്നു. ക്രൈസ്തവസമൂഹത്തിന് പ്രതികൂലസാഹചര്യങ്ങളിൽ നിലനില്ക്കാനുള്ള മാർഗമായിപോലും അത് വിശേഷിപ്പിക്കപ്പെട്ടു. സാമ്പത്തികമെച്ചവും സാമൂഹികാഭ്യുന്നതിയും കൈവരിക്കാനുള്ള എളുപ്പവഴിയായി ചിലരെങ്കിലും അതിനെ കണക്കാക്കി. ധർമസങ്കടത്തിലായ ക്രിസ്ത്യാനികളിൽ ചിലർ സാമ്പത്തിക സംരക്ഷണത്തെപ്രതി ഇവിടെയെല്ലാം അയഞ്ഞ സമീപനം സ്വീകരിച്ചെങ്കിൽ അദ്ഭുതമില്ല.

നിക്കൊളായക്കാർ ക്രൈസ്തവപഠനങ്ങളെ സാഹചര്യത്തിന് അനുസരിച്ച് വ്യാഖ്യാനിച്ച് അവരുടെ സമൂഹത്തിലെ സമാധാനപരമായ നിനില്പ്പ് ഉറപ്പുവരുത്താൻ ശ്രമിച്ചിരുന്നതായി കരുതാം. ഈ പഠിതാക്കളെ സൂക്ഷിക്കണമെന്ന് പെർഗാമോസ്, തിയത്തിറ സഭകളെ ഉദ്ബോധിപ്പിക്കുന്നുണ്ട് (2,12-15; 20-24). ക്രൈസ്തവമൂല്യങ്ങളെ സംബന്ധിച്ചു ലാഘവവീക്ഷണം മറ്റു പ്രദേശങ്ങളിലും വ്യാപകമായിരുന്നുവെന്നു കരുതാൻ ന്യായങ്ങളുണ്ട്. വെളിപാടിലെ അന്തിമദർശനങ്ങളുടെ ഒരു ലക്ഷ്യം വ്യഭിചാരതുല്യമായ ഈ സമൂഹവേഴ്ചകളിൽ നിന്നു ക്രിസ്ത്യാനികളെ പിന്തിരിപ്പിക്കുകയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

**അധാർമിക സമ്പത്ത്**

വെളിപാട് ഒരു ചരിത്രപുസ്തകം അല്ലാത്തതിനാൽ അതിൽ ചിത്രീകരിക്കുന്ന സമൂഹത്തിൽ നിലനിന്നിരുന്ന തിന്മകൾ ഊഹിക്കുകയേ നിവൃത്തിയുള്ളൂ. ബാബിലോണിനെ ചിത്രീകരിക്കുന്നിടത്തും അതു നിപതിക്കുമ്പോൾ ഉയരുന്ന വിലാപത്തിലും കുറെയൊക്കെ സൂചനകൾ കണ്ടെത്താം. തിന്മയുടെ അവതാരമായ ബാബിലോണിനെ വേശ്യയായിട്ടാണ് ചിത്രീകരിക്കുന്നത്. അന്യായമായി കുന്നുകൂടുന്ന സമ്പത്തിന്റെ പ്രതീകമാണ് ആഡംബരത്തിൽ മുങ്ങിയ വേശ്യ. ജനങ്ങളിൽനിന്നു പിരിക്കുന്ന കപ്പം പലപ്പോഴും അവരുടെ മുതുകിലേറ്റുന്ന നുകം പോലെയാണ്. വാണിജ്യവും ഇതിന്റെ ഭാരം കൂട്ടുന്നു. കച്ചവടസാധനങ്ങളുടെ പേരുകൾ ശ്രദ്ധിക്കുക: ''സ്വർണം, വെള്ളി ... അടിമകൾ, അടിമകളല്ലാത്ത മനുഷ്യർ'' (18,12-14). ഇവിടെ വിവരിക്കുന്ന കച്ചവടക്കാരിൽ ''മനുഷ്യരും'' ഉണ്ടെന്നത് ആ വാണിജ്യത്തിലെ അധാർമികതയുടെ ആഴം കാണിക്കുന്നു.

**തിന്മകൾക്കെതിരെയുള്ള ശബ്ദം**

തിന്മനിറഞ്ഞ രാഷ്ട്രീയ-സാമൂഹിക വ്യവസ്ഥിതികൾക്കും ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കുമെതിരായ യുദ്ധപ്രഖ്യാപനമാണ് വെളിപാടിലെ ദർശനങ്ങൾ. വെളിപാട് നാലാം അധ്യായത്തിൽ ചിത്രീകരിക്കുന്ന സർവസൃഷ്ടികളുടെയും ആരാധന സ്വീകരിക്കുന്ന സിംഹാസനാരൂഢനായ ദൈവമാണ് ഈ ദർശന

ത്തിന്റെ കാതൽ. ദൈവികത സ്വയം ആരോപിക്കുന്ന റോമൻചക്രവർത്തിമാർ അവിടെ നിഷ്പ്രഭരാക്കപ്പെടുന്നു. ദൈവമായി ജനതകൾ ആരാധിക്കുന്ന ഇവരെ മൃഗമായാണ് വെളിപാടിൽ ചിത്രീകരിക്കുന്നത് എന്നതു തന്നെ ഇതിലെ ആക്രമണശരത്തിന്റെ മൂർച്ച വെളിവാക്കുന്നു.

''കൊല്ലപ്പെട്ടതുപോലെ നില്ക്കുന്ന കുഞ്ഞാടി''നെ അനുഗമിക്കുന്നവരാണ് പുതിയ ദൈവജനമെന്ന് സിനഗോഗുകളിൽ നിന്നു പുറംതള്ളപ്പെട്ട സഭാസമൂഹത്തോട് യോഹന്നാൻ പറയുന്നു. ക്രിസ്തുവിനെ പിൻചെല്ലുന്ന ഇവരാണ് യഥാർഥ ആരാധകർ; ദൈവാരാധനയാണ് യഥാർഥ ആരാധന. റോമൻ ഭരണാധികാരികൾ കൊണ്ടുവരുന്ന സമാധാനമല്ല, ക്രിസ്തുവാകുന്ന കുഞ്ഞാട് സാക്ഷാത്കരിക്കുന്ന പുതിയ ലോകമാണ് നിത്യമായുള്ളത്. തിന്മയുടെ മാലിന്യമേശാത്ത പുതിയ ജറുസലേം ദൈവജനം സ്വന്തമാക്കുന്നതിന്റെ വർണനയോടെയാണ് യോഹന്നാന്റെ ദർശനങ്ങൾ സമാപിക്കുന്നത്.

ഈ ദർശനങ്ങൾ ഉൾക്കൊള്ളുന്ന ക്രൈസ്തവജനത സങ്കീർണമായ ലോകത്തിൽ അതീവം ജാഗരൂകരായിരിക്കണമെന്നു യോഹന്നാൻ ഉദ്ബോധിപ്പിക്കുന്നു. തിന്മയുടെ മാർഗത്തിലൂടെ ചരിക്കുന്നത് വിഗ്രഹാരാധനയും തിന്മയുടെ സേവകർ വിഗ്രഹാരാധകരുമത്രേ. വിജാതീയാചാരങ്ങളിൽ പങ്കുചേരുന്നത് യേശുവിന്റെ മൂല്യങ്ങളോടുള്ള പ്രതിബദ്ധതയിൽ അയവുവരുത്തുന്നതാണെന്നു യോഹന്നാൻ നിർദാക്ഷിണ്യം പ്രസ്താവിക്കുന്നു. സാമ്പത്തികനേട്ടത്തിനും നിലനില്പിനുമായി രാഷ്ട്രീയാധികാരികളെ പ്രീണിപ്പിക്കുന്നതും അധാർമികവ്യാപാരങ്ങളിൽ ഏർപ്പെടുന്നതും ക്രൈസ്തവമൂല്യങ്ങളുമായി ഒത്തുപോകുകയില്ല.

പുറംമോടിയിൽ മറഞ്ഞിരിക്കുന്ന തിന്മയുടെ തനിനിറം പുറത്തുകൊണ്ടുവരാനും അവയുടെ ആത്യന്തികമായ നിലനില്പില്ലായ്മ സ്ഥാപിക്കാനുമാണ് വിഗ്രഹാരാധകർക്കെതിരായ അപ്പോക്കലിപ്റ്റിക് ഭീകരതയാർന്ന പോരാട്ടം ചിത്രീകരിക്കുന്നത്. ക്രൈസ്തവസമൂഹത്തെ പീഡിപ്പിച്ചവർ ദൈവശക്തിയാൽ ഉന്മൂലനം ചെയ്യപ്പെടുന്ന വിവരണം ശക്തിഹീനരായ ദൈവജനത്തിന് പീഡകളിൽ ആശ്വാസമേകുകയും നന്മയുടെ സുനിശ്ചിതവിജയം പ്രഖ്യാപിക്കുകയും ചെയ്യുന്നു. തിന്മ നിറഞ്ഞതും സംഘർഷഭരിതവുമായ ചുറ്റുപാടുകളിൽ നിലനില്ക്കാൻ ബദ്ധപ്പെടുന്ന ആദിമക്രൈസ്തവസമൂഹത്തിന് തിന്മയുടെ ആത്യന്തികനിലനില്പില്ലായ്മ കാണിച്ചുകൊടുക്കാനും ക്രിസ്തുകേന്ദ്രീകൃതമായ പുതുയുഗപ്രതീക്ഷയും ഈ നവലോകം പടുത്തുയർത്താൻ കർമശേഷിയും നല്കാനുമാണ് വെളിപാട് രചിക്കപ്പെട്ടതെന്നു പറയാം. പുത്തൻപ്രതീക്ഷകൾ പൂവിടരുന്ന യോഹന്നാന്റെ ദർശനത്തിന്റെ വേരുകൾ അതു രചിക്കപ്പെട്ട ലോകത്തിൽ പടർന്നു കിടക്കുന്നതു നാമിവിടെ കാണുന്നു.

**സാഹിത്യരൂപം**

വെളിപാടിൽ വിവിധങ്ങളായ ശൈലികളുടെ സ്വാധീനം കാണുവാൻ കഴിയും. അപ്പോക്കലിപ്റ്റിക് സാഹിത്യരൂപം, പ്രവചനം, ആരാധനാലേഖനശൈലി തുടങ്ങിയവയാണ് പ്രമുഖമായവ. ഈ ഗ്രന്ഥത്തിലെ വിവരണങ്ങളുടെ അർഥം തിരിച്ചറിയണമെങ്കിൽ ഇതിൽ ഉപയോഗിച്ചിരിക്കുന്ന ശൈലികളുടെ പ്രത്യേകതകൾ മനസ്സിലാക്കേണ്ടതുണ്ട്.

**a) അപ്പോക്കലിപ്റ്റിക് സാഹിത്യരൂപം**

പ്രശ്ന സങ്കീർണതകൾ നിറഞ്ഞ സമൂഹം. ഭാസുരമായ ഭാവി സ്വപ്നം കാണുന്നതിന്റെ സാഹിത്യപ്രകടനമാണ് അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങൾ. യഹൂദസമൂഹത്തിലും ക്രൈസ്തവസമൂഹങ്ങളിലും ബി.സി. 200നും എ.ഡി. 200നും ഇടയ്ക്ക് അപ്പോക്കലിപ്റ്റിക് പ്രസ്ഥാനങ്ങൾ തഴച്ചുവളർന്നിരുന്നു.

മതമർദനങ്ങളുടെയും അരക്ഷിതാവസ്ഥയുടെയും മുന്നിൽ നിസ്സഹായമനുഷ്യൻ ദൈവത്തിന്റെ ഇടപെടലിലൂടെ തിന്മയുടെ ലോകത്തിന് അറുതിവരുവാൻ കാത്തിരിക്കുന്നതാണ് ഈ ഗ്രന്ഥങ്ങളിലെ മുഖ്യപ്രമേയം. തിന്മനിറഞ്ഞ വ്യവസ്ഥിതികൾക്കെതിരെയുള്ള ശക്തമായ എതിർപ്പ് ഇവിടെ വ്യക്തമാണ്. ദൈവം മിശിഹായിലൂടെ പുതിയലോകം സംസ്ഥാപിക്കുന്നതിന്റെ പുതിയ അവബോധവും വിത്തുകളും പ്രതീകഭാഷയിലൂടെ അപ്പോക്കലിപ്റ്റിക് രചനകൾ അവതരിപ്പിക്കുന്നു.

അപ്പോക്കലിപ്റ്റിക് രചനകൾ പ്രഥമമായും ദർശനവിവരണങ്ങളാണ്. നന്മ-തിന്മകളുടെ ദ്വിമാനവീക്ഷണത്തിൽ നിന്നുകൊണ്ട് ദൈവികശക്തികളുടെയും പൈശാചിക ശക്തികളുടെയും സംഘർഷം ഇവിടെ

വിവരിക്കപ്പെടുന്നു. തിന്മകളുടെ ശക്തികൾ എത്ര പ്രബലമെന്നു തോന്നിയാലും ആത്യന്തികവിജയം ദൈവത്തിന്റേത് എന്ന് അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങൾ പ്രഖ്യാപിക്കുന്നു. ഈ വിശ്വാസത്തിൽ നിന്ന് ശക്തി സ്വീകരിച്ച് തിന്മയ്ക്കെതിരെ പോരാട്ടം നടത്താൻ അനുവാചകരെ ഈ അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങൾ ആഹ്വാനം ചെയ്യുന്നു. വെളിപാടുഗ്രന്ഥത്തിൽ അപ്പോക്കലിപ്റ്റിക് ശൈലിയുടെ സ്വാധീനം വളരെ വ്യക്തമാണ്. പക്ഷേ, വരാനിരിക്കുന്ന മിശിഹായല്ല, മിശിഹാരാജ്യത്തിന് ആരംഭം കുറിച്ച ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ് പുതിയലോകം യാഥാർഥ്യമാക്കുന്നത്. ചരിത്രത്തിനപ്പുറത്തെ ലോകമെന്നതിലുപരി സഭകളുടെ ഇന്നത്തെ ലോകമാണ് ഇവിടെ പരിഗണിക്കപ്പെടുന്നത് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഭാവിയെക്കുറിച്ചല്ല വർത്തമാനകാലത്തെക്കുറിച്ചുള്ള ഗ്രന്ഥമാണ് വെളിപാട് എന്നു പറയുന്നതാണ് കൂടുതൽ ഉചിതം.

### b) പ്രവചനഗ്രന്ഥം

വിവരണത്തിന്റെ ആരംഭത്തിൽ തന്നെ ഇത് പ്രവചനഗ്രന്ഥമാണെന്ന് ഗ്രന്ഥകാരൻ പറയുന്നു. (1,3). ഈ ഗ്രന്ഥം അവസാനിക്കുന്നതും ഈ സൂചന നല്കികൊണ്ടുതന്നെയാണ് (22,18-19). ഈ ഗ്രന്ഥത്തിലുടനീളം പ്രവാചകരെക്കുറിച്ചുള്ള സൂചനകളുണ്ട്. വെളിപാടിന്റെ രചയിതാവ് പഴയനിയമ പ്രവചന പാരമ്പര്യത്തിന്റെ അവസാനകണ്ണിയായി സ്വയം അവതരിപ്പിക്കുന്നു (10,1-11). ഇതിലെ വിവരണങ്ങളിലുടനീളം പ്രവചനഗ്രന്ഥങ്ങളിൽ കാണുന്ന പ്രത്യേകദൗത്യത്തിനായുള്ള ദൈവത്തിന്റെ വിളിയും മാനസാന്തരത്തിനുള്ള ആഹ്വാനവും ആശ്വാസവചസ്സുകളും കാണാവുന്നതാണ്. വെളിപാടിലെ പ്രവചനങ്ങളെക്കുറിച്ചുള്ള ചില ധാരണകൾ തിരുത്തേണ്ടതുണ്ട്. ഭയാനകമായ ലോകാന്ത്യമാണ് പലരെ സംബന്ധിച്ചും വെളിപാട് തുറന്നുകാട്ടുന്നത്. പക്ഷേ, സഭകളുടെ ജീവിതത്തിൽ സന്നിഹിതനായ ഉത്ഥിതൻ തെറ്റുകളുടെ പാതയിൽ നിന്നും അവരെ തിരികെ കൊണ്ടുവരുന്നതാണ് ഇതിലെ പ്രവചനങ്ങളുടെ ലക്ഷ്യം. ഉയിർത്തെഴുന്നേറ്റ യേശു ആരംഭംകുറിച്ചിരിക്കുന്ന ദൈവരാജ്യം സാക്ഷാത്കരിക്കാൻ വിശ്വാസികൾക്കു നല്കുന്ന ദൗത്യമാണ് വെളിപാട് പ്രതീകനിബിഡമായ ഭാഷയിൽ അവതരിപ്പിക്കുന്നത്.

### c) ആരാധനാഗ്രന്ഥം

വെളിപാട് കർതൃദിനത്തിൽ യോഹന്നാനു ലഭിക്കുന്ന ദർശനമായി (1,10) അവതരിപ്പിക്കുമ്പോൾ അപ്പം മുറിക്കൽ ശുശ്രൂഷയുടെ പശ്ചാത്തലമാണ് ഉദ്ദേശിക്കുന്നതെന്ന് ബൈബിൾ പണ്ഡിതർ അഭിപ്രായപ്പെടുന്നു. ആരാധനയുടെ നിരവധി സൂചനകൾ ഈ ഗ്രന്ഥത്തിലുണ്ട്. ദൈവികാരാധനയും പൈശാചികാരാധനയും തമ്മിലുള്ള സംഘട്ടനവും ദൈവികാരാധനയുടെ വിജയവുമാണ് വെളിപാട് വിവരിക്കുന്നത്.

### d) ലേഖനശൈലി

വെളിപാടിലെ രണ്ടും മൂന്നും അധ്യായങ്ങൾ കത്തുകളുടെ രൂപത്തിലുള്ളവയാണ്. ഈ കത്തുകളെല്ലാം ഒരേ ഘടന തന്നെയാണ് ഉപയോഗിക്കുന്നതും. ഒരു ശൈലി എന്നതിൽ കവിഞ്ഞ പ്രത്യേകത ഇവിടെയുണ്ടോ എന്ന് സംശയമാണ്. പുതിയനിയമത്തിലെ പൗലോസ് ശ്ലീഹയുടെ രചനകളാണ് മുഖ്യമായും കത്തുകളായി പരിഗണിക്കപ്പെടുന്നത്. അഭിസംബോധനയും ആശംസകളും ഉപദേശവും ഈ കത്തുകളിൽ കാണുന്നതുപോലെ വെളിപാടിൽ കാണുന്നില്ല.

### വെളിപാടും പ്രതീകങ്ങളും

വെളിപാടുഗ്രന്ഥം പ്രതീകങ്ങളുടെ ഒരു കലവറ തന്നെയാണ്. സാധാരണങ്ങളും അസാധാരണങ്ങളുമായ പ്രതീകങ്ങൾ നിറഞ്ഞ വിവരണങ്ങൾ ആദ്യവായനയിൽ മനസ്സിലാക്കുക എളുപ്പമല്ല. അവയുടെ പൊതുവായ പ്രത്യേകതകൾ അറിയുന്നത് വ്യാഖ്യാനത്തിന് സഹായിക്കും. വെളിപാടിൽ കാണുന്ന പ്രതീകങ്ങൾ പൊതുവേ താഴെകാണുന്നതാണ്:

1. **പ്രപഞ്ച ശക്തികൾ:** പുതിയ ആകാശം, പുതിയ ഭൂമി, നക്ഷത്രങ്ങൾ, പാതാളം, സർപ്പം, തിന്മയുടെ ശക്തികൾ തുടങ്ങിയ ഇവയിൽ പെടുത്താം.
2. **മനുഷ്യനുമായി ബന്ധപ്പെട്ടവ:** കുഞ്ഞാടിനെ അനുഗമിക്കുന്നവർ, കുഞ്ഞാടിന്റെ മണവാട്ടി, മനുഷ്യശരീരഭാഗങ്ങളായ തല, കൈ തുടങ്ങിയവ
3. **മൃഗങ്ങൾ:** കുഞ്ഞാട്, സിംഹം, മൃഗം, സർപ്പം, കുതിര തുടങ്ങിയവ
4. **നിറങ്ങൾ:** വെളുപ്പ്, ചുവപ്പ്, കറുപ്പ്, ധൂമ്രം തുടങ്ങിയ വിവധ നിറങ്ങൾ വെളിപാടിലുണ്ട്. വെളുപ്പ് നിറത്തിന്റെ വ്യാഖ്യാനം ഇവിടെ പ്രാധാന്യമർഹിക്കുന്നു. വെളിപാടിൽ വെളുപ്പ് വിജയം, നിർമലത,

ഉയിർപ്പ് തുടങ്ങിയവയുടെ പ്രതീകമാണ്. വെളുത്ത വസ്ത്രം ധരിച്ചവർ ക്രിസ്തുവിന്റെ ഉയിർപ്പിൽ പങ്കുചേരുന്നവരാണ്.

5. **സംഖ്യാപ്രതീകങ്ങൾ:** വെളിപാടിലെ സംഖ്യകൾ പലതും പ്രതീകാത്മകമായാണ് ഉപയോഗിച്ചിരിക്കുന്നത്. 3, 4, 7, 12, 42, 1260, 3 1/2, 144000 തുടങ്ങീ നിരവധി സംഖ്യകൾ ഈ വിവരണത്തിൽ ഉപയോഗിച്ചിരിക്കുന്നു. മൂന്ന് ദൈവികത്രിത്വത്തിലും പൈശാചിക ത്രിത്വത്തിലും ഉണ്ട്. നാലുദിക്കുകൾ ഭൂമിമുഴുവനെയും, ഏഴ് പൂർണതയെയും സൂചിപ്പിക്കുമ്പോൾ പന്ത്രണ്ട് ബൈബിളിലെ 12 ഗോത്രങ്ങളെയും 12 ശിഷ്യരെയും സൂചിപ്പിക്കുന്നു. 144 എന്നത് 12X12 എന്നും, അതിനാൽ പഴയ നിയമ-പുതിയനിയമ ദൈവജനം മുഴുവൻ എന്നും മനസ്സിലാക്കാം. മൂന്നരയും 42 മാസവും 1260 ദിവസവും എല്ലാം ഏഴിന്റെ പകുതിയാണ്. ക്ലേശങ്ങളുടെയും ദൈവപരിപാലനയുടെയും കാലം ഇത് ദ്യോതിപ്പിക്കുന്നു.

**ഘടന**

വെളിപാടുഗ്രന്ഥത്തിലെ വിവരണത്തിൽ ഘടനക്ക് വലിയ പ്രാധാന്യമുണ്ടെന്ന് പണ്ഡിതരെല്ലാം സമ്മതിക്കുന്നുണ്ടെങ്കിലും, ഘടനയുടെ കാര്യത്തിൽ ഐകരൂപ്യം ഇല്ലെന്നതാണ് യാഥാർഥ്യം. ഇവിടെ ഗ്രന്ഥത്തിന്റെ ലളിതമായ ഘടനമാത്രമാണ് നല്കുന്നത്.

| | |
|---|---|
| 1,1-3 | : ആമുഖം |
| 1,4-20 | : പ്രാരംഭവിവരണം |
| 2,1-3,22 | : ഏഴു സഭകൾക്കുള്ള കത്തുകൾ |
| 4,1-5,14 | : സിംഹാസന-ഹർമ്മ്യ ദർശനം |
| 6,1-16,21 | : മൂന്നു സപ്തഗണങ്ങൾ (മുദ്രകൾ, കാഹളം, ക്രോധത്തിന്റെ പാത്രം) |
| 17,1-22,5 | : ശിക്ഷാവിധിയും രക്ഷയും |
| 22,6-21 | : ഉപസംഹാരം |

വെളിപാടിലെ വിവരണത്തിൽ ആവർത്തനങ്ങളും, ഉൾച്ചേർക്കലുകളും ഉണ്ട്. വിവരണം പുരോഗമിക്കുന്തോറും ക്രമാനുഗതമായി ഒരു ലക്ഷ്യത്തിലേക്കുള്ള പുരോഗതിയും കാണുവാൻ കഴിയും. ഇതിലെ ഓരോ ഭാഗങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പ്രാരംഭ ദർശനത്തിലെ സൂചനകൾ തുടർന്നുവരുന്ന കത്തുകളുടെ ഭാഗത്ത് ആവർത്തിച്ചിരിക്കുന്നു; ലേഖന ഭാഗത്തുള്ളവയാകട്ടെ, തുടർന്നുള്ള ദർശനങ്ങളുടെ വിവരണത്തിലും. വെളിപാടിലുള്ള വിവിധ ഭാഗങ്ങൾ തമ്മിലുള്ള ബന്ധവും ഐക്യവും ഇതിന്റെ വ്യാഖ്യാനത്തിന് വളരെ പ്രാധാന്യമർഹിക്കുന്നു.

## ഉള്ളടക്കം

**ആമുഖം (1,1-3)**

വെളിപാടുഗ്രന്ഥത്തിന് മുഴുവനും ആമുഖമായി നല്കിയിരിക്കുന്ന ഈ വാക്യങ്ങൾ ദർശനങ്ങളുടെ ഉറവിടവും അതിന്റെ ആധികാരികതയും വ്യക്തമാക്കുന്നു. പൊതുവേ നാം പറയുന്നതുപോലെ, ഇത് ''യോഹന്നാന്റെ'' വെളിപാടല്ല, മറിച്ച് യേശു ക്രിസ്തുവിന്റെ വെളിപാടത്രേ. ഗ്രീക്കുഭാഷയിലെ ആദ്യഭാഗം ഇത് വ്യക്താമാക്കുന്നു; ''അപ്പോക്കല്യുപ്സിസ് യേസൂ ക്രിസ്തൂ'', അതായത്, യേശു ക്രിസ്തുവിന്റെ വെളിപാട്. ഇത് യേശു ക്രിസ്തുവിൽ നിന്നു വരുന്നതും യേശു ക്രിസ്തുവിനെക്കുറിച്ചുള്ളതുമാണ്. ''സംഭവിക്കേണ്ടവ'' എന്നു പറയുമ്പോൾ ഇതിൽ വിവരിക്കപ്പെടുന്നവ മനുഷ്യന്റെ സംരംഭമോ ആകസ്മിക സംഭവപരമ്പരയോ അല്ല, ദൈവം നിശ്ചയിച്ചിരിക്കുന്നത് എന്നാണ് അർഥമാക്കുന്നത്.

വെളിപാട് സ്വീകരിക്കുന്ന യോഹന്നാനെ സാക്ഷ്യം നല്കുന്നവനായി ഇവിടെ ചിത്രീകരിക്കുന്നു. അവൻ ദൈവവചനത്തിനും ക്രിസ്തുവിന്റെ സാക്ഷ്യത്തിനും സാക്ഷ്യം നല്കുന്നുവെന്നു സൂചിപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ സാക്ഷ്യത്തിൽ പങ്കുചേരുന്നു എന്നു വ്യക്തം. കുരിശിൽ പൂർത്തിയാകുന്ന സാക്ഷ്യം തന്നെയാണ് വെളിപാടു ഗ്രന്ഥത്തിലെ ഒരു സുപ്രധാന പ്രമേയം. യോഹന്നാന്റെ സുവിശേഷത്തിലും സാക്ഷ്യം നല്കുകയെന്നത് ഒരു സുപ്രധാന പ്രമേയമാണെന്നത് ശ്രദ്ധേയമത്രേ.

''അപ്പോക്കല്യുപ്സിസ്'' എന്ന പദത്തിൽ ആരംഭിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽതന്നെ ഇതിലെ വിവരണത്തെ പ്രവചനമായും അവതരിപ്പിക്കുന്നുണ്ട്. അപ്പോകലിപ്റ്റിക്, പ്രവചനശൈലികൾ ഇട കലർന്നുകിടക്കുന്ന ഇതിലെ വിവരണങ്ങളുടെ വ്യാഖ്യാനത്തിൽ അതീവജാഗ്രത ആവശ്യമാണ്. അപ്പോക്ക ലിപ്റ്റിക്ശൈലി മനുഷ്യചരിത്രത്തിൽ, നിസ്സഹായനായ മനുഷ്യന്റെ രക്ഷയ്ക്ക് ദൈവംതന്നെ ഇറങ്ങിവരുന്ന തിന് പ്രാധാന്യം കൊടുക്കുമ്പോൾ, പ്രവചനശൈലി രക്ഷ കരഗതമാക്കുവാൻ മനുഷ്യർ സ്വയമേവ ചെയ്യേണ്ട കാര്യങ്ങൾക്ക് ഊന്നൽനല്കുന്നു. ഇതിൽ എഴുതപ്പെട്ടിരിക്കുന്നവ പാലിക്കേണ്ടവയാണെന്ന് എടുത്തുപറയു ന്നത് ഇതിലേക്കുള്ള സൂചനയാണ്. ഇതിൽ എഴുതപ്പെട്ടവ പ്രവചനമാണെന്നു പറയുമ്പോൾ മാനസാന്തര ത്തിനുള്ള ആഹ്വാനവും മനം തളർന്നവർക്കുള്ള ആശ്വാസവും കൂടി അർഥമാക്കുന്നുണ്ട്. ഇതു വായിക്കുന്ന വർ അനുഗൃഹീതരാണെന്ന വാക്യം വെളിപാടുഗ്രന്ഥം മനുഷ്യരെ ഭയപ്പെടുത്തുവാൻ ദുരുപയോഗിക്കുന്നതി നെതിരെയുള്ളതാണ്. വെളിപാടിൽ അനുഗ്രഹവചസ്സുകൾ ഏഴുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതിന്റെ പ്രതീ കാത്മകത കണക്കിലെടുക്കേണ്ടിയിരിക്കുന്നു (1,3; 14,13; 16,15; 19,9; 20,6; 22,7.14). അനുഗ്രഹദായകമാണ് വെളി പാടിലെ സന്ദേശം.

**പ്രാരംഭ വിവരണം (1,4-20)**

പ്രാരംഭവിവരണത്തിൽ, ഈ ഗ്രന്ഥം വായിക്കുന്നതിന്റെ പശ്ചാത്തലവും ദർശനം ലഭിക്കുന്ന യോഹ ന്നാന്റെ പശ്ചാത്തലവും പ്രാരംഭദർശനവും നല്കിയിരിക്കുന്നു:

1,4-8: ആരാധനാസംഭാഷണം
9,109: യോഹന്നാന്റെ പരിചയപ്പെടുത്തൽ
106,20: ഉത്ഥിതന്റെ ദർശനം

4-8 വാക്യങ്ങളിൽ ഒരു ആരാധനാസമ്മേളനത്തിലെ പ്രാർഥനയും പ്രത്യുത്തരവും വേർതിരിച്ചു കാണാൻ കഴിയും. ത്രിത്വൈകദൈവത്തിൽ നിന്നുള്ള ആശീർവാദത്തോടെയാണ് പ്രാർഥനയുടെ ആരംഭം. സമയത്തിന്റെ നാഥനായ ദൈവം നിത്യനായ ദൈവത്തിന്റെ സൂചനയാണ്: ''ആയിരിക്കുന്നവനും ആയിരു ന്നവനും വരാനിരിക്കുന്നവനുമായവൻ.'' സപ്താത്മാക്കളെന്ന പ്രയോഗം പരിശുദ്ധാത്മാവിനെ സൂചിപ്പിക്കു ന്നു. കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ് രാജാക്കന്മാരുടെ രാജാവായി വാഴുന്ന യേശുവിനെയാണ് പിന്നീട് വിവരിച്ചിരിക്കുന്നത്. ഈ ചിത്രീകരണം രക്ഷാകരചരിത്രത്തിന്റെ സംഗ്രഹം കൂടിയാണ്.

നിത്യനായ ദൈവം സഭകൾക്ക് ''കൃപയും സമാധാനവും'' നല്കുന്നു. ഏഴുസഭകൾക്കുള്ള ആശംസ എല്ലാ സഭകളേയും ഉൾകൊള്ളുന്നതാണ്. ദൈവം മനുഷ്യനു സൗജന്യമായി നല്കുന്നതാണ് കൃപ. പഴയനി യമത്തിൽ സമാധാനം (ഷാലോം) സമഗ്രമായ സുസ്ഥിതി സൂചിപ്പിക്കുന്നു. ഉയിർത്തെഴന്നേറ്റ യേശു ആശം സിക്കുന്നതും സമാധാനം തന്നെ. ദൈവം മനുഷ്യനു ദാനമായി നല്കുന്ന രക്ഷയാണ് വെളിപാടിലെ പ്രമേ യം.
ക്രിസ്തുവിനെ പ്രതി പീഡനമേല്ക്കുന്നവർക്ക് ആശ്വാസമായും യേശുവിനെ ത്യജിക്കുന്നവർക്ക് ശിക്ഷാവിധി യായും മനുഷ്യപുത്രൻ വീണ്ടും വരും. സർവശക്തന്റെ ഈ വാഗ്ദാനം സത്യം തന്നെയാണെന്ന് ആരാധനാ സമൂഹം ഇവിടെ ഏറ്റുപറയുന്നു.

**യോഹന്നാന്റെ പരിചയപ്പെടുത്തൽ (9-10a)**

സഭകളുമായി ആഴമേറിയ സൗഹൃദ ബന്ധം പുലർത്തുന്ന യോഹന്നാനെ നാം ഇവിടെ കാണുന്നു. സഭകളുടെ ക്ലേശങ്ങളിൽ പങ്കുചേർന്ന യോഹന്നാന് സഭകൾക്ക് ആശ്വാസമരുളാൻ കഴിയും. യേശു പ്രാരം ഭംകുറിച്ച രാജ്യത്തിലെ അംഗങ്ങളാണ് യോഹന്നാനും സഭയിലെ അംഗങ്ങളും. യേശുവിലുള്ള വിശ്വാസ ത്തിനായി എല്ലാ സഹനങ്ങളേയും സന്തോഷപൂർവം ഏറ്റെടുക്കുന്നവരുടെ കൂടെ യോഹന്നാനുമുണ്ട് എന്ന് ഇവിടെ പ്രസ്താവിക്കുന്നു. പാത്മോസിലെ യോഹന്നാന്റെ ദിനങ്ങൾ ഇതിന്റെ സാക്ഷ്യം തന്നെയാണ്. *കർത്തൃദിനത്തിൽ* എന്ന പ്രയോഗം ബൈബിളിൽ ഇവിടെ മാത്രമാണുള്ളത്. ഉയിർത്തെഴുന്നേറ്റ കർത്താ വിന്റെ ദിവസമായി ആചരിക്കുന്ന ഞായറാഴ്ച ഇതു സൂചിപ്പിക്കുന്നു. ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ യേശുവിനെ അനുസ്മരിക്കുന്ന അപ്പം മുറിക്കൽ ശുശ്രൂഷയിൽ ലഭിക്കുന്ന വെളിപാടായി രചയിതാവ് ഈ ഗ്രന്ഥത്തെ അവതരിപ്പിക്കുന്നു. പരിശുദ്ധാത്മാവ് ദാസരിലും സഭയിലും സന്നിഹിതമായി ദൈവവചസ്സുകള നുസരിച്ച് ജീവിക്കുവാൻ അവരെ പ്രാപ്തരാക്കുന്നു.

**ഉത്ഥിതന്റെ ദർശനം (1,10b-20)**

ഏഴുദീപപീഠങ്ങൾക്കു മധ്യേ പ്രത്യക്ഷനാകുന്ന മനുഷ്യപുത്രൻ സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതന്റെ പ്രതീകമാണ്. സഭകളുടെ ക്ലേശങ്ങളുടെ ഇടയിൽ ആശ്വാസവും ശക്തിയുമായി സന്നിഹിതനായ ക്രിസ്തുവിനെയാണ് യോഹന്നാൻ വിവരിക്കുന്നത്. ക്രിസ്തുവിനു നല്കുന്ന വിശേഷങ്ങൾ ഇവിടെ വളരെ പ്രാധാന്യമർഹിക്കുന്നു. ഇവയെല്ലാംതന്നെ പിന്നീടുള്ള വിവരണങ്ങളിൽ ആവർത്തിക്കുന്നുണ്ട്.

| | |
|---|---|
| നീണ്ട മേലങ്കി | - പുരോഹിതവേഷം |
| സ്വർണം കൊണ്ടുള്ള ഇടക്കച്ച (1,13; 15,16) | - രാജത്വം |
| വെൺമഞ്ഞുപോലെയുള്ള മുടിയും തലയും | - പരിശുദ്ധി |
| തീജ്വാല പോലെയുള്ള നയനങ്ങൾ (1,14; 9,12) | - ദൈവികജ്ഞാനം |
| പിച്ചളപോലെയുള്ള പാദം | - സ്ഥിരത |
| പെരുവെള്ളത്തിന്റെ ശബ്ദം (1,15; 14,2) | - ദൈവശക്തി |
| ഏഴു നക്ഷത്രങ്ങൾ (1,16; 2,1; 3,1) | - സഭകൾ |
| ഇരുവായ്ത്തലവാൾ (1,16; 2,12; 19,15) | - ദൈവവചനം |
| ആദിയും അന്തവും (1,17; 2,8) | - നിത്യത |

കുരിശുമരണ-ഉത്ഥാനം വഴി മഹത്വീകരിക്കപ്പെട്ട് വിധിയാളനും രക്ഷകനുമായിവരുന്ന യേശുക്രിസ്തുവിനെ ഇവിടെ മനുഷ്യപുത്രനായി ചിത്രീകരിക്കുന്നു. മനുഷ്യപുത്രന്റെ പാദാന്തികത്തിൽ ഭയന്നുവിറച്ച് കമിഴ്ന്നു വീഴുന്നത് ദൈവസന്നിധിയിൽ ആയിരിക്കുന്നതിന്റെ പ്രതീകമാണ്. സർവശക്തനായവന്റെ മുമ്പിൽ നില്ക്കാൻ മർത്യൻ അശക്തനാണ്. ദൈവത്തെ മുഖാഭിമുഖം ദർശിക്കുന്നവൻ മരിക്കുമെന്ന പഴയനിയമവിശ്വാസവും (ന്യായാ 13,22; ഏശ 6,5) ഇവിടെ സ്വാധീനിച്ചിട്ടുണ്ട്. ഉയിർത്തെഴുന്നേറ്റ യേശുവും ''ഭയപ്പെടേണ്ട'' (മത്താ 28,10)യെന്ന് ശിഷ്യരെ ധൈര്യപ്പെടുത്തുന്നു. പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ദൈവജനത്തിനു ശക്തി പകരുന്നവനാണ് ഉയിർത്തെഴുന്നേറ്റ ക്രിസ്തു. ദീപപീഠങ്ങളും നക്ഷത്രങ്ങളും സഭയേയും സഭയുടെ അധികാരികളെയും സൂചിപ്പിക്കുന്നു.

**സഭകൾക്കുള്ള കത്തുകൾ (അധ്യാ 2-3)**

ഏഴു സഭകൾക്കുള്ള കത്തുകൾ അടങ്ങിയ രണ്ടും മൂന്നും അധ്യായങ്ങൾ വെളിപാടിലെ സന്ദേശത്തിന്റെ പശ്ചാത്തലമാണെന്നു പറയാം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ പിഞ്ചെല്ലുവാൻ വിളിക്കപ്പെട്ട സഭയിലെ പരാജയങ്ങളും വിജയങ്ങളും ക്ലേശങ്ങളും സന്തോഷവും ഇവിടെയുണ്ട്. സാർവത്രിക സഭ നേരിടുന്ന ആന്തരികവും ബാഹ്യവുമായ പ്രശ്നങ്ങൾ ഇവിടെ വിവരിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിന് ചെവി കൊടുത്ത്, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനു സാക്ഷ്യം നല്കുവാനുള്ള വിളിയാണ് ഇവിടെ മുഴങ്ങുന്നത്.
ഇവിടെ വിവരിച്ചിരിക്കുന്ന ഏഴു കത്തുകളും ഒരേ ഘടനയിൽ എഴുതപ്പെട്ടതാണ്.

1. അഭിസംബോധന: ''... സഭയ്ക്ക്''
2. ക്രിസ്തുവിന്റെ ചിത്രം
3. ''ഞാൻ അറിയുന്നു''
4. ക്രിസ്തുവിന്റെ വിലയിരുത്തൽ
5. ആത്മാവിനെ ശ്രവിക്കുക
6. വിജയിക്കുന്നവനുള്ള വാഗ്ദാനം

ഓരോ സഭയുടെയും യഥാർഥ പശ്ചാത്തലം വെളിപാടിലെ വിവരണത്തെ സ്വാധീനിച്ചിട്ടുണ്ട് എന്നു കാണാം. ഇവിടെ വിവരിക്കപ്പെടുന്ന സഭയിലെ പ്രശ്നങ്ങൾക്കനുസൃതമായ യേശുവിന്റെ ചിത്രമാണ് ആമുഖത്തിൽ കാണുന്നത്. ഒന്നാം അധ്യായത്തിലെ ഉത്ഥിതന്റെ ദർശനത്തിൽ നിന്ന് എടുത്തവയാണിവ. വിജയിക്കുന്നവർക്കു വാഗ്ദാനം ചെയ്തിരിക്കുന്നവ വെളിപാടിൽ പുതിയ ഭൂമിയുടെയും പുതിയ ആകാശത്തിന്റെയും ഭാഗത്ത് വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. യേശുവിനെ വിശ്വസ്തതാപൂർവം അനുഗമിക്കുന്നവർക്കു ലഭിക്കുന്ന അന്തിമവിജയവും തിന്മയുടെ ശക്തികൾക്ക് കീഴ്പ്പെടുന്നവർക്കു നേരിടേണ്ടിവരുന്ന ശിക്ഷയുമാണ് പിന്നീട് വരുന്ന ദർശനഭാഗത്ത് പ്രതീകാത്മകമായി വിവരിക്കുന്നത്.

## വെളിപാടിലെ ഏഴു സഭകൾ

യോഹന്നാൻ തനിക്കു ലഭിച്ച ദർശനങ്ങൾ എഫേസോസ്, സ്മിർണ, പെർഗമോസ്, തിയത്തീറ, സാർദീസ്, ഫിലദെൽഫിയ, ലവോദീഷ്യ എന്നീ ഏഴു സഭകൾക്കാണ് എഴുതുന്നത്. ഏഴു സഭകളെ സൂചിപ്പിക്കുമ്പോൾ ഏഷ്യാമൈനറിൽ വേറെ ക്രൈസ്തവസമൂഹങ്ങൾ ഇല്ലായിരുന്നെന്ന് അർഥമാക്കുന്നില്ല. ഏഴ് എന്ന സംഖ്യ പ്രതീകാത്മകമാണ്. ഈ സമൂഹങ്ങളിൽ ചിലത് പൗലോസ് ശ്ലീഹ ആരംഭിച്ചതാണെങ്കിലും, യോഹന്നാൻ തന്റെ സമൂഹങ്ങളായി അഭിസംബോധന ചെയ്യുന്നതിൽ നിന്നും ഇവ വളർത്തിയതിലും നയിച്ചതിലും അദ്ദേഹത്തിന് വലിയൊരു പങ്കുണ്ട് എന്നതു വ്യക്തം.

**എഫേസോസിലെ സഭ (2,1-7)**

പ്രാചീനകാലം മുതൽ തന്നെ ഇതൊരു പ്രമുഖ തുറമുഖനഗരവും ഏഷ്യൻ പ്രവിശ്യയിലെ ഏറ്റവും പ്രധാന വാണിജ്യ നഗരവും ആയിരുന്നു. ആദിമ നൂറ്റാണ്ടുകളിലെ ഇതിന്റെ പ്രൗഢിയെ ഇന്നത്തെ ചതുപ്പുപ്രദേശവുമായി താരതമ്യപ്പെടുത്താൻ സാധിക്കുകയില്ല. ആംഫിതിയേറ്റർ, മനോഹരങ്ങളായ കെട്ടിടങ്ങൾ തുടങ്ങിയവയാൽ പേരുകേട്ടതായിരുന്നു ഈ നഗരം. ഇന്നും നിലനില്ക്കുന്ന പുരാതന നാമാവശിഷ്ടങ്ങളിൽ നിന്ന് അന്നത്തെ ഐശ്വര്യം ഊഹിക്കാവുന്നതേയുള്ളൂ. റോമാസാമ്രാജ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്നാമത്തെ നഗരമായിരുന്നു എഫേസോസ്. പ്രസിദ്ധമായ വിദ്യാകേന്ദ്രമായിരുന്ന ഇവിടെ നിരവധി ലൈബ്രറികളും ഉണ്ടായിരുന്നു. ഗ്രീക്ക്-റോമൻ കാലഘട്ടത്തിൽ ഈ നഗരം സാമ്പത്തികമായും ഉന്നതിയിലെത്തി.

പൗലോസ് ശ്ലീഹ രണ്ടാമത്തെ പ്രേഷിതയാത്രയിൽ എ.ഡി. 54ൽ അക്വില, പ്രിഷില്ല എന്നിവരോടൊപ്പം വന്നപ്പോൾ എഫേസോസിൽ സഭാസമൂഹത്തിന് തുടക്കം കുറിച്ചു എന്നു കരുതപ്പെടുന്നു (അപ്പ 18,18-21). രണ്ടുവർഷത്തിലധികം അവിടെ താമസിച്ച് സഭകളെ ശക്തിപ്പെടുത്തുന്നതിൽ ശ്ലീഹ വ്യാപൃതനായിരുന്നെന്ന് അപ്പസ്തോലപ്രവർത്തനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (അപ്പ 19,1-10; 20,17-22). കൂടാതെ യോഹന്നാൻ ശ്ലീഹ തന്റെ ജീവിതത്തിന്റെ അവസാനഘട്ടം ഈ നഗരത്തിൽ ചിലവഴിച്ചു എന്നൊരു പാരമ്പര്യം പ്രബലമാണ്. പരിശുദ്ധ മറിയത്തിന്റെ പാരമ്പര്യവും ഇവിടെയുണ്ട്.

ഈ സഭയ്ക്കുള്ള കത്തിൽ ജീവന്റെ വൃക്ഷത്തെപറ്റി പറയുന്നതിന്റെ പശ്ചാത്തലം ആർത്തെമിസ് ദേവതയുടെ ഭക്തികേന്ദ്രവുമായി ബന്ധപ്പെട്ടാണെന്ന് കരുതപ്പെടുന്നു. റോമക്കാർ ഡയാന എന്നു വിളിച്ചിരുന്ന ഈ ദേവതയുടെ ക്ഷേത്രം പുരാതനലോകത്തിലെ ഏഴ് അദ്ഭുതങ്ങളിൽ ഒന്നായി കരുതപ്പെട്ടിരുന്നു. റോമൻഭരണ പ്രദേശങ്ങളിൽ നിലനിന്നിരുന്ന ചക്രവർത്തിയാരാധനയുടെ സ്വാധീനം മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ഇവിടെ കുറവായിരുന്നു. രാഷ്ട്രീയ-സാമ്പത്തിക-മതാത്മക വശങ്ങളെല്ലാം കണക്കിലെടുത്താൽ ഏഷ്യമൈനറിലെ ഏറ്റവും പ്രധാന നഗരമായി എഫേസോസിനെ കണക്കാക്കാം. അതിനാലായിരിക്കാം യോഹന്നാന്റെ ആദ്യലേഖനം എഫേസോസിലെ സഭയ്ക്ക് എഴുതുന്നുണ്ട്.

എഫേസോസിലെ സഭയെ അഭിസംബോധന ചെയ്യുന്നവൻ സ്വർണപീഠങ്ങൾക്കു മധ്യേ നടക്കുന്നവനാണ്. സഭയിലെ ക്രിസ്തുവിന്റെ സാന്നിധ്യം ഇത് ഓർമിപ്പിക്കുന്നു. സഭാജീവിതത്തിലെ നന്മകളും, കഠിനാധ്വാനവും വിശ്വാസത്തിലുള്ള ഉറച്ച നില്പും ദുഷ്ടരോടുള്ള അസഹിഷ്ണുതയും, പ്രത്യേകിച്ച് നിക്കൊളോവോസ് പക്ഷക്കാരിൽ നിന്നുള്ള അകൽച്ചയും, എടുത്തുപറഞ്ഞ് ക്രിസ്തു അവരെ പ്രശംസിക്കുന്നു. ആദ്യമുണ്ടായിരുന്ന സ്നേഹത്തിൽ വന്ന കുറവും ചേരിതിരിവും ഇവിടെ ശാസനയ്ക്കു കാരണമാകുന്ന. വിജയം വരിക്കുന്നവൻ ജീവന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കുന്നു (22,2).

**സ്മിർണയിലെ സഭ (2,8-11)**

എഫേസോസിൽ നിന്നും ഏകദേശം 75 കി.മീ. വടക്കു സ്ഥിതിചെയ്യുന്ന സ്മിർണ ഇന്നും ടർക്കിയിലെ തുറമുഖവും പ്രധാന പട്ടണവുമാണ്. ഹോമറിന്റെ ജന്മദേശമെന്ന് അവകാശപ്പെടുന്ന ഈ നഗരം ബി. സി. രണ്ടാം സഹസ്രാബ്ദത്തിൽ യവനരാണ് സ്ഥാപിച്ചത്. ആദ്യത്തെ നഗരം ബി.സി. 600 ൽ ലിദിയൻ ആക്രമണത്തിൽ നാമാവശേഷമാക്കപ്പെട്ടു. 300 വർഷങ്ങൾക്കുശേഷം അലക്സാണ്ടർ ചക്രവർത്തിയുടെ പിൻഗാമികളാണ് അത് വീണ്ടും പടുത്തുയർത്തിയത്. ഈ നഗരം പല പ്രാവശ്യം ഭൂകമ്പങ്ങളിൽ തകർന്നടിയുകയും പിന്നീട് പുനർജനിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വിദേശാക്രമണത്തിനും ആപത്തിനും ഇതിനെ നിത്യമായി നശിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. പതിനഞ്ചാം നൂറ്റാണ്ടുവരെ ഏഷ്യാമൈനറിലെ ക്രൈസ്തവരുടെ ശക്തി

കേന്ദ്രം ആയിരുന്നു സ്മിർണ. തുർക്കികൾ അതിനെ കീഴ്പ്പെടുത്തിയപ്പോഴും അവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിന്നിരുന്നതിനാൽ ''അവിശ്വസ്തയായ സ്മിർണ'' (ഗിയഊർ ഇസ്മീർ) എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. 1922ൽ തുർക്കികൾ ഇതിനെ നിയന്ത്രണത്തിൽ കൊണ്ടുവന്നപ്പോൾ പേര് ''മനോഹരമായ സ്മിർണ'' (ഗ്യൂസൽ ഇസ്മീർ) എന്നാക്കമാറ്റി. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഏലിയൂസ് അരിസ്റ്റീഡസ് സ്മിർണയെ ഭൂമിയിലെ മാതൃകാനഗരമായും ആകാശഗംഗയിൽ പ്രകാശിക്കുന്ന ആരിയാഡ്മയുടെ കിരീടമായും വിശഷിപ്പിക്കുന്നു. ഈ നഗരാതിർത്തിക്കുള്ളിലെ 500 അടി ഉയരമുള്ള കുന്നിൻ മുകളിൽ പണിതുയർത്തിയ അക്രോപ്പൊളീസ് ഇതിന്റെ കിരീടമായി വിശേഷിപ്പിക്കപ്പെട്ടിരുന്നു. അതായിരിക്കണം യോഹന്നാൻ കിരീടത്തെപറ്റി സൂചിപ്പിക്കുന്നതിന്റെ പശ്ചാത്തലം.

സ്മിർണയിലെ സഭ സഹിക്കുന്ന സഭയായിരുന്നു. അവരുടെ ക്ലേശങ്ങളെ മാത്രമാണ് ക്രിസ്തു അനുസ്മരിക്കുന്നത്. സ്മിർണയുടെ പേരിന്റെ ആരംഭം ''മീറ''യിൽ നിന്നാണെന്ന് ഒരഭിപ്രായമുണ്ട്. മീറ വിലാപത്തിന്റെ പ്രതീകമാണ്. ഏഷ്യൻ സഭകളിൽ ഏറ്റവും കൂടുതൽ പീഡനങ്ങൾ അനുഭവിച്ചിട്ടുള്ളത് ഇവിടെയുള്ള സമൂഹമായിരുന്നു. ചക്രവർത്തിയാരാധനയുടെ ശക്തമായ കേന്ദ്രമായിരുന്നതിനാൽ ക്രൈസ്തവരുടെ നില ഇവിടെ വലിയ പരുങ്ങലിലായിരുന്നു. ഇവിടെയുണ്ടായിരുന്ന പ്രബലരായ യഹൂദരുടെ വിദ്വേഷമായിരുന്നു മറ്റൊരു തലവേദന. പോള്ക്കാർപ്പ് മെത്രാൻ രക്തസാക്ഷിത്വം വരിച്ചത് ഇവിടെയായിരുന്നു. സ്മിർണയുടെ പേരിന്റെ അർഥം സഭയുടെ ചരിത്രത്തിലും യാഥാർഥ്യമായി എന്നു പറയാം. ഇനിയും കാത്തിരിക്കുന്ന ഞെരുക്കങ്ങളെ ഭയപ്പെടരുത് എന്നു പറയുമ്പോൾ സ്മിർണയിലെ സഭയ്ക്ക് ഭൗമികമായ ഒരാശ്വാസവും നല്കുന്നില്ല എന്നു ശ്രദ്ധിക്കണം. സ്വർഗീയജീവനാണ് അവർക്കായി വാഗ്ദാനം ചെയ്യപ്പെടുന്നത്. രക്തസാക്ഷിത്വം വരിക്കുന്നവർ വേറൊരു മരണം ഇനി നേരിടുന്നില്ല.

**പെർഗാമോസിലെ സഭ**

മെഡിറ്ററേനിയൻ തീരത്തുനിന്ന് 10 കിലോമീറ്ററും സ്മർണയിൽ നിന്നു 100 കിലോമീറ്ററും ഉള്ളിലായി ഈ നഗരം നിലകൊള്ളുന്നു. ഈജിപ്ഷ്യൻ കടലാസിനു പകരം ഉപയോഗിച്ചിരുന്ന ആട്ടിൻതുകലാണ് 'പെർഗാമോസ്'. ഇതിൽ നിന്നായിരിക്കാം നഗരത്തിന് ഈ പേരു ലഭിച്ചത്. 1000 അടി ഉയരമുള്ള ഒരു കുന്നിൻമുകളിൽ പണിതുയർത്തിയ ഈ നഗരം പ്രകൃതിദത്തമായ കോട്ടയാൽ അനുഗൃഹീതമായിരുന്നു. പുരാതനകാലത്ത് പെർഗമോസ് നഗരം വളരെ സമ്പന്നമായിരുന്നത്രേ. 133 ബി.സി.യിൽ അറ്റാലസ് III ന്റെ കാലത്ത് ഈ രാജ്യം മുഴുവൻ റോമാക്കാരുടെ കൈവശം വന്നുചേർന്നു. രാഷ്ട്രീയമായി ഇത് ഏഷ്യൻപ്രവിശ്യയിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന നഗരവും ദീർഘനാൾ ഈ പ്രവിശ്യയുടെ തലസ്ഥാനവുമായിരുന്നു. ഇവിടെയുണ്ടായിരുന്ന സ്റ്റേഡിയം, തിയേറ്റർ, ജിംനേഷ്യം, സ്നാനനിലയങ്ങൾ എന്നിവ ഒന്നാം നൂറ്റാണ്ടിൽ ഇവിടെ പ്രബലമായിരുന്ന റോമൻ സംസ്കാരത്തിന്റെ പ്രതിഫലനങ്ങളാണ്. വെളിപാട് രചിക്കപ്പെട്ട നാളുകളിൽ ഇത് റോമൻ ഗവർണറുടെ ആസ്ഥാനമായിരുന്നു എന്നു കരുതപ്പെടുന്നു.

രോഗീദേവനായ അഷ്ലെപിയൊയുടെ തീർഥാടന കേന്ദ്രമായിരുന്ന പെർഗമോസിനെ പുരാതനകാലത്തെ ലൂർദ്ദ് എന്നു വിളിക്കുന്നു. ഇവിടെയുണ്ടായിരുന്ന സിയൂസിന്റെ ബലിപീഠം ഇന്ന് ബർലിൻ മ്യൂസിയത്തിലുണ്ട്. നിരവധി ക്ഷേത്രങ്ങളുണ്ടായിരുന്ന ഇവിടയാണ് റോമൻ ചക്രവർത്തിക്ക് ജീവിച്ചിരിക്കുമ്പോൾതന്നെ ആദ്യമായി ആരാധനാവേദി പണിതത്. മാത്രമല്ല, ഇത് റോമൻ പ്രവിശ്യയുടെ പ്രധാന മതകേന്ദ്രവുമായി അറിയപ്പെട്ടിരുന്നു. മതം അക്കാലങ്ങളിൽ ഏറ്റവും പ്രധാന രാഷ്ട്രീയോപാധി ആയിരുന്നു എന്നോർക്കണം. ഏഷ്യൻ പ്രവിശ്യയിൽ ചക്രവർത്തിയാരാധനയ്ക്കായി മൂന്നു ക്ഷേത്രങ്ങൾ ആദ്യം നിർമിക്കപ്പെട്ടത് ഇവിടെയാണ് എന്നത് ഈ നഗരത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നു. ചക്രവർത്തിമാർ വ്യക്തിയാരാധനയ്ക്കു വളരെയേറെ വൈമുഖ്യം പ്രകടിപ്പിച്ചിരുന്ന സാഹചര്യങ്ങളിൽ ഇത് ശ്രദ്ധേയമാണ്.

''മൂർച്ചയേറിയ ഇരുതലവാളുള്ള'' ഉത്ഥിതൻ വാളിന്റെ അധികാരം (jus gladii-വധശിക്ഷ നല്കാനുള്ള അധികാരം) ഉള്ള ഗവർണറേക്കാൾ ഉന്നതനാണ്. ക്രിസ്ത്യാനികളെ രാജാരാധനയ്ക്ക് പ്രേരിപ്പിച്ചിരുന്ന ഭരണകേന്ദ്രമാകാം സാത്താന്റെ സിംഹാസനം. വിജാതീയാരാധനയ്ക്കുള്ള പ്രലോഭനങ്ങളും ഇവിടെ ശക്തമായിരുന്നു. ഇതിനൊന്നും കീഴ്വഴങ്ങാതെ രക്തസാക്ഷിത്വം വരിച്ചവനാണ് അന്തിപ്പാസ്. ബാലാം എന്നതിന് ജനത്തെ വിഴുങ്ങുന്നവൻ എന്നും നിക്കൊളാവോസ് എന്നതിനു ജനത്തെ നശിപ്പിക്കുന്നവൻ എന്നുമാണ് അർഥം. വിജയംവരിക്കുന്നവർക്കു നല്കപ്പെടുന്ന നിഗൂഢമന്ന ജീവനുള്ള അപ്പമായ യേശുതന്നെയാണ്

(യോഹ 6,51). യേശുവിനെ സ്വീകരിക്കുന്നവർക്കു ലഭിക്കുന്ന പുതുജീവൻ തന്നെയാണ് വെള്ളക്കല്ലിൽ കൊത്തിയിരിക്കുന്ന പുതിയനാമം. ശിമയോന് ലഭിക്കുന്ന പത്രോസ് എന്ന പുതിയ നാമം പുതിയപദവി ലഭിക്കുന്നതിന്റെ അടായളമായിരുന്നു.

**തിയത്തീറയിലെ സഭ (2,18-29)**

ഇന്ന് അഖിസാർ എന്നറിയപ്പെടുന്ന ഈ നഗരം പെർഗമോസിൽ നിന്നും ഏകദേശം 65 കി.മീ. തെക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. പൗലോസ് ശ്ലീഹ മാനസാന്തരപ്പെടുത്തിയ ലിദിയ തിയത്തീറയിലെ പട്ടുവില്പനക്കാരിയായിരുന്നു (അപ്പ 16,14). ലിക്കോസ് നദിയുടെ തീരത്തുള്ള ഈ നഗരം വാണിജ്യബന്ധങ്ങളുടെ കേന്ദ്രമായിരുന്നു. മെഡിറ്ററേനിയൻ തീരത്തുനിന്നും കിഴക്കോട്ടുള്ള വാണിജ്യപാതയിൽ സ്ഥിതി ചെയ്തിരുന്നതിനാൽ ഈ നഗരം സുപ്രധാനവാണിജ്യകേന്ദ്രമായി വളർന്നു. ഓട്ടു-ചെമ്പു വ്യവസായങ്ങൾ, കമ്പിളിനെയ്ത്ത്, തുകൽവ്യവസായം, പാത്രനിർമാണം, അടിമവ്യാപാരം തുടങ്ങിയവയും അതുമായി ബന്ധപ്പെട്ട തൊഴിലാളിസംഘങ്ങളും ഇവിടെ ഉണ്ടായിരുന്നതായി പൗരാണിക ശിലാലിഖിതങ്ങൾ സൂചിപ്പിക്കുന്നു. തിയത്തീറയിൽ നിന്നു കണ്ടെടുത്ത നാണയങ്ങളിൽ ശത്രുസംഹാരത്തിനായി തലയ്ക്കു മുകളിൽ ഉയർത്തപ്പെട്ടിരിക്കുന്ന മഴു ചിത്രീകരിക്കുന്നു. യോഹന്നാന്റെ കത്തിലും ഈ ചിത്രമുണ്ട്.

പ്രാധാന്യമർഹിക്കുന്ന ഒരു ക്ഷേത്രവും തിയത്തീറയിൽ ഇല്ലെന്നുള്ളത് ഇതിന്റെ നിസ്സാരതയെ കാണിക്കുന്നു. യോഹന്നാന്റെ ഏറ്റവും സുദീർഘമായ കത്ത് ഏറ്റവും അപ്രധാനമായ ഈ നഗരത്തിലെ സമൂഹത്തിനാണ്. തിയത്തീറ നഗരത്തിന്റെ സംരക്ഷകൻ സൂര്യദേവനായ അപ്പോളോ ആയിരുന്നു. ക്രിസ്തുവിനെ തീനാളം പോലുള്ള മിഴികളുള്ളവനും പിച്ചള പോലുള്ള പാദങ്ങളുമുള്ളവനായി ചിത്രീകരിച്ചിരിക്കുമ്പോൾ അവൻ അപ്പോളോയെക്കാൾ വലിയവനാണെന്നു അർഥമാക്കുന്നു. സഭയെ അനുമോദിക്കുന്നതോടൊപ്പം പേഗൻ ആചാരങ്ങളിൽ പങ്കുചേരുന്ന അവരുടെ വിട്ടുവീഴ്ചാമനോഭാവത്തെ ശാസിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ബാഹ്യപ്രവൃത്തികൾ മാത്രമല്ല, ഏറ്റവും നിഗൂഢമായ ചിന്തകളും വികാരങ്ങളും വിലയിരുത്തുന്നവനാണ് ക്രിസ്തു. നിഗൂഢജ്ഞാനത്തിന്റെ പിന്നാലെ പോകുന്നതിനെതിരെയും ഇവിടെ ക്രിസ്തു മുന്നറിയിപ്പു നല്കുന്നുണ്ട്. അവസാനംവരെ യേശുവിനോടുകൂടെ ഉറച്ചുനില്ക്കുന്നവർ ദൈവത്തിന്റെ രാജത്വത്തിൽ പങ്കുചേരും. പ്രഭാതനക്ഷത്രമായ യേശുവിനെ (22,16) അവർ അവകാശമാക്കുകയും ചെയ്യും.

**സാർദിസിലെ സഭ (3,1-6)**

ഈ നഗരം തിയത്തീറയുടെ 60 കി.മീ. തെക്കുകിഴക്കായി നിലകൊള്ളുന്നു. ബി.സി. ആറാം നൂറ്റാണ്ടിൽ ഇത് ലിദിയൻ സാമ്രാജ്യത്തിന്റെ ആദ്യതലസ്ഥാനമായി. അതിന്റെ പ്രധാനഭാഗം ഹെർമാനസ് നദീതടങ്ങളിൽ വ്യാപിച്ചുകിടന്നിരുന്നു. ഈ നഗരത്തിന്റെ സമീപപ്രദേശങ്ങളിൽ സ്വർണമുണ്ടായിരുന്നു. ഫ്രിഗ്രിയയിലെ മിദാസിന്റെ ഐതിഹ്യത്തിൽ തന്റെ സ്വർണസ്പർശനശക്തി കഴുകികളയുന്നത് പക്റ്റോളസ് ഉറവകളിലാണ്. ഈ ശക്തി ആവാഹിച്ച നദി ഇതിന്റെ തീരങ്ങളെ സ്വർണമയമാക്കി എന്നാണ് ഐതിഹ്യം. ഒരിക്കൽ സമ്പന്നമായിരുന്ന സാർദിസ് യുദ്ധത്തിലും എ.ഡി. 17ലെ ഭൂകമ്പത്തിലും തകർന്നു തരിപ്പണമായി. സ്മിർണയിൽ നിന്നും പെർഗമോസിൽ നിന്നും ഉൾനാടുകളിലേക്കുള്ള വാണിജ്യവീഥികൾ സാർദിസിലൂടെ കടന്നുപോയിരുന്നു എന്നതായിരുന്നു ഈ നഗരത്തിന്റെ വാണിജ്യ പ്രാധാന്യത്തിന്റെയും സാമ്പത്തികാഭ്യുന്നതിയുടെയും ഒരു കാരണം. ചെങ്കുത്തായ മലമുകളിൽ സ്ഥിതിചെയ്യുന്നതിനാൽ ''സാർദിസിലെ അക്രോപ്പൊളിസ് കീഴടക്കുക'' എന്നത് ''അസാധ്യമായത് ചെയ്യുക'' എന്നതിനുള്ള പണ്ടുകാലങ്ങളിലെ പഴമൊഴിയായിരുന്നു. ആർക്കും കീഴടക്കാനാവാത്തത് എന്ന ഖ്യാതിയുണ്ടായിരുന്ന കോട്ടയുടെ ബലത്തിൽ ഈ പ്രദേശത്തുകൂടിയുള്ള വീഥികളുടെ നിയന്ത്രണം ഈ നഗരത്തിന്റെ അധിപർ കൈപിടിയിലൊതുക്കി.

ഈ സാമ്പത്തിക പ്രാധാന്യങ്ങളാൽ ഇവിടെ യഹൂദസാന്നിധ്യം പ്രകടമായിരുന്നു. അടുത്ത നാളുകളിൽ ഇവിടെ കണ്ടെത്തിയ വലിയ സിനഗോഗിന്റെ അവശിഷ്ടങ്ങൾ യഹൂദർക്ക് ഈ പേഗൻ സമൂഹത്തിൽ ഉണ്ടായിരുന്ന സ്വാധീനത്തെ സൂചിപ്പിക്കുന്നു. സാർദിസിലെ ക്രൊയേസസ് രാജവംശത്തിന്റെ പൊടുന്നനെയുള്ള അധഃപതനം അഹങ്കാരത്തിന്റെയും തദ്ഫലമായുള്ള തകർച്ചയുടെയും സമ്പത്തിൽ നിലവിട്ടുള്ള വിശ്വാസത്തിന്റെയും ജാഗരൂകതയില്ലായ്മയുടെയുമെല്ലാം ഉദാഹരണമായി വിവരിക്കപ്പെട്ടിരുന്നു. പാറാവുകാരുടെ ഉദാസീനതമൂലം രണ്ടുപ്രാവശ്യമാണ് ഈ നഗരകോട്ടയെ ശത്രുക്കൾ കീഴടക്കിയടത്. പേർഷ്യൻ ചക്രവർത്തി സൈറസുമായുള്ള ആദ്യ സംഘട്ടനത്തിനുശേഷം ഇനി ആക്രമണം ഉണ്ടാകില്ലെന്നു കരുതി

രാജാവ് സൈന്യത്തിലെ വലിയൊരു ഭാഗത്തെ പിരിച്ചുവിട്ടു. ശത്രുക്കൾ കയറിവരില്ലെന്നു കരുതി പാറാവി ല്ലായിരുന്ന പാറക്കെട്ടുകളിലൂടെ ശത്രുക്കൾ നഗരം കീഴടക്കി. പിന്നീടൊരിക്കൽ ആന്തിയോക്കസും ഇതു പോലെതന്നെ നഗരം കീഴടക്കി. മാത്രമല്ല, ഭൂകമ്പങ്ങളും ഓർക്കാപ്പുറത്ത് ഇതിനെ തകർത്തു. വെളിപാടിലെ ഉണർന്നിരിക്കുവിൻ എന്ന ഉപദേശം ഇതിനെ ധ്വനിപ്പിക്കുന്നുണ്ടെന്ന് ചിലർ കരുതുന്നു. ഇവിടത്തെ മലക ളിലെ ഗുഹകളിലെ കല്ലറകൾ, അത്യാപത്തിൽ അഭയകേന്ദ്രങ്ങൾ ആയിരുന്നു.

സാർദിസിലെ സഭ ഉത്ഥിതനായ ക്രിസ്തുവിൽ നിന്നും യാതൊരു പ്രശംസ സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല, നിശിതമായ ശാസനയും വിമർശനവും ഏറ്റുവാങ്ങുന്നുണ്ട്. നാമമാത്ര ശിഷ്യരെന്നു വിളിക്കപ്പെടാ വുന്ന ഇവർ ചുറ്റുമുള്ള പേഗൻ സംസ്കാരവുമായി ഒത്തുതീർപ്പിൽ ജീവിക്കുന്നവരും പൊള്ളയായ ആചാരാ നുഷ്ഠാനങ്ങളിൽ മാത്രം മുന്നോട്ടുപോകുന്നവരുമാണ്. മൃതമായവ പുനരുജ്ജീവിപ്പിക്കാൻ ഉത്ഥിതനായ ക്രിസ്തു ആവശ്യപ്പെടുന്ന കാര്യങ്ങൾ ഇവയാണ്: സ്വീകരിച്ചതും കേട്ടതും അനുസ്മരിക്കുക, അതു കാത്തു സൂക്ഷിക്കുക, മനസ്സുതിരിയുക. മാമ്മോദീസായിൽ സ്വീകരിച്ച വിശുദ്ധികാത്തുസൂക്ഷിക്കുന്നവരും അവരുടെ യിടയിലുണ്ട്. തന്നോട് വിശ്വസ്തത പാലിക്കുന്നവരോട് യേശുവും വിശ്വസ്തനായിരിക്കും (മത്താ 10,32).

**ഫിലദെൽഫിയായിലെ സഭ (3,7-13)**

ഈ ചെറിയ പട്ടണം സാർദിസിന്റെ 60 കി.മീ. തെക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. ഇത് ബി.സി. 140ൽ പെർഗമോസിലെ രാജാവായ അറ്റാലൊ II സ്ഥാപിച്ചതാണ്. ഈ രാജാവ് തന്റെ സഹോദരനോടുള്ള വിധേയത്വവും സ്നേഹവും കാരണം ''ഫിലദെൽഫോസ് '' എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ പേരാണ് ഈ നഗരത്തിന് ലഭിച്ചത്. ഇതു സ്ഥാപിച്ചതിന്റെ ഒരു ലക്ഷ്യം ഗ്രീക്കുസംസ്കാരം ആ പ്രദേശങ്ങ ളിൽ പ്രചരിപ്പിക്കുക എന്നതായിരുന്നു. ഏഷ്യാമൈനറിന്റെ മധ്യമേഖലയിലേക്കുള്ള മാർഗത്തിൽ സ്ഥിതിചെ യ്യുന്നതിനാൽ ഇതിനെ കിഴക്കിന്റെ വാതിലായി വിശേഷിപ്പിച്ചിരുന്നു. അതുകൊണ്ടായിരിക്കാം ഈ സഭ യ്ക്കുള്ള എഴുത്തിൽ ക്രിസ്തുവിനെ പുതിയവാതിലായി അവതരിപ്പിക്കുന്നത്. എ.ഡി. 17ൽ വലിയൊരു ഭൂക മ്പത്തിൽ തകർന്നടിഞ്ഞ ഈ നഗരത്തിന് തിബേരിയൂസ് ചക്രവർത്തി സഹായഹസ്തം നീട്ടിയതിനു പ്രത്യു പകാരമായി അതിനു നെയോചെസറെയ എന്ന പേരു നല്കപ്പെട്ടു. പിന്നീടൊരിക്കൽ വെസ്പാസിയൻ ചക്ര വർത്തിയോടുള്ള വിധേയത്വം മൂലം അദ്ദേഹത്തിന്റെ കുടുംബപ്പേരായ ''ഫ്ളാവിയൻ'' എന്നാക്കി പേര്. ഇതാണ് പേരിന്റെ പ്രതീകം ഇവിടത്തെ സഭയ്ക്കുള്ള സന്ദേശത്തിൽ ഉൾപ്പെടുത്താൻ കാരണമെന്നു ചിലർ കരുതു ന്നു.

പഴയനിയമത്തിൽ ദൈവത്തിനുമാത്രം നല്കുന്ന പരിശുദ്ധനും സത്യവാനും എന്ന വിശേഷണം ഇവിടെ ക്രിസ്തുവിനു നല്കിയിരിക്കുന്നു. സ്വർഗരാജ്യത്തിലേക്കുള്ള വാതിൽ തുറക്കാൻ കഴിവുള്ള മിശി ഹായെയാണ് താക്കോൽ കൈവശമുള്ളവനിലൂടെ ഇവിടെ ചിത്രീകരിക്കുന്നത്. ഫിലദെൽഫിയായിലെ ചെറിയ സഭയെക്കുറിച്ച് നല്ലതുമാത്രമാണ് ക്രിസ്തു ഇവിടെ പറയുന്നത്. ക്രിസ്തുവിന്റെ സഭയെ പരിഹസിക്കുകയും ദ്വേഷിക്കുകയും ചെയ്യുന്ന യഹൂദസമൂഹം ക്രിസ്തുവിലേക്കു വരുമെന്ന പ്രത്യാശ ഇവിടെ നല്കുന്നുണ്ട്. സഹനങ്ങളിൽ പിടിച്ചു നില്ക്കാൻ ഞാൻ വേഗം വരുന്നുവെന്ന ആശ്വാസവചനം നല്കുന്നു. വിശ്വസ്തത പുലർത്തുന്നവർക്കുള്ള സമ്മാനം മൂന്നു പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നു: 1. ദൈവത്തിന്റെ ആലയ ത്തിലെ സ്തംഭമാക്കും; 2. ഒരിക്കലും പുറത്തുപോകുകയില്ല; 3. നാമങ്ങൾ (ദൈവത്തിന്റേത്, ദൈവനഗരത്തി ന്റേത്, പുതിയനാമം) എഴുതും.

**ലവോദിക്യായിലെ സഭ (3,14-22)**

അന്തിയോക്കസ് II രാജാവിന്റെ (ബി.സി. 260-247) ഭാര്യയുടെ പേരിലാണ് ഈ നഗരം അറിയപ്പെടു ന്നത്. ഇവിടത്തെ സഭയുടെ ആരംഭത്തെക്കുറിച്ച് അപൂർവങ്ങളായ സൂചനകളേയുള്ളൂ. പ്രധാനമായും കൊളോ സിയർക്ക് എഴുതിയ കത്തിൽ നിന്നാണ് കുറച്ചെങ്കിലും അറിയുന്നത്. (കൊളോ 1,7; 2,1; 4,12-13,15-16). ഈ സഭയുടെ സ്ഥാപകൻ പൗലോസ് അപ്പസ്തോലനാണെന്നു കരുതപ്പെടുന്നു. വാണിജ്യകേന്ദ്രമായ ലവോ ദിക്യാ വളരെ സമ്പന്നമായിരുന്നു. പരവതാനികൾ നെയ്യുന്നതിന് ഉപയോഗിക്കുന്ന കറുത്ത കമ്പിളിരോമ ത്തിനു പേരുകേട്ടതാണ് ഈ പട്ടണം. ഇവിടത്തെ സാമ്പത്തിക ഇടപാടുകേന്ദ്രങ്ങളും വൈദ്യപഠനകേന്ദ്ര ങ്ങളും നയനലേപനങ്ങളും വളരെയേറെ പ്രസിദ്ധിയാർജിച്ചതായിരുന്നു. ജലസ്രോതസ്സ് വളരെ ദൂരെയാണെ ന്നതായിരുന്നു ലവോദിക്യായുടെ പ്രധാന വൈകല്യം. ദൂരെനിന്നു കുഴലുകളിലാണ് വെള്ളം ഇവിടെ എത്തി

ച്ചിരുന്നത്. 10 കി.മീ. ദൂരെയുള്ള ഹിയരേപ്പൊളിസ് ചൂടുറവയിലെ വെള്ളം ഇവിടെയെത്തുമ്പോൾ ചൂടുറവയുടെയോ, ശീതളയരുവിയുടെയോ ഫലം ഇതിനുണ്ടായിരുന്നില്ല.

ഇതിന്റെയെല്ലാം ധ്വനികൾ എഴുത്തിലുമുണ്ട്. സമ്പന്നരെങ്കിലും ദരിദ്രരാണ്; നഗ്നരും കുരുടരുമാണ്; ഇവർ വെളുത്ത വസ്ത്രങ്ങൾ വാങ്ങിക്കണം; നയനലേപനങ്ങൾ കയറ്റുമതി ചെയ്തിരുന്ന ഇവർ യേശുവിൽ നിന്നും ലേപനങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു; ഇവർ തണുപ്പോ ചൂടോ ഉള്ളവരല്ല. എ.ഡി. 60-61ലെ ഭൂകമ്പത്തിൽ തകർന്നടിഞ്ഞ ഈ പട്ടണം വിദേശ സഹായം സ്വീകരിക്കാതെ വീണ്ടും പടുത്തുയർത്തപ്പെട്ടു. ഇതായിരിക്കാം ''ഒന്നും ആവശ്യമില്ല'' എന്ന എഴുത്തിലെ സൂചനയുടെ കാരണം.

ആമേൻ ആയ ക്രിസ്തുവാണ് സഭയെ ഇവിടെ അഭിസംബോധന ചെയ്യുന്നത്. വിശ്വസ്തനും സത്യവാനുമായ സാക്ഷിയും പുതിയസൃഷ്ടിക്ക് ആരംഭം കുറിക്കുന്നവനുമാണ് യേശു. ഭൗതികമായി എല്ലാ കാര്യങ്ങളിലും സമ്പന്നരെങ്കിലും യഥാർഥത്തിൽ പരമദരിദ്രയായ സഭയാണ് ലവോദിക്യായിലേതെന്ന് രൂക്ഷമായി ഇവിടെ വിമർശിക്കുന്നു. പിതൃസഹജമായ വാത്സല്യമാണ് ശാസനയുടെയും ശിക്ഷണത്തിന്റെയും പിറകിലുള്ളത്. ഉപേക്ഷിക്കാതെ തികികെ കൊണ്ടുവരുന്ന സ്നേഹമാണിത്. നഷ്ടപ്പെട്ടുപോയവനെ തേടി വരികയും അവന്റെ സമ്മതത്തിനായി കാത്തുനില്ക്കുകയും ചെയ്യുന്ന ദൈവത്തിന്റെ മനോഹര ചിത്രം ഇവിടെ വരച്ചുവച്ചിരിക്കുന്നു. വിജയംവരിക്കുന്നവൻ ദൈവത്തിന്റെ രാജത്വത്തിൽ പങ്കുചേരുന്നു.

# ലോഗോസ് ക്വിസ് 2016

## ലഘുപഠനം

**സംഖ്യ 11-21**

**സുഭാഷിതങ്ങൾ 10-20**

**യോഹന്നാന്റെ സുവിശേഷം 13-21**

തയ്യാറാക്കിയത്:

**റവ. ഡോ. തെരേസ നടുപ്പടവിൽ SABS**

# യോഹന്നാന്റെ സുവിശേഷം

## 13-21 അധ്യായങ്ങൾ

യോഹന്നാന്റെ സുവിശേഷത്തിന്റെ രണ്ടാംഭാഗമായ "മഹത്വത്തിന്റെ പുസ്തകം" എന്നറിയപ്പെടുന്ന ഒമ്പത് അധ്യായങ്ങളാണ് (അധ്യാ 13-21) നാമിവിടെ വിശദീകരിക്കുന്നത്. തന്റെ സഹന-മരണ-ഉത്ഥാനങ്ങളിലൂടെ യേശു 'ഉയർത്തപ്പെടുന്ന/മഹത്വപ്പെടുന്ന'തിന്റെ വിവരണമാണിത്. "പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ" എന്ന യേശുവിന്റെ പ്രാർഥനയ്ക്കുത്തരമായി' 'ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും" (12:28) എന്നു സ്വർഗത്തിൽനിന്നുണ്ടായ സ്വരം യാഥാർഥ്യമാകുന്നതിന്റെ വിവരണമാണിത്. ഈ മഹത്വീകരണം ദൈവത്തിന്റെ മഹത്വം തന്നെയെന്ന് രണ്ടാംഭാഗത്ത് ഉറപ്പിച്ചു പറയുന്നുമുണ്ട് (13:31-32; 14:13 17:1). ഇപ്രകാരം ദൈവം മഹത്വപ്പെടുന്നതിന്റെ വിവരണം നല്കുന്ന രണ്ടാംഭാഗം (അധ്യാ 13-21) 'മഹത്വത്തിന്റെ പുസ്തകം' എന്നു വിളിക്കപ്പെടുന്നത് ഉചിതമാണെന്നതിൽ തർക്കമില്ല.

**1. രണ്ടാം ഭാഗത്തിന്റെ (അധ്യാ 13-21) ഘടന**

രണ്ടാംഭാഗത്തെ 13-17 അധ്യായങ്ങളായും 18-21 അധ്യായങ്ങളായും രണ്ടു ഭാഗങ്ങളായി തരംതിരിക്കാം. 13-17 അധ്യായങ്ങൾ തന്റെ മഹത്വീകരണത്തിനു തൊട്ടുമുമ്പു നല്കുന്ന പ്രഭാഷണങ്ങളുടെ സമാഹാരമാണെങ്കിൽ യേശു 'ഉയർത്തപ്പെടുന്ന/മഹത്വപ്പെടുന്ന'തിന്റെ വിവരണമാണ് 18-21 അധ്യായങ്ങളിൽ കാണുന്നത്. ഈ രണ്ടു പ്രധാനഭാഗങ്ങളെ പല ഉപവിഭാഗങ്ങളായി വീണ്ടും തിരിക്കാവുന്നതാണ്.

13-17 അധ്യായങ്ങൾ: വിടപറയൽ പ്രഭാഷണ സമാഹാരം

| | |
|---|---|
| അധ്യാ 13 | - അന്ത്യഅത്താഴം, കാലുകഴുകൽ ശുശ്രൂഷ |
| അധ്യാ 14-16 | - യേശുവിന്റെ വാഗ്ദാനങ്ങൾ |
| അധ്യാ 17 | - പിതാവിനോടുള്ള പ്രാർഥന |

18-21 അധ്യായങ്ങൾ: യേശു ഉയർത്തപ്പെടുന്നു

| | |
|---|---|
| അധ്യാ 18-19 | - യേശുവിനെ വിധിക്കുന്നു, വധിക്കുന്നു |
| അധ്യാ 20 | - യേശു ഉയിർക്കുന്നു |
| അധ്യാ 21 | - സഭയുടെ തുടക്കം |

യേശുവിന്റെ അവസാനമൊഴികൾ എന്ന് ഈ ഭാഗത്തെ വിളിക്കുന്നവരുണ്ട്. ഉൽപ്പത്തിഗ്രന്ഥത്തിലെ 48-49 അധ്യായങ്ങളിൽ വിവരിക്കുന്ന വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും നല്കുന്ന പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ അവസാനമൊഴികളുമായി താരതമ്യം ചെയ്യുന്നവരാണ് ഇങ്ങനെയൊരു പേരു വിളിക്കുന്നത്.

**2. അധ്യായം 13:**

ആദ്യമൂന്നു സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്ന അവസാനഅത്താഴത്തിന്റെ വിവരണം (മത്താ 26:17-30; മർക്കോ 14:12-26; ലൂക്കാ 22:7-23) നാലാംസുവിശേഷത്തിൽ കാലുകഴുകൽ ശുശ്രൂഷയുടെ വിവരണമായിട്ടാണ് കാണപ്പെടുന്നത് (13:1-20). ആദ്യ പതിനൊന്നുവാക്യങ്ങളിൽ യേശു ശിഷ്യന്മാരുടെ കാലുകഴുകുന്നതിന്റെ വിവരണവും തുടർന്നു 12-20 വാക്യങ്ങളിൽ യേശു താൻ ചെയ്തതു വിശദീകരിക്കുന്നതിന്റെ വിവരണവും കാണാം. 13:10-11,18 വാക്യങ്ങളിൽ തന്നെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാസിനെക്കുറിച്ചുള്ള പരാമർശമുണ്ട്. 21 മുതലുള്ള വാക്യങ്ങളിൽ ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം നല്കുകയും ചെയ്തിട്ടുണ്ട്. "യേശു സ്നേഹിച്ചിരുന്ന ശിഷ്യനെ"ക്കുറിച്ചുള്ള ആദ്യപരാമർശമാണ് 13:23-ൽ കാണുന്നത് (തുടർന്നുള്ളവ 19:26-27; 20:1-10; 21:7, 20-24). യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കേണ്ടതിനു പുറത്തുപോയിക്കഴിഞ്ഞപ്പോൾ യേശു പറയുന്ന

“ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു...ഉടൻതന്നെ മഹത്വപ്പെടുത്തും” (13:31-32) എന്ന വചനം അവിടുത്തെ കുരിശുമരണത്തെ സൂചിപ്പിക്കുന്നു എന്നു വ്യക്തമാണ്. ‘കുരിശുമരണം’ എന്നതിന്റെ പര്യായ മെന്നപോലെ ‘മഹത്വം’ എന്ന വാക്കുപയോഗിക്കുന്നതും ആദ്യഭാഗത്തു കാണാം (7:39; 12:16).

**3. 14-16 അധ്യായങ്ങൾ**

ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ആദ്യപ്രഭാഷണം 14:1-31 വരെയുള്ളതാണ്. “നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട” എന്ന ഒന്നാം വാക്യഭാഗം 27-ാം ആവർത്തിക്കുന്നതിനാൽ പ്രഭാഷണത്തിന്റെ അവസാനമായി കണക്കാക്കാം. രണ്ടു പ്രധാന ആശയങ്ങളാണ് ഈ ഭാഗത്തുള്ളത്: യേശു പിതാവിങ്കലേക്കുള്ള വഴിയാണെന്നും (വാ 1-14) യേശു പോയിക്കഴിഞ്ഞാൽ സഹായകനായ പരിശുദ്ധാത്മാവ് വരുമെന്നും (വാ15-26). പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന ഗ്രീക്കുപദം “പറാക്ലേത്തോസ്” ആശ്വാസദായകൻ, സഹായകൻ എന്നീ അർഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത് (14:26; 15:26; 16:7 നോക്കുക). പിന്നീടുള്ള അഞ്ചു വാക്യങ്ങളിൽ (വാ 27-31) പ്രഭാഷണം സമാപിപ്പിക്കുന്നു. “എഴുന്നേൽക്കുവിൻ നമുക്ക് ഇവിടെനിന്നു പോകാം” എന്നു പറയുന്നുണ്ടെങ്കിലും അവർ അവിടെനിന്നു പോകുന്നതായി പറയുന്നത് 18:1-ലാണ്.

രണ്ടാം പ്രഭാഷണമായി രേഖപ്പെടുത്തിയിരിക്കുന്ന പതിനഞ്ചാമധ്യായത്തിലെ ആദ്യഭാഗം ഒരു രൂപകാലങ്കാരപ്രയോഗമാണ്. യേശു തന്നെത്തന്നെ മുന്തിരിച്ചെടിയായും ശിഷ്യരെ അതിന്റെ ശാഖകളായും ചിത്രീകരിച്ചിരിക്കുന്നു (വാ 1-10). ഇസ്രായേലിനെ ഒരു മുന്തിരിച്ചെടിയായി അവതരിപ്പിച്ചിരിക്കുന്ന ഭാഗങ്ങൾ പഴയ നിയമത്തിൽ കാണാം (സങ്കീ 80:8-16; ഏശ 5:1-7; ജറ 2:21). ഇവിടെ പിതാവ് കൃഷിക്കാരനും യേശു മുന്തിരിവള്ളിയുമാണ്; ശിഷ്യർ ശാഖകളും. ഈ അർഥത്തിൽ ഈ പ്രതീകം മറ്റൊരിടത്തും ഉപയോഗിച്ചിട്ടില്ല എന്നതു ശ്രദ്ധേയമാണ്. ശാഖകൾ മുന്തിരിച്ചെടിയിലെന്നപോലെ യേശുവിന്റെ സ്നേഹത്തിൽ നിലനിൽക്കുന്ന ശിഷ്യരാണ് നിലനിൽക്കുന്നതും ഫലമുളവാക്കുകയുള്ളു. പതിമൂന്നാമധ്യായത്തിലെ സ്നേഹത്തിന്റെ കല്പന (വാ 34-35) തുടർന്നുള്ള ഭാഗത്തു ആവർത്തിക്കുന്നുണ്ട്: “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം” (15:12). ആ സ്നേഹമാണ് സ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമെന്ന് യേശു തുടർന്നു പറയുന്നു (15:13). യേശുവിനെ ദ്വേഷിക്കുകയും പീഡിപ്പിക്കുകയും ചെയ്ത ലോകത്തിന്റെ ദ്വേഷവും പീഡനവും ശിഷ്യർക്കുമുണ്ടാകുമെന്നുള്ള മുന്നറിയിപ്പ് സങ്കീർത്തനം ഉദ്ധരിച്ചുകൊണ്ടാണ് നല്കുന്നത് (15:25). പതിനാറാമധ്യായത്തിലെ ആദ്യവാക്യങ്ങൾ (വാ 1-4) രണ്ടാമത്തെ പ്രഭാഷണത്തിന്റെ തുടർച്ചയായിട്ടുതന്നെ കാണാവുന്നതാണ്.

ഈ ഭാഗത്തെ മൂന്നാമത്തെ പ്രഭാഷണം 16:5-33 ആണ്. സഹായകനായ പരിശുദ്ധാത്മാവ് അവരുടെ മേൽ വരുന്ന സാഹചര്യവും ആത്മാവിന്റെ സഹായവും എന്തെന്നു വ്യക്തമാക്കുകയാണിവിടെ. പരിശുദ്ധാത്മാവിന് എല്ലാം പഠിപ്പിക്കുന്ന ഗുരുവിന്റെ ദൗത്യത്ത പ്രത്യേകം എടുത്തുപറയുന്നുണ്ട് (വാ 8-14. 14:26; 15:26-27 എന്നിവ കാണുക). യേശുവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള വാഗ്ദാനവും (വാ 16-22) യേശുവിന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും നല്കുമെന്നുള്ള വാഗ്ദാനത്തിന്റെ ആവർത്തനവും (വാ 23-24. 15:16 നോക്കുക) ഇവിടെ കാണാം. ലോകം ദ്വേഷിച്ചുവെങ്കിലും പീഡിപ്പിച്ചുവെങ്കിലും അതിനെ ജയിച്ചവനായ യേശുവിൽ സമാധാനവും ധൈര്യവും കൈവരിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് മൂന്നാമത്തെ പ്രഭാഷണം അവസാനിക്കുന്നത് (വാ 33).

**4. അധ്യായം 17: പിതാവിനോടുള്ള പ്രാർഥന**

ഈ ഭാഗം യേശുവിന്റെ പ്രബോധനങ്ങളുടെയെല്ലാം ചുരുക്കമാണെന്നു പറയാം. അതുപോലെതന്നെ യേശു പഠിപ്പിച്ച പ്രാർഥനയുടെ (മത്താ 6:9-13; ലൂക്കാ 11:2-4) വിപുലീകരണവുമാണിത്. യേശുവിന്റെ ഐക്യപ്രാർഥന എന്നറിയപ്പെടുന്ന ഈ ഭാഗത്തിന്റെ ഘടന, ആദ്യം യേശുവിലേക്കും (വാ 1-5) പിന്നീട് ശിഷ്യരിലേക്കും (വാ 6-19) അവസാനം അപ്പസ്തോലന്മാരുടെ വചനംമൂലം വിശ്വസിക്കുന്നവരിലേക്കും (വാ 20-23) ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിധത്തിലാണ്.

ഇതിൽ ആദ്യഭാഗം (വാ 1-5) യേശു പിതാവിന്റെ ഹിതം നിറവേറ്റിക്കൊണ്ട് അവിടുത്തെ മഹത്വപ്പെടുത്തുന്നതിനെക്കുറിച്ചാണ്. “പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിനു പുത്രനെ അവിടുന്നു മഹത്വപ്പെടുത്തേണമേ” (17:1) എന്ന പ്രാർഥനയുടെ വിശദീകരണമാണ് തുടർന്നുള്ള നാലു വാക്യങ്ങൾ. രണ്ടാം ഭാഗം (വാ 6-19) യേശു പിതാവിനെ ശിഷ്യർക്കു വെളിപ്പെടുത്തി എന്നാരംഭിക്കുകയും അവർ പിതാവിന്റെയും തന്റെയും സ്വന്തമാണെന്നുരുവിട്ടുകൊണ്ട് പിതാവിനോടും പുത്രനോടുമൊന്നായി അവരെ കാത്തുസൂക്ഷി

ക്കേണ്ടതിനു പ്രാർഥിക്കുന്നു. പുത്രനെ പിതാവയച്ചതുപോലെ, പുത്രനും ശിഷ്യരെ അയയ്ക്കുന്നു. മൂന്നാം ഭാഗത്ത് (വാ 20-23) അപ്പസ്തോലന്മാരുടെ വചനം മൂലം യേശുവിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടി പ്രാർഥിക്കുന്നുണ്ട്. അവരും പിതാവിനോടും പുത്രനോടുമുള്ള ഐക്യത്തിലായിരിക്കുന്നതിനുവേണ്ടി, പിതാവ് പുത്രനു നല്കിയ സ്നേഹം അവരിലും ഉണ്ടാകുന്നതിനുവേണ്ടി ഉള്ള പ്രാർഥനയോടെ ഈ ഭാഗം അവസാനിക്കുന്നു.

**5. 18-21 അധ്യായങ്ങൾ: യേശു ഉയർത്തപ്പെടുന്നു**

യേശു 'മഹത്വപ്പെടുന്നത്' ഉയർത്തപ്പെടുമ്പോഴാണ് (3:14; 8:28; 12:32, 34) എന്ന് സുവിശേഷത്തിന്റെ ആദ്യഭാഗത്തു പറയുമ്പോൾ, അതു തന്റെ കുരിശുമരണത്തെയാണ് സൂചിപ്പിക്കുന്നത് എന്നു വ്യക്തമാണ്. രാജാവിന്റെ സിംഹാസനാരോഹണത്തെ സൂചിപ്പിക്കുന്ന ഗ്രീക്കുപദമായ *ഹ്യുപ്സോ* ആണ് ഈ മേൽപ്പറഞ്ഞ നാലുവാക്യങ്ങളിലും 'ഉയർത്തപ്പെടുക' എന്നതിനുപയോഗിച്ചിരിക്കുന്നത് എന്നതിനാൽ യേശുവിന്റെ സിംഹാസനാരോഹണം കുരിശിന്മേൽ ഉയർത്തപ്പെടുമ്പോഴാണ് എന്നു മനസ്സിലാക്കാം. കൂടാതെ, ഉയിർപ്പിലേക്കും സ്വർഗാരോഹിതനായി ദൈവത്തിന്റെ വലതുഭാഗത്തേയ്ക്കും അവിടുന്ന് ഉയർത്തപ്പടുന്നതും കുരിശുമരണത്തിലൂടെ ആയതിനാൽ യേശുവിന്റെ മരണം മഹത്വീകരണമാണ് എന്നു പറയുന്നത് തികച്ചും അർഥവത്താണ്.

**6. യേശുവിന്റെ വിചാരണയും വിധിയും, വിധിനിർവഹണവും**

അവസാനഅത്താഴത്തിനുശേഷം ആദ്യത്തെ പ്രഭാഷണം അവസാനിക്കുന്നത് "എഴുന്നേൽക്കുവിൻ നമുക്ക് ഇവിടെനിന്നു പോകാം" എന്നാണെങ്കിലും മറ്റു പ്രഭാഷണങ്ങളും തുടർന്നുള്ള പ്രാർഥനയും കഴിഞ്ഞിട്ടാണ് അവർ അവിടെനിന്നു പോകുന്നത് എന്ന് പതിനെട്ടാം അധ്യായത്തിന്റെ തുടക്കത്തിലെ വാക്യത്തിൽനിന്നു നാം മനസ്സിലാക്കുന്നു. "ഇതു പറഞ്ഞശേഷം യേശു ശിഷ്യന്മാരോടുകൂടി കെദ്രോൺ അരുവിയുടെ അക്കരെയെത്തി..." (18:1). യേശുവിനെ ഒറ്റിക്കൊടുക്കുന്നതും അറസ്റ്റുചെയ്ത് ആദ്യം പ്രധാനപുരോഹിതന്റെയും പിന്നീട് പീലാത്തോസിന്റെയും മുമ്പിൽ വിസ്തരിച്ചശേഷം അവിടുത്തെ വിധിക്കുന്നതും തുടർന്നു അവനെ ക്രൂശിക്കുന്നതും മരണശേഷം അവനെ സംസ്ക്കരിക്കുന്നതുമാണ് 18-19 അധ്യായങ്ങളിൽ കാണുന്നത്.

അവസാനഅത്താഴത്തിനും ശേഷമുള്ള പ്രഭാഷണങ്ങൾക്കും ശേഷം യേശു ശിഷ്യന്മാരോടൊരുമിച്ച് പലപ്പോഴും സമ്മേളിക്കാറുണ്ടായിരുന്ന കെദ്രോൺ അരുവിക്കക്കരയുള്ള തോട്ടത്തിലെത്തി. ഇതറിയാമായിരുന്ന യൂദാസ് പുരോഹിതപ്രമുഖരോടും ഫരിസേയരോടും ആലോചിച്ചുറപ്പിച്ചപ്രകാരം ഒരുഗണം റോമൻ പടയാളികളോടും അവരുടെ അടുക്കൽനിന്നുള്ള സേവകരോടുംകൂടെ അവിടെയെത്തി. യേശുവിനെ അറസ്റ്റു ചെയ്യാനുള്ള എല്ലാ സന്നാഹങ്ങളോടുംകൂടിയാണ് ആ രാത്രിയിൽ അവർ വന്നിരുന്നത്. സമാന്തരസുവിശേഷങ്ങളിൽനിന്നു വ്യത്യസ്തമായി കാണുന്ന ഒരു കാര്യം യൂദാസ് യേശുവിനെ ചുംബിക്കുന്നതും അതോടനുബന്ധിച്ചുള്ള സംഭാഷണവും ഇവിടെയില്ലെന്നതാണ്. യോഹന്നാന്റെ വിവരണത്തിൽ വാൾ ഊരി പ്രധാനപുരോഹിതന്റെ ഭൃത്യനെ വെട്ടുന്നത് ശിഷ്യപ്രമുഖനായ പത്രോസാണ്. മറ്റു സുവിശേഷങ്ങളിൽ യേശുവിനോടുകൂടെ ഉണ്ടായിരുന്നവരിലൊരാൾ എന്നുമാത്രമേ പറയുന്നുള്ളു (മത്താ 26:51; മർക്കോ 14:47; ലൂക്കാ 22:50).

പ്രധാനപുരോഹിതനായ കയ്യാഫാസിന്റെ മുമ്പിലും പീലാത്തോസിന്റെ മുമ്പിലും വച്ചാണ് യേശുവിനെ വിചാരണ ചെയ്യുന്നത്. എങ്കിലും അവർ ആദ്യം കയ്യാഫാസിന്റെ അമ്മയിയപ്പനായ അന്നാസിന്റെ അടുക്കൽ കൊണ്ടുപോകുന്നുണ്ട് (18:12-14). അന്നാസ് പ്രധാനപുരോഹിതനല്ലെങ്കിലും ആ പദവിയിൽത്തന്നെയാണെന്നു വിചാരണ ചെയ്യുന്നതെന്ന് 19-23 വാക്യങ്ങളിൽ കാണാം.

യേശു തന്റെ നിരപരാധിത്വം തെളിയിക്കുമ്പോൾ പത്രോസ് അവിടത്തെ നിഷേധിക്കുന്നു എന്നത് വിവരണത്തിന്റെ സന്ദേശാവതരണശൈലി വളരെ മൂർച്ചയേറിയതാക്കി മാറ്റുന്നു. വാളുകൊണ്ട് യേശുവിനെ സംരക്ഷിക്കാൻ ശ്രമിച്ച പത്രോസാണ് യേശുവിനെ നിഷേധിക്കുന്നത് എന്നത് ഒരു വൈരുധ്യ സൂചനയിലൂടെയുള്ള സന്ദേശം നല്കലാണ്. പത്രോസിനെ യേശുവിന്റെ ശിഷ്യനായി തിരിച്ചറിയുന്നവർ മൂന്നുപേരാണ്. പരിചാരിക (18:17), 'അവർ' (18:25), പത്രോസ് ചെവി വിഛേദിച്ചവന്റെ ചാർച്ചക്കാരനായ ഒരുവൻ - പ്രധാന പുരോഹിതന്റെ ഭൃത്യൻ (18:26). മൂന്നാമത്തേത് മേൽ സൂചിപ്പിച്ച വൈരുധ്യം ആഴപ്പെടുത്തുന്നു.

പീലാത്തോസിന്റെ മുമ്പിലെ വിചാരണയുടെ രംഗം വളരെ സാഹിത്യ വൈഭവത്തോടെയാണ് സുവിശേഷകൻ വിവരിക്കുന്നത്. അകത്തും പുറത്തുമായി നടക്കുന്ന വിചാരണയുടെ കേന്ദ്രഭാഗത്ത് എല്ലാവരും – യഹൂദരും യേശുവും, പീലാത്തോസും – ഒന്നിച്ചുവരുന്ന രംഗമുണ്ട്. വിചാരണ ചെയ്യപ്പെടുന്ന യേശു നിശബ്ദനല്ല. മറിച്ച് വളരെ വാചാലതയോടും സാമർഥ്യത്തോടുംകൂടെ തനിക്കെതിരേ ഉയരുന്ന ആരോപണങ്ങൾക്ക് മറുപടി നല്കുന്നവനാണ്. സത്യത്തിൽ പീലാത്തോസാണ് വിചാരണ ചെയ്യപ്പെടുന്നത്, യേശു വിചാരണ ചെയ്യുന്നവനാണ്. സുവിശേഷകൻ മൂന്നാം അധ്യായം മുതൽ വിശദീകരിച്ചിട്ടുള്ള 'വിധി'യുടെ അർഥം ഈ അന്തിമരംഗത്തോടെ പൂർണതയിലെത്തുന്നു. പീലാത്തോസ് ന്യായപീഠത്തിൽ ഇരുന്ന് വിധി പ്രസ്താവിക്കുമ്പോൾ വിധിക്കുന്നു എന്നു ചിന്തിക്കുന്ന പീലാത്തോസും അദ്ദേഹത്തിന്റെ കൂടെയുള്ള യഹൂദരുമാണ് യഥാർഥത്തിൽ വിധിക്കപ്പെടുന്നത് എന്ന സന്ദേശമാണ് സുവിശേഷകൻ നല്കുന്നത്.

### 7. യേശുവിന്റെ മരണവും സംസ്കാരവും

സമവീക്ഷണസുവിശേഷകരിൽനിന്ന് വ്യത്യസ്തമായിട്ടാണ് നാലാം സുവിശേഷകൻ യേശുവിന്റെ മരണവും സംസ്കാരവും വിവരിക്കുന്നത്. ശീർഷകം, വസ്ത്രത്തിനായി നറുക്കിടൽ, അമ്മയോടും പ്രിയശിഷ്യനോടുമുള്ള വാക്കുകൾ, അന്ത്യനിമിഷങ്ങളുടെ വിവരണം, പാർശ്വം പിളർക്കൽ എന്നിവയുടെ വിവരണം യോഹന്നാന്റെ സവിശേഷതകളാണ്. പാരമ്പര്യങ്ങൾ പുനർവ്യാഖ്യാനിച്ച് തന്റെ ദൈവശാസ്ത്രം അവതരിപ്പിക്കാനുള്ള ശ്രമമാണ് സുവിശേഷകൻ നടത്തുന്നത്. യേശുവിന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ മറിയത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു (2:1-12). യേശുവിന്റെ പ്രവർത്തനത്തിന്റെ അന്ത്യനിമിഷത്തിലും മറിയത്തിന്റെ സാന്നിധ്യമുണ്ട് (19:25-27). പ്രവർത്തനവേളയിൽ ഒരിക്കലും മറിയം പ്രത്യക്ഷപ്പെടുന്നുമില്ല.

യേശു 'സ്വയം കുരിശു' ചുമന്നു. ക്രൂശിക്കപ്പെടാൻ വിധിക്കപ്പെടുന്നയാൾ തന്റെ കുരിശും വഹിച്ചു നിശ്ചയിക്കപ്പെട്ട സ്ഥലത്തേക്ക് പോകുക സാധാരണയായിരുന്നു. യേശുവിനെ ക്രൂശിക്കുന്ന കാര്യം എല്ലാ സുവിശേഷകരും സംക്ഷിപ്തമായി, ഏറ്റം ചുരുങ്ങിയ വാക്കുകളിൽ, ആണ് വിവരിക്കുന്നത്. ശീർഷകം 'കുരിശിന് മുകളിൽ' വച്ചു എന്നാണ് എഴുതിയിരിക്കുന്നത്. ശീർഷകത്തിന്റെ ഉള്ളടക്കം സമവീക്ഷണ സുവിശേഷങ്ങളിൽ ഏകദേശം ഒരുപോലെയാണ്: 'യഹൂദരുടെ രാജാവ്' എന്നത് നാലു സുവിശേഷകർക്കും പൊതുവായുള്ളതാണ്. യോഹന്നാന്റെ പാരമ്പര്യത്തിലുള്ള പ്രത്യേക കാര്യം, 'നസറായനായ യേശു' എന്നതാണ്. മൂന്നു ഭാഷകളിൽ – ഹീബ്രു, ഗ്രീക്ക്, ലത്തീൻ – അതെഴുതിയിരുന്നു എന്നും യോഹന്നാൻ പറയുന്നു. ഹീബ്രു രാഷ്ട്രഭാഷയും, ഗ്രീക്ക് അലക്സാണ്ടറുടെ ആക്രമണകാലം മുതൽ പലസ്തീനായിൽ ഉപയോഗിക്കപ്പെട്ട ഭാഷയും, ലത്തീൻ റോമൻ ആധിപത്യത്തിലൂടെ അവർ ഉപയോഗിക്കാൻ നിർബന്ധിതരായ ഭാഷയുമാണ്.

വസ്ത്രങ്ങൾ നറുക്കിട്ടെടുക്കുന്ന കാര്യം നാലുസുവിശേഷകരും രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ യോഹന്നാൻ ഇവിടേയും രണ്ടു സവിശേഷതകൾ കാണിക്കുന്നു.1. നാലായിട്ടാണ് വസ്ത്രങ്ങൾ വിഭജിച്ചത്. 2. തുന്നലില്ലാതെ മുകൾ മുതൽ അടിവരെ നെയ്തുണ്ടാക്കിയ വസ്ത്രത്തിനായി നറുക്കിടുന്നു. വസ്ത്രം വിഭജിക്കലിന്റെ പിന്നിലെ പ്രധാന കാര്യം വിശുദ്ധലിഖിതത്തിന്റെ പൂർത്തീകരണമാണ്. സങ്കീ 22:18 ആണ് പഴയനിയമവാക്യം. യോഹന്നാൻ ഈ വാക്യം ഉദ്ധരിക്കുന്നുണ്ട്.

കുരിശിനരികെ നിന്നിരുന്ന സ്ത്രീകൾ, സമവീക്ഷണസുവിശേഷകർ പറയുന്നവർ തന്നെയാണോ എന്നു തീർത്തും തീരുമാനിക്കുക അസാധ്യമാണ്. സ്വന്തം അമ്മയോടും പ്രിയശിഷ്യനോടുമുള്ള വാക്കുകൾ യോഹന്നാന്റെ പ്രത്യേക പാരമ്പര്യമാണ്. തന്റെ അമ്മയെ 'സ്ത്രീയേ' എന്നാണ് യേശു അഭിസംബോധന ചെയ്യുന്നത്. മറിയം ഇവിടെ പുതിയ സമൂഹത്തിന്റെ അമ്മയും പ്രതിനിധിയുമാണ്. യേശുവിന്റെ പ്രിയ ശിഷ്യനാകട്ടെ, യേശുവിൽ വിശ്വസിക്കുന്നവരുടെയെല്ലാം പ്രതിനിധിയാണ്. മറിയത്തിന്റെ സഹനത്തോടൊപ്പം ഇവിടെ പ്രാധാന്യമർഹിക്കുന്ന വിഷയം, മറിയം പുതിയ സമൂഹത്തെ പ്രസവിക്കാനായി വേദനയനുഭവിക്കുന്നു എന്നതാണ്. യേശുവിന്റെ പ്രവർത്തനത്തിന്റെ ആരംഭത്തിലും അവസാനത്തിലും 'സ്ത്രീയേ' എന്ന അഭിസംബോധന ചെയ്യപ്പെടുന്ന മറിയത്തിന്റെ സാന്നിധ്യം രക്ഷയുടെ അമ്മയും പ്രതീകവുമായ സീയോൺ ആകുന്നു. മറിയം സഹരക്ഷകയാണെന്ന സന്ദേശവും 2:4ഉം 19:27ഉം ഒന്നിച്ചു വ്യാഖ്യാനിക്കുമ്പോൾ വ്യക്തമാകുന്നു.

രണ്ടു ചരിത്രവ്യക്തികളെ ചരിത്രപരമായി അസ്തിത്വത്തിന് അതീതമായ - പ്രതീകാത്മകമായ - അർഥം നല്കി അവതരിപ്പിക്കുകയാണ് യോഹന്നാൻ ചെയ്യുന്നത്.

'എല്ലാം പൂർത്തിയായി' എന്ന് അവിടന്നു പറഞ്ഞു. കുത്തിത്തുറക്കപ്പെട്ട പാർശ്വത്തിൽനിന്ന് 'രക്തം' പുറപ്പെട്ടു. പിതാവ് ഏല്പിച്ച ദൗത്യം യേശു പൂർണമായി നിറവേറ്റിയപ്പോൾ എല്ലാം പൂർത്തിയായി. അവസാനത്തുള്ളി രക്തം പോലും യേശു മറ്റുള്ളവർക്കുവേണ്ടി ഒഴുക്കുന്നു. കുത്തിത്തുറക്കപ്പെട്ട പാർശ്വത്തിൽനിന്ന് വെള്ളം പുറപ്പെട്ടു. മരണത്തിലൂടെ യേശു ആത്മാവിനെ നല്കുന്നു. ആത്മാവിന്റെ പ്രതീകമായ ജലം പാർശ്വത്തിൽനിന്ന് ഒഴുകുന്നു (യോഹ 7:37-39). ക്രിസ്തുവിന്റെ പ്രവർത്തനം പൂർത്തീകരിക്കപ്പെടുമ്പോൾ ആത്മാവിന്റെ പ്രവർത്തനം ആരംഭിക്കുന്നു. യേശു ഈ ലോകത്തിൽനിന്നു മഹത്ത്വത്തിലേക്ക് പ്രവേശിച്ചു എന്നതിന്റെ പ്രതീകവുമാണത്.

ഒരു രാജാവിന് യോജിച്ച സംസ്കാരമാണ് യേശുവിന് ലഭിക്കുന്നത്. അതിനാലാണ് സുഗന്ധദ്രവ്യങ്ങൾ സമൃദ്ധമായി ഉപയോഗിച്ചതും. അതിന്റെ അളവുപോലും സൂചിപ്പിച്ചുകൊണ്ടാണ് സുവിശേഷകൻ വിവരിക്കുന്നതും. ഒരു പുതിയ കല്ലറയിലാണ് യേശുവിനെ സംസ്കരിക്കുന്നതും. അരിമത്തേയൻ ജോസഫ് മറ്റു സുവിശേഷങ്ങളിലുമുണ്ട്. പക്ഷേ, നിക്കോദേമോസ് 3-ാം അധ്യായത്തിൽ-യേശുവിന്റെ അടുക്കൽ വന്നവൻ - യേശുവിന്റെ സംസ്കാരവേളയിൽ സ്ഥലത്തെത്തി എന്ന വിവരം യോഹന്നാന്റെ സവിശേഷതയാണ്. സമവീക്ഷണസുവിശേഷങ്ങളിൽ യേശുവിന്റെ മരണത്തോടൊപ്പം നടക്കുന്ന സംഭവങ്ങൾ - ഭൂകമ്പം, അന്ധകാരം, മുതലായവയും ശതാധിപന്റെ പ്രഖ്യാപനം, ദേവാലയതിരശ്ശീല കീറുന്നത് തുടങ്ങിയവയും മരിക്കുന്ന യേശുവിലൂടെ പ്രത്യക്ഷനാകുന്ന ദൈവത്തിന്റെ സാന്നിധ്യം സൂചിപ്പിക്കുന്നു. യോഹന്നാൻ ഇതേ സന്ദേശമാണ് യേശു മരിച്ചശേഷം പാർശ്വം പിളർക്കപ്പെട്ടതും സംസ്കാരത്തിൽ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നതും അരിമത്തേയക്കാരൻ ജോസഫും നിക്കോദേമോസും യേശുവിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നതും വിവരിക്കുന്നതിലൂടെ നല്കുന്നത്. അങ്ങനെ മനുഷ്യപുത്രൻ ഉയർത്തപ്പെട്ടപ്പോൾ എല്ലാവരെയും തന്നിലേക്ക് ആകർഷിച്ചു (12:32).

**8. അധ്യായം 20: യേശു ഉയിർക്കുന്നു**

ഉത്ഥാനത്തിന്റെ വിവരണം, ശൂന്യമായ കല്ലറയുടെയും ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകളുടെയും വിവരണമാണ്. പത്രോസ്, പ്രിയശിഷ്യൻ, മറിയം മഗ്ദലേന, മറ്റു ശിഷ്യന്മാർ, പ്രത്യേകിച്ച് തോമസ് എന്നിവരാണ് വിവരിക്കപ്പെടുന്ന പ്രധാന വ്യക്തികൾ. മഗ്ദലേന മറിയമാണ് ശൂന്യമായ കല്ലറ ആദ്യം കാണുന്നത്. അവളിൽനിന്ന് വിവരമറിയുന്ന രണ്ടുശിഷ്യന്മാർ - പത്രോസും മറ്റേ ശിഷ്യനും - കല്ലറയുടെ അടുത്തേക്ക് ഓടുന്നു. അതേത്തുടർന്ന്, ഉത്ഥിതനായ യേശു മഗ്ദലേന മറിയത്തിന് പ്രത്യക്ഷപ്പെടുന്നു. അതിനുശേഷം തോമസിനൊഴികെ മറ്റുശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു. അവസാനം തോമസിനും മറ്റു ശിഷ്യന്മാർക്കും പ്രത്യക്ഷപ്പെടുന്നു. തോമസിന്റെ വിശ്വാസപ്രഖ്യാപനത്തോടെ വിവരണം അവസാനിക്കുന്നു.

ശൂന്യമായ കല്ലറയിൽ യേശുവിന്റെ കച്ചയും തലയിൽകെട്ടിയിരുന്ന തൂവാലയും (കച്ചയിൽനിന്ന് വേർപെട്ട്) കിടക്കുന്നുണ്ട്. ലാസർ ഉയിർപ്പിക്കപ്പെട്ടപ്പോൾ ബന്ധിതനായിട്ടാണ് കല്ലറയിൽനിന്ന് പുറത്തുവന്നത്. ലാസർ വീണ്ടും മരിക്കേണ്ടവനായിരുന്നു. എന്നാൽ യേശുവിന്റെ ഉത്ഥാനം നിർണായകമാണ്. അതിനാൽ പൂർണസ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് അവിടെ കിടക്കുന്ന കച്ചയും തൂവാലയും.

യേശുവിനെ കണ്ടിട്ടും മറിയം തിരിച്ചറിയുന്നില്ല. 'മറിയം' എന്ന് പേർ വിളിച്ചപ്പോൾ അവൾക്ക് യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞു. വ്യക്തിപരമായ ബന്ധമാണ് പേര് ചൊല്ലി വിളിക്കുന്നതിലൂടെ വ്യക്തമാകുന്നത്. അവൾ യേശുവിനെ 'ഗുരോ' എന്നു വിളിക്കുന്നു ('റബ്ബോനി' - അരമായഭാഷയിലുള്ള പ്രയോഗമാണ്. 'എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും . . . ' എന്നു പറയുമ്പോൾ പുതിയ സമൂഹത്തിന്റെ ചിത്രമാണ് തെളിയുന്നത്. യേശുവിലൂടെ ദൈവം വിശ്വാസികളുടെ എല്ലാവരുടെയും പിതാവായിരിക്കുന്നു. പിതാവും പുത്രനും വിശ്വാസികളും ചേർന്ന് ഒരു പുതിയ സമൂഹം രൂപമെടുത്തിരിക്കുന്നു. ഇതായിരുന്നു യേശുവിന്റെ പ്രവർത്തനത്തിന്റെ ലക്ഷ്യം.

ഇതേത്തുടർന്ന് യേശു ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു. പത്തു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുമ്പോൾ 'നിങ്ങൾക്ക് സമാധാനം' എന്നാണ് യേശു ആശംസിക്കുന്നത്. അതിനുശേഷം ശിഷ്യന്മാരെ ദൗത്യം ഏല്പിക്കുകയും ആത്മാവിനെ നല്കുകയും ചെയ്യുന്നു. 'പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു'. യേശുവിന്റെ അതേ ദൗത്യമാണ് ശിഷ്യൻ തുടരേണ്ടത്. ദൗത്യനിർവഹണത്തിന്റെ ശക്തിയാണ് പരിശുദ്ധാത്മാവ്.

തോമസ് ഉത്ഥിതനായ യേശുവിനെക്കുറിച്ച് കേൾക്കുമ്പോൾ കാണാതെ വിശ്വസിക്കില്ല എന്ന് ശാഠ്യം പിടിക്കുന്നു. തോമസിനെ തന്റെ സുവിശേഷത്തിലെ വിശ്വാസപ്രഖ്യാപനത്തിന്റെ മാതൃകയായി കാണുന്ന സുവിശേഷകൻ ഇതിനുമുൻപ് അദ്ദേഹത്തെ പരിചയപ്പെടുത്തി. ലാസറിന്റെ ഉത്ഥാനത്തിനുമുൻപ് തോമസാണ്, 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്നു പറയുന്നത് (11:16). അതുപോലെ, അന്തിമപ്രഭാഷണ വേളയിൽ, 'യേശു എങ്ങോട്ടു പോകുന്നു എന്നറിയില്ലെന്നും, അതിനാൽ വഴിയറിയില്ലെന്നു പറയുന്നത്' തോമസാണ് (14:5). ഇപ്പോൾ തോമസ് എല്ലാ ശിഷ്യരുടേയും മാതൃകയായി അവതരിക്കപ്പെടുന്നു. തോമസ്, കാണാതെ വിശ്വസിക്കുന്നവരുടെ പ്രതീകമാണ്. യേശു പ്രത്യക്ഷപ്പെട്ടപ്പോൾ പത്തുപേരോടുകൂടെ ഇല്ലായിരുന്നതിനാൽ, അവൻ കാണാതെ വിശ്വസിച്ചവനാണ്. 12 പേരിൽ ഒരുവൻ എന്ന നിലയിൽ കണ്ടു വിശ്വസിച്ചവരുടെ പ്രതിനിധിയുമാണ് തോമസ്. യേശുവിനെ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്നുവിളിക്കുന്നു. യേശു പറയുന്ന വാക്കുകൾ എല്ലാ വിശ്വാസികളെയും ഉദ്ദേശിച്ചാണ്. അപ്പസ്തോലരിലൂടെ വിശ്വസിക്കുന്നവരെല്ലാം കാണാതെ വിശ്വസിക്കുന്നവരാണ്. സുവിശേഷത്തിന്റെ അവസാനവാക്യം സുവിശേഷം വായിക്കുന്ന ഒരു വിശ്വാസിക്കു ചേരുന്ന വിശേഷണമാണ്. വിശ്വാസത്തിലേക്ക് നയിക്കുകയും വിശ്വസിച്ചുകൊണ്ടിരിക്കാൻ സഹായിക്കുകയുമാണല്ലോ സുവിശേഷരചനയുടെ ലക്ഷ്യം.

**9. അധ്യായം 21: സഭയുടെ തുടക്കം**

അത്ഭുതകരമായ മീൻപിടുത്തത്തിന്റെ പശ്ചാത്തലത്തിലാണ് ഉത്ഥിതനായ യേശു ശിഷ്യർക്ക് സ്വയം വെളിപ്പെടുത്തുന്നത്. വിവരണം ആരംഭിക്കുന്നതും അവസാനിക്കുന്നതും 'പ്രത്യക്ഷനാക്കുക' എന്ന ക്രിയയിലാണ് (21:1-14). അത് വിഷയാവതരണം കൂടിയാണ്. 'പ്രത്യക്ഷനാകുക' (ഗ്രീക്ക്: ഫനെരൂണ്), അന്ധകാരത്തിൽനിന്നു വെളിച്ചത്തിലേക്ക് വരുക എന്നതാണ് അർഥമാക്കുന്നത്.

രാത്രി മുഴുവൻ പ്രയത്നിച്ചിട്ടും ഒന്നും ലഭിക്കാതിരുന്ന ശിഷ്യന്മാരോട് യേശു വലയിറക്കാൻ കല്പിക്കുമ്പോൾ അത്ഭുതകരമായി വലനിറയെ മത്സ്യങ്ങളാണ്. പത്രോസിനെ പിന്നീട് ഏല്പിക്കാനിരിക്കുന്ന ദൗത്യത്തിന്റെ പ്രതീകാത്മകമായ അവതരണമാണിത്. കൃത്യം എണ്ണം കൊടുക്കാനുള്ള കാരണം വിവരണത്തിന്റെ വിശ്വാസ്യത തെളിയിക്കാനായിരുന്നിരിക്കാം. പ്രതീകാത്മകമായി സാർവലൗകികതയും സർവ്വാശ്ലേഷകതയും പുതിയ ദൗത്യത്തിന്റെ ഭാഗമാണെന്ന് വ്യക്തമാക്കാനും ആയിരിക്കാം ഈ എണ്ണം.

യേശുവിനെ തിരിച്ചറിയുകയാണ് വിവരണത്തിന്റെ കാതൽ. വളരെ സാവധാനം, പടിപടിയായിട്ട്, ഈ തിരിച്ചറിയൽ നടക്കുന്നു. യേശു അവരോടൊപ്പം ഭക്ഷിക്കുമ്പോൾ ആ തിരിച്ചറിയൽ പൂർണമാവുകയാണ്. അവരോടൊപ്പം ജീവിച്ചിരുന്ന യേശു തന്നെയാണ് പ്രത്യക്ഷപ്പെട്ടിരിക്കുന്നത് എന്നു തെളിയിക്കപ്പെടുകയാണ്. അതേസമയം 'ഇതു കർത്താവാണ്' എന്ന് യേശുവിനെ തിരിച്ചറിയുന്ന പ്രിയശിഷ്യൻ പറയുകയും ചെയ്യുന്നു. 'കർത്താവ്' ഉത്ഥിതനായ, പിതാവിൽനിന്ന് എല്ലാ അധികാരവും സ്വീകരിച്ച സ്വർഗഭൂമികളുടെ മേൽ അധികാരമുള്ളവനായി അവരോധിക്കപ്പെട്ട നാഥനാണ്.

ഈ പ്രത്യക്ഷപ്പെടലിന്റെ രണ്ടാം ഭാഗമാണ് 21:15-23. ഉത്ഥിതൻ തന്റെ ശിഷ്യർക്ക് സ്വയം വെളിപ്പെടുത്തിയശേഷം ദൗത്യം ഏല്പിക്കുന്നു. അതാണ് പത്രോസുമായുള്ള സംഭാഷണത്തിൽ നടക്കുന്നത്. പത്രോസിൽനിന്ന് മൂന്നു പ്രാവശ്യം സ്നേഹപ്രഖ്യാപനം ആവശ്യപ്പെടുന്നു. സമൂഹത്തെ നയിക്കാനും സുവിശഷം പ്രസംഗിക്കാനുമുള്ള ദൗത്യമാണ് പത്രോസിനു ലഭിക്കുന്നത്. പത്രോസിന്റെ മരണത്തെക്കുറിച്ചുള്ള പ്രവചനവും ഈ ദൗത്യമേല്പിക്കലിന്റെ ഭാഗമാണ്. 'എന്നെ അനുഗമിക്കുക' എന്നാണ് പത്രോസിനോട് അവ

സാനം പറഞ്ഞത്. ശിഷ്യത്വത്തിനുള്ള  ക്ഷണമാണത്. യേശുവിനെ അനുഗമിച്ചതോടെയാണല്ലോ ശിഷ്യത്വം ആരംഭിച്ചത് (1:37). ആ രീതിയിൽതന്നെ സുവിശേഷം അവസാനിക്കുകയാണ്.

പ്രിയശിഷ്യനെക്കുറിച്ച് പത്രോസ് ചോദിക്കുമ്പോൾ ''ഞാൻ വരുന്നതുവരെ ഇവൻ  ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ . . .'' എന്നാണ് യേശു പറയുന്നത്. 'ഞാൻ വരുന്നതുവരെ' – യേശുവിന്റെ രണ്ടാം വരവാണ് സൂചിപ്പിക്കുന്നത്. യേശു ഉടൻതന്നെ വീണ്ടും വരുമെന്ന പ്രതീക്ഷ ഈ വാക്യത്തിന്റെ പിന്നിലുണ്ടായിരിക്കാം. വീണ്ടും പത്രോസിനോട് പറയുന്നത്, 'നീ എന്നെ അനുഗമിക്കുക' എന്നാണ്. ശിഷ്യത്വം ഏറ്റെടുക്കുന്നയാൾ മറ്റുള്ളവരുടെ കാര്യത്തിൽ ആകുലപ്പെടരുത്. അത് യേശു നോക്കിക്കൊള്ളും.

**10. ഉപസംഹാരം: 21:24–25**

പ്രിയശിഷ്യൻ തന്നെയാണ് ഈ കാര്യങ്ങൾ എഴുതിയതും അവയ്ക്ക് സാക്ഷ്യം നല്കിയതും. അവന്റെ സാക്ഷ്യം സത്യമാണ് എന്നുപറയുമ്പോൾ, ദൃക്സാക്ഷ്യമാണ് പിന്നിലുള്ളതെന്നും, അവൻ പറയുന്നത് സത്യമായ യേശുവിനെക്കുറിച്ചാണെന്നും യേശുവിന്റെ സാക്ഷ്യം തന്നെ സത്യമാണെന്നും അർഥമാക്കുന്നു. സുവിശേഷകൻ അവസാനിപ്പിക്കുന്നത് യേശുവാകുന്ന നിധിയുടെ കല്പിക്കാനാവാത്ത വിലയെ സൂചിപ്പിച്ചുകൊണ്ടാണ്. ഗ്രന്ഥങ്ങളിൽ ഒതുങ്ങിനില്ക്കുന്നവനല്ല യേശു. യേശുവിനെക്കുറിച്ച് എന്നും എക്കാലവും ഉത്തരം കിട്ടാത്ത ഒരു ചോദ്യമുണ്ടാകും എന്ന് സാരം, കാരണം, യേശുവിൽ എല്ലാനിധികളും ഒളിഞ്ഞുകിടക്കുന്നു.